Valarunna Viswasam
(The Growing Faith)
Malayalam Language

Editor
**Joseph Pamplany**

First Published on Feb 10, 2008
(The Feast of Our Lady of Lourdes)
Second Print August 4, 2009
(Feast of St. John Maria Viany)
Third Print Ist November 2011
(All Saints Day)
by Alpha Institute of Theology and Science, Tellicherry

**For Copies**
Director,
Alpha Institute of Theology and Science,
Sandesa Bhavan, Tellicherry - 670 101
Ph: 0490-2344727
email: alphits@gmail.com
www.archdioceseoftellicherry.org

Cover, Typesetting & Printing:
Vimala Offset Press, Thalassery
Ph: 0490 - 2325518

**Copyright**
All rights reserved. No part of this publication may be
reproduced, stored in or introduced into a retrieval system,
or transmitted, in any form, means, electronic, mechanical,
photocopying, recording or otherwise without the prior written
permission of the publisher.

# ഭാഗം I
# ദൈവവചനം

**വെളിപാടിന്റെ പൂർണ്ണത മനുഷ്യാവതാരം ചെയ്ത ക്രിസ്തുവാണ്. ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവാവിഷ്കാരത്തിന്റെ ലിഖിതരൂപമാണ് സുവിശേഷങ്ങൾ. പഴയ നിയമത്തിലെ നിയമഗ്രന്ഥങ്ങളും പ്രവാചകഗ്രന്ഥങ്ങളും ക്രിസ്തുവിലൂടെയുള്ള ദൈവാവിഷ്കാരത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. ഈ പാഠഭാഗം സുവിശേഷങ്ങളെയും പ്രവാചകഗ്രന്ഥങ്ങളെയും കുറിച്ചുള്ള അടിസ്ഥാന വിവരണങ്ങൾ ഉൾക്കൊള്ളുന്നു.**

**പാഠരചന**

**റവ. ഡോ. ജോസഫ് പാംപ്ലാനി**
**റവ. ഡോ. ആന്റണി തറേക്കടവിൽ**
**റവ. ഡോ. സി. ടെസ്സി. എസ്. എച്ച്**

വിന്റെ ആഗമനത്തോടെ സംഭവിച്ചു (മത്താ11:5; ലൂക്കാ 4:18). സുവിശേഷം പ്രഘോഷിക്കുന്ന യേശു തന്നെയാണ് സുവിശേഷം. സുവിശേഷപ്രഘോഷകനും പ്രഘോഷണ വിഷയവും ഒന്നായിത്തീർന്ന അപൂർവ്വ പ്രതിഭാസമാണ് യേശുവിൽ ദർശിക്കുന്നത്.

യേശുവിനെ കുറിച്ചുള്ള സാക്ഷ്യമായിട്ടാണ് പൗലോസ് സുവിശേഷത്തെ കാണുന്നത് (റോമ 1:3). സദ്വാർത്ത വഹിക്കുന്നവനാണ് സുവിശേഷകൻ (2 തിമോ 4:5). യേശുവിന്റെ ഉത്ഥാനത്തിനുള്ള വിശ്വാസത്തിന്റെ പ്രഖ്യാപനത്തെയും (റോമ 6:3; 1 കോറി 15:3-5f കൊളോ 2:12) സുവിശേഷം എന്നാണ് പൗലോസ് വിശേഷിപ്പിക്കുന്നത്. യേശുവിലൂടെ കൈവന്ന രക്ഷയെക്കുറിച്ച് മനുഷ്യരോട് പ്രഘോഷിക്കുന്നതും സുവിശേഷമാണ് (1 കോറി 9:14; ഫിലി 1:5;2:22). താൻ പ്രസംഗിച്ചതിൽ  നിന്ന് വ്യത്യസ്ത സുവിശേഷം പ്രസംഗിക്കുന്ന വ്യാജ പ്രബോധകരെ പൗലോസ് അപലപിക്കുന്നുണ്ട് (2 കോറി 11:4; ഗലാ1:1-11;1 തിമോ 4; 2 തിമോ 2:17f). പൗലോസിന്റെ ലേഖനങ്ങളിൽ സുവിശേഷം എന്ന പദം വ്യത്യസ്തമായ അർത്ഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട് എന്നാണ് ഈ വിവരണങ്ങൾ വ്യക്തമാക്കുന്നത്.

എന്നാൽ, ആദിമസഭയിൽ തന്നെ യേശുവിന്റെ രക്ഷാകരസംഭവത്തിന്റെ ലിഖിതരൂപങ്ങളെ "സുവിശേഷം" എന്ന് വിളിച്ചുതുടങ്ങിയിരുന്നു (Didache 15:3f; 2 Clement 8:5). സുവിശേഷങ്ങൾ എന്ന ബഹുവചനരൂപം ആദ്യമായി ഉപയോഗിക്കുന്നത് രക്തസാക്ഷിയായ ജസ്റ്റിനാണ് (Apol. 66:3). സുവിശേഷങ്ങൾ യേശുവിന്റെ ജീവചരിത്ര വിവരണങ്ങളല്ല. ഓരോ സുവിശേഷകനും തന്റെതായ വീക്ഷണത്തിലൂടെ ക്രിസ്തു സംഭവം അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. അപ്പസ്തോലരുടെ കാലത്ത് സുവിശേഷ ഗ്രന്ഥങ്ങളുടെ ആവശ്യമില്ലായിരുന്നു. കാരണം, അവർ ക്രിസ്തുസംഭവത്തിന് സജ്ജീവ സാക്ഷികളായിരുന്നു. എന്നാൽ, അപ്പസ്തോലന്മാരുടെ കാലശേഷം പിൻതലമുറകൾക്കായി ക്രിസ്തുസംഭവം എഴുതിസൂക്ഷിക്കേണ്ടത് ഒരാവശ്യമായി മാറി. സഭ ലോകത്തെങ്ങും വ്യാപിച്ചു തുടങ്ങിയതു ലിഖിതരൂപത്തിലുള്ള സുവിശേഷങ്ങളുടെ ആവശ്യകത വർദ്ധിപ്പിച്ചു. ഇത്തരം ഒരു ലക്ഷ്യത്തോടെയാണ് താൻ സുവിശേഷമെഴു

അല്ലാതെ, സഭയുടെ തത്വങ്ങൾക്കനുസരിച്ച് സുവിശേഷം രൂപീകരിക്കപ്പെടുകയായിരുന്നില്ല. ആദിമ സഭയിലെ സുപ്രധാന പ്രശ്നങ്ങളായിരുന്ന വിജാതീയരുടെ സഭാ പ്രവേശനം, ഭക്ഷണ നിയമങ്ങൾ, ഭാഷാവരത്തെക്കുറിച്ചുള്ള പ്രശ്നങ്ങൾ, സഭാഭരണം സംബന്ധിച്ച തർക്കങ്ങൾ എന്നിവയെക്കുറിച്ചൊന്നും സുവിശേഷങ്ങളിൽ പരാമർശിക്കുന്നില്ല എന്നതു തന്നെയാണ് ഇതിനുള്ള ഏറ്റവും വലിയ തെളിവ്. കൂടാതെ പുതിയ നിയമത്തിലെ ഇതരഗ്രന്ഥങ്ങളിൽ കാണപ്പെടാത്ത പല സവിശേഷതകളും സുവിശേഷങ്ങളിൽ കാണാനാവും. ഉദാഹരണമായി യേശുവിനെ മനുഷ്യപുത്രൻ എന്ന് സംബോധന ചെയ്യുന്നത്, ദൈവരാജ്യത്തെക്കുറിച്ചുള്ള പഠനങ്ങൾ ഉപമകളിലൂടെ പഠിപ്പിക്കുന്ന രീതി തുടങ്ങിയവയൊക്കെ സുവിശേഷങ്ങളിൽ മാത്രം കാണപ്പെടുന്നവയാണ്. സുവിശേഷങ്ങൾ ആദിമസഭയുടെ വിശ്വാസത്തിന്റെയും അനുഷ്ഠാനങ്ങളുടെയും സാക്ഷ്യമാണെന്ന രൂപവിമർശകരുടെ വാദത്തെ ഈ വസ്തുതകൾ ഖണ്ഡിക്കുന്നു. കാരണം, ഇവ ആദിമസഭയുടെ വിശ്വാസത്തിന്റെ ഭാഗമായിരുന്നെങ്കിൽ പുതിയ നിയമത്തിലെ ഇതര ഗ്രന്ഥങ്ങളിലും ആവർത്തിക്കപ്പെടുമായിരുന്നു. ഉത്ഥാനത്തിനു മുമ്പും പിമ്പുമുള്ള ചരിത്രങ്ങൾ തമ്മിൽ നിയതമായ വ്യത്യാസം ആദിമ സഭയിൽത്തന്നെ നിലവിലുണ്ടായിരുന്നുവെന്നാണ് ഈ വസ്തുതകൾ വെളിവാക്കുന്നത്.

സുവിശേഷം പല ഘട്ടങ്ങളിലായി രൂപപ്പെട്ടുവന്നതാണെന്ന വാദവും വിശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ട്. കാരണം പല ഘട്ടങ്ങളായി രൂപപ്പെടാനുള്ള കാലദൈർഘ്യം സുവിശേഷങ്ങളുടെ രൂപീകരണവും ക്രിസ്തുസംഭവങ്ങളും തമ്മിൽ ഇല്ലായിരുന്നു. ക്രിസ്തുസംഭവം കഴിഞ്ഞ് നാല്പതുവർഷങ്ങൾക്കുള്ളിൽ സുവിശേഷം എഴുതപ്പെട്ടു. തന്മൂലം രൂപവിമർശകർ കരുതുന്നതുപോലെ സുവിശേഷ സംഭവങ്ങൾ അനേകം ഘട്ടങ്ങളിലെ വികാസപരിണാമങ്ങൾക്കു വിധേയമായ ശേഷമാണ് ഇന്നത്തെ രൂപത്തിൽ നിലവിൽവന്നത് എന്ന് കരുതാൻ ന്യായമില്ല. രൂപവിമർശനം ശക്തിപ്രാപിച്ചതോടെ സുവിശേഷങ്ങളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ട്. എന്നാൽ, സുവിശേഷങ്ങ

ചുരുക്കത്തിൽ, ലിഖിതരൂപത്തിലാകുംമുമ്പ് സുവിശേഷങ്ങൾ വാചികരൂപത്തിലാണ് നിലനിന്നിരുന്നത്. ഈ വാചികരൂപം പ്രധാനമായും പുതിയതായി വിശ്വാസം സ്വീകരിച്ചിരുന്നവരുടെ വിശ്വാസപരിശീലനത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു ആദിമസഭയിലെ ആചാരാനുഷ്ഠാനങ്ങൾക്കു ന്യായീകരണം നൽകുവാൻ വേണ്ടി എഴുതപ്പെട്ടവയാണ് സുവിശേഷങ്ങൾ എന്ന രൂപവിമർശകരുടെ വാദം അടിസ്ഥാനരഹിതമാണ്.

പൊന്തിഫിക്കൽ ബൈബിൾ കമ്മീഷന്റെ പഠനമനുസരിച്ച് സുവിശേഷങ്ങളുടെ രൂപീകരണത്തിൽ മൂന്നു തലങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

1. **യേശു അപ്പസ്തോലന്മാരെ പഠിപ്പിച്ചവ:** ഉപമകളും യേശുവിന്റെ സുപ്രധാനപഠനങ്ങളും ഈ ഗണത്തിൽപ്പെടുന്നവയാണ്. യേശുവിന്റെ തനതുഭാഷയായ അരമായയുടെ അനുരണനങ്ങളും ഈ ഭാഗത്തു കാണാം. (തലീത്താ കുമി-മർക്കോ 5:41; ആബാ-14:36; ഏലീ ഏലീ ലമാ ശബക്ത്താനി-15:34).

2. **വാചികപാരമ്പര്യത്തിലൂടെ രൂപം കൊണ്ടവ:** എഡി. 30നും 60നും ഇടയ്ക്കുള്ള കാലഘട്ടത്തിലാണിവ രൂപം കൊണ്ടത്. ക്രിസ്തുസംഭവത്തിലെ വിവിധ ആഖ്യാനങ്ങളെ ജീവിത സാഹചര്യങ്ങളുടെയും ആവശ്യങ്ങളുടെയും (Sitz im Leben) വെളിച്ചത്തിൽ ക്രോഡീകരിച്ചു എന്നതാണ് ഈ ഘട്ടത്തിന്റെ പ്രത്യേകത. ഉദാഹരണമായി പീഡാനുഭവചരിത്രവും വിവിധകൂദാശകളെക്കുറിച്ചുള്ള പഠനവും രോഗശാന്തിവിവരണങ്ങളും ആരാധന ക്രമപരമായ ആവശ്യങ്ങൾക്കുവേണ്ടി ക്രോഡീകരിക്കപ്പെട്ടതാണ്. ഗിരിപ്രഭാഷണം (മത്താ 5:1-7;30) പ്രലോഭനങ്ങൾ (ലൂക്കാ 4) എന്നിവ മതപ്രബോധനപരമായ ആവശ്യങ്ങളെ മുൻനിർത്തിയും, അപ്പസ്തോലന്മാരെ അയയ്ക്കുന്നത് സംബന്ധിച്ച വിവരങ്ങൾ (മത്താ10; ലൂക്കാ 9:10) സഭയുടെ പ്രേക്ഷിതദൗത്യത്തിന് പ്രാധാന്യം നൽകുവാനും ക്രോഡീകരിക്കപ്പെട്ടതാണ്. യഹൂദരും ക്രൈസ്തവരും തമ്മിൽ വളർന്നുവന്ന ശത്രുതയുടെ പശ്ചാത്തലത്തിലായിരിക്കാം, യേശുവും യഹൂദരും തമ്മിലുള്ള വാഗ്വാദങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ രൂപംകൊണ്ടത് (മത്താ 23; മർക്കോ 12).

സത്തിന്റേതായ ഒരു പ്രതികരണം സൃഷ്ടിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. പ്രതികരിച്ചവർക്ക് മതബോധനത്തിലൂടെ അഥവാ, അദ്ധ്യാപനത്തിലൂടെ (didache) ക്രിസ്തുസംഭവത്തെക്കുറിച്ച് ആഴമേറിയ അറിവു നൽകപ്പെട്ടു. പുതുതായി മനസ്സുതിരിഞ്ഞവരെ പഠിപ്പിക്കുന്നതിന് യേശുവിന്റെതന്നെ അദ്ധ്യാപനവും അവിടുത്തെ വാക്കുകളും പ്രവൃത്തികളും അവിടുത്തെ ജീവിതത്തോട് ബന്ധപ്പെട്ട സംഭവങ്ങളും ശിഷ്യന്മാർ ഉപയോഗപ്പെടുത്തി. ആധുനിക സമ്പർക്ക മാധ്യമങ്ങളൊന്നുമില്ലാത്ത കാലമായിരുന്നു അത് എന്നത് ഓർക്കണം. യേശുവിന്റെ അദ്ധ്യാപനത്തെയോ അവിടുത്തെ പ്രവർത്തനങ്ങളെയോ സംബന്ധിച്ച് യാതൊരു ലിഖിത രേഖയുമില്ലായിരുന്നു. യേശുപറയുകയും പ്രവർത്തിക്കുകയും ചെയ്തതെല്ലാം ശിഷ്യന്മാർ ഓർമ്മയിൽ സൂക്ഷിക്കുകയും മറ്റുള്ളവർക്ക് വാചികമായി കൈമാറുകയും ചെയ്യേണ്ടിയിരുന്നു. ഇതാണ് വാചികപാരമ്പര്യം. വാചിക പാരമ്പര്യത്തിന്റെ (Oral Tradition) കൈമാറ്റത്തിൽ യേശു ഉപയോഗിച്ച അതേ വാക്കുകളോ അവിടുത്തെ പ്രവൃത്തികളുടെ അതേ വിവരണമോ നൽകുക സാധ്യമായിരുന്നില്ല. അതിനാൽ വാക്കുകളുടെ കൃത്യതയ്ക്കോ സൂഷ്മതയ്ക്കോ സ്ഥലകാലങ്ങളുടെ വിശദാംശങ്ങൾക്കോ അല്ല, യേശു എന്ന വ്യക്തിക്കും അവിടുന്ന് അരുളിചെയ്ത വചനങ്ങളുടെ പൊരുളിനും ചെയ്ത പ്രവൃത്തികളുടെ ആന്തരാർത്ഥത്തിനുമാണ് ഊന്നൽ നൽകപ്പെട്ടത്. യേശുവിന്റെ സന്ദേശം അനന്തര തലമുറകൾക്ക് വിശ്വസ്തതയോടെ കൈമാറുകയും പുതുതായി ക്രിസ്തുമാർഗ്ഗം സ്വീകരിക്കുന്നവർക്ക് പ്രയോജനകരമാംവിധം വ്യഖ്യാനിച്ചുകൊടുക്കുകയുമായിരുന്നു വാചിക പാരമ്പര്യത്തിലൂടെ നടന്നത്.

### *c) ജീവിത പശ്ചാത്തലം*

പഠിപ്പിക്കുകയും വേദം ഉപദേശിക്കുകയും ചെയ്തപ്പോൾ മാത്രമല്ല, വിവാഹം, വിവാഹമോചനം, മറ്റുള്ളവരോടുള്ള സമീപനം, ശിഷ്യത്വം, സഹനം, യഹൂദരോടുള്ള ബന്ധം, തുടങ്ങിയ ക്രിസ്തീയ ജീവിതബന്ധിയായ പ്രായോഗിക പ്രശ്നങ്ങളെ അഭിമുഖികരിക്കേണ്ടിവന്ന സന്ദർഭങ്ങളിലെല്ലാം മാർഗ്ഗദർശനത്തിനായി ശിഷ്യന്മാർ യേശുവിന്റെ പ്രബോധനങ്ങളും പ്രവൃത്തികളും മനോഭാവങ്ങളും

മാണ് അനുസ്മരിക്കപ്പെട്ടിരുന്നത്. അപ്പസ്തോലിക സഭയുടെ ആദ്യ കാലത്തുതന്നെ അത് എഴുതപ്പെടുകയും ചെയ്തു. ആദിമസഭയിലെ ആരാധനക്രമം പീഢാനുഭവ രചനയ്ക്ക് അങ്ങനെ ഒരു നിദാനമാ യതായി പരിഗണിക്കാം.

ഇതുകൂടാതെ ആരാധനാക്രമത്തിന്റെ സ്വാധീനത്തിൽ കടന്നു കൂടിയ മറ്റുചില ഭാഗങ്ങളുമുണ്ട് സുവിശേഷങ്ങളിൽ. ആദിമസഭ യിലെ ജ്ഞാനസ്നാനവിധികൾ (മത്ത 28:18-19), കുർബാനക്രമം, അതിന്റെ പ്രതീകാത്മകത എന്നിവയ്ക്ക് പശ്ചാത്തലമായി നിൽക്കുന്ന അപ്പം വർദ്ധിപ്പിച്ച സംഭവവും (മാർക്കോ 6:34-44) സമാ ന്തരഭാഗങ്ങളും (ലൂക്ക 24:13-35) ഇതിന് ഉദാഹരണങ്ങളത്രേ. രോഗി കളുടെ തൈലാഭിഷേകത്തെക്കുറിച്ച് മാർക്കോസ് 6:13ലുള്ള പരാ മർശം ആദിമസഭയിലെ രോഗീലേപനകർമ്മത്തിലേക്കായിരിക്കണം വിരൽ ചൂണ്ടുന്നത്. രോഗികൾക്ക് സൗഖ്യം പ്രദാനം ചെയ്ത സംഭ വങ്ങളുടെ രണ്ടു വിവരണങ്ങൾ (മർക്കോ 7:31-37;8:22-26) ജ്ഞാന സ്നാനകൂദാശയുമായി ബന്ധപ്പെട്ടിട്ടുള്ള സഭയിലെ ചില ആരാധ നാനുഷ്ഠാനങ്ങളെ സൂചിപ്പിക്കുന്നു. ഇങ്ങനെ നോക്കിയാൽ ആദി മസഭയിലെ ആരാധന ക്രമപരമായ ആഘോഷങ്ങളും സുവിശേഷ ങ്ങളുടെ രൂപവത്കരണത്തിന് സഹായകമായി എന്നു കാണാം.

### *e) വിശ്വാസ സംരക്ഷണോന്മുഖമായ ലക്ഷ്യങ്ങൾ*

ആദിമസഭയുടെ വിശ്വാസസംരക്ഷണോന്മുഖമായ ലക്ഷ്യങ്ങൾ (apologetic interests) സുവിശേഷങ്ങളുടെ രൂപവത്കരണത്തെ സ്വാധീനിച്ച മറ്റൊരു ഘടകമായി കണക്കാക്കാം. ആദിമ സഭയുടെ ജീവിതവും ആചാരങ്ങളും യഹൂദരുടെ എതിർപ്പുകളിൽനിന്ന് കാത്തുസൂക്ഷിക്കപ്പെടേണ്ടിയിരുന്നു. സംഘർഷാത്മകമായ അത്തരം സന്ദർഭങ്ങളിൽ ശിഷ്യന്മാർ യേശുവിന്റെ ജീവിതത്തിലേക്കു പിന്തി രിഞ്ഞുനോക്കുകയും അവിടുത്തെ പഠനങ്ങൾ അനുസ്മരിക്കുകയും അവയെ തങ്ങളുടെ ജീവിതത്തിന് മാർഗ്ഗദർശകങ്ങളാക്കുകയും ചെയ്തു. ആദിമസഭയെ സംബന്ധിച്ചിടത്തോളം യേശുവിന്റെ ജീവി തത്തിലെ ചില സംഭവങ്ങളും വിമർശകരെ അവിടുന്ന് പരാജയപ്പെ ടുത്തിയ സന്ദർഭങ്ങളും പ്രഘോഷണത്തിൽ ഉൾപ്പെടുത്തേണ്ടത്

# 2

# സമാന്തര സുവിശേഷങ്ങൾ (Synoptic Gospels)

പുതിയ നിയമഗ്രന്ഥങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ സുവിശേഷങ്ങളാണ്. മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുവിന്റെ ജീവിതം, പ്രവർത്തനം, പ്രബോധനം തുടങ്ങിയവയെക്കുറിച്ച് അറിവു നൽകുന്ന ഗ്രന്ഥങ്ങളാണ് സുവിശേഷങ്ങൾ. "സുവിശേഷം" എന്ന വാക്ക് ഗ്രീക്കുഭാഷയിലുള്ള "എവൻഗേലിയോൻ" എന്ന വാക്കിൽ നിന്നും ഉൽഭവിച്ചതാണ്. "എവൻഗേലിയോൻ" എന്ന വാക്ക് "എവു" (നല്ല) "അൻഗേലിയോൻ" (വാർത്ത, സന്ദേശം) എന്നി പദങ്ങൾ ചേർന്നുണ്ടായതാണ്. ആ വാക്കിനർത്ഥം "നല്ല വാർത്ത'' അഥവാ "നല്ലസന്ദേശം'' എന്നാണ്. ഇംഗ്ലീഷിൽ "ഗോസ്പൽ" (gospel) എന്ന വാക്കിന്റെ അർത്ഥവും ഇതുതന്നെ. "good+spell" കഎന്നതിൽ നിന്നാണ് gospel എന്ന പദം രൂപം കൊണ്ടത്. ഈ പദം ആരംഭത്തിൽ മതപരമായ അർത്ഥത്തിലല്ല ഉപയോഗിച്ചിരുന്നത്. എല്ലാ നല്ല വാർത്തകൾക്കും "എവൻഗേലി യോൻ" എന്നാണ് പറയുക. യുദ്ധത്തിലെ വിജയം, ജീവിതത്തിലെ ഉയർച്ച തുടങ്ങിയവ അതിനുദാഹരണങ്ങളാണ്. രണ്ടാം ഏശയ്യാ യുടെ കാലം മുതലാണ് "അറിയിക്കുക", "നല്ലവാർത്ത പ്രഖ്യാപി ക്കുക" എന്നീ ക്രിയാരൂപങ്ങൾക്ക് മതാത്മകവും ദൈവത്തിന്റെ ര ക്ഷാകര പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നതും മാത്രമായ അർത്ഥം

സുവിശേഷങ്ങളെത്തന്നെ മനസ്സിലാക്കാൻ നമ്മെ സഹായിക്കും. യേശുവിന്റെ കാലം, സഭയുടെ ജീവിതം, സുവിശേഷങ്ങളുടെ രൂപ വൽക്കരണത്തിൽ കാണാൻ കഴിയും.

**1. യേശുവിന്റെ കാലം (ബി.സി. 4 - എ.ഡി. 30)**

സുവിശേഷത്തിന്റെ കേന്ദ്രവും കഥാനായകനും പിതാവിനാൽ അയയ്ക്കപ്പെട്ട യേശുവാണ്. അവിടുന്ന് തന്റെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും രക്ഷയുടെ സന്ദേശം മനുഷ്യർക്കു നൽകു കയും തന്റെ പീഡാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും മനുഷ്യരക്ഷ സാധിക്കുകയും ചെയ്തു. ഉത്ഥാനം ചെയ്ത യേശു, “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോ 16:15) എന്ന് ശിഷ്യന്മാരോടു കല്പിച്ചു.

**2. അപ്പസ്തോലൻമാരുടം കാലഘട്ടം (എ.ഡി. 30 - 65)**

യേശുവിന്റെ ഉത്ഥാനത്തിനും പെന്തക്കുസ്താക്കും ശേഷം ഉത്ഥി തനായ യേശു ദൈവപുത്രനും ലോകരക്ഷകനുമാണെന്ന് അപ്പ സ്തോലൻമാർ പ്രഘോഷിക്കുവാൻ തുടങ്ങി. ക്രിസ്തീയ സന്ദേശ ത്തിന്റെ ഈ പ്രാരംഭഘോഷണം ആദിമ “കെരിഗ്മ” (Kerygma) എന്നറിയപ്പെടുന്നു. ഇത് യേശുവിന്റെ പീഡാനുഭവം, കുരിശുമര ണം, ഉത്ഥാനം, മഹത്വീകരണം എന്നീ അടിസ്ഥാന സന്ദേശങ്ങളുടെ ഹ്രസ്വപ്രസ്താവനകളായിരുന്നു. ഈ ആദിമ അപ്പസ്തോലിക “കെരിഗ്മ” (Kerygma) യുടെ പ്രമേയങ്ങൾ അപ്പസ്തോല പ്രവർത്ത നങ്ങളിൽ വിവരിക്കുന്നു (അപ്പ 2:14-39; 3:13-26; 4:10-12; 5:30-32; 10:34-43). ക്രമേണ ഈ ആദിമ അപ്പസ്തോലിക പ്രഘോഷണ ങ്ങൾക്ക് ആഖ്യാനരൂപം കൈവന്നു. അപ്പസ്തോലൻമാർ യേശു വുമായി ബന്ധപ്പെട്ട ചില ചരിത്രസത്യങ്ങൾ പ്രഘോഷിക്കുക മാത്ര മല്ല ചെയ്തത്, അതിലുപരി യേശു സംഭവത്തിന്റെ അർത്ഥം വ്യാഖ്യാ നിച്ചു കൊടുക്കുകയും മനുഷ്യജീവിതത്തിൽ അതു നൽകുന്ന സന്ദേശം വെളിപ്പെടുത്തുകയും ചെയ്തു. കേൾവിക്കാരെ വിശ്വാസ ത്തിലേക്കു നയിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. അവർ യേശുവിന്റെ വചനങ്ങളുടെയും പ്രവൃത്തികളുടെയും അർത്ഥം മന

ഏല്പിക്കപ്പെട്ടിരുന്നവയിൽ ചിലത് സ്വീകരിക്കുകയും മറ്റു ചിലത് ഉദ്ഗ്രഥിക്കുകയുമുണ്ടായി. ഇനിയും ഓരോ സഭയുടേയും പരിത:സ്ഥിതി പരിഗണിച്ച് അവ വിശദീകരിച്ചിട്ടുണ്ട്. അവയുടെ പ്രഘോഷണ രൂപം നിലനിർത്തിക്കൊണ്ടു പോന്നിട്ടുമുണ്ട്. അതേ സമയം ഇവയിലെല്ലാം അവരുടെ ലക്ഷ്യം ക്രിസ്തുവിനെപ്പറ്റിയുള്ള കറയറ്റ പരമാർത്ഥം നമുക്കു തരിക എന്നതുമാത്രമായിരുന്നു" (19). ഇപ്രകാരം ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെയും ദിവ്യവചസ്സുകളെയും വിവരിക്കുന്ന പുതിയ നിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങളാണു സുവിശേഷങ്ങളായി നമുക്കു ലഭിച്ചിട്ടുള്ളത്.

നമുക്ക് ഇപ്പോൾ ലഭ്യമായിരിക്കുന്ന സുവിശേഷഗ്രന്ഥങ്ങളുടെ രൂപികരണത്തിനു പിന്നിൽ നീണ്ടവർഷങ്ങളുടെ ചരിത്രമുണ്ട്. സുവിശേഷരൂപികരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവാരുപിയുടെ പ്രവർത്തനവും സഹായവുമുണ്ടായിരുന്നു. ദൈവികസത്യങ്ങൾ മനസ്സിലാക്കുന്നതിനും തെറ്റുകൂടാതെ കൈമാറുന്നതിനും കുറിച്ചുവയ്ക്കുന്നതിനും പരിശുദ്ധാരൂപി സഹായിച്ചു. ആയതിനാൽ സുവിശേഷങ്ങൾ ദൈവനിവേശിതങ്ങളാണ്. ക്രിസ്തുവിന്റെ അപ്പസ്തോലന്മാരായ മത്തായിയും യോഹന്നാനും, അപ്പസ്തോലശിഷ്യന്മാരായ ലൂക്കായും മർക്കോസും രചിച്ച ഈ സുവിശേഷങ്ങളെ കാനോനിക സുവിശേഷങ്ങളായി സഭ അംഗീകരിക്കുന്നു.

**സമാന്തര സുവിശേഷങ്ങളുടെ രൂപീകരണം**

ആദ്യത്തെ മൂന്നു സുവിശേഷങ്ങളായ മത്തായി, മർക്കോസ്, ലൂക്കാ എന്നിവ തമ്മിൽ വളരെയേറെ സാമ്യമുള്ളതും വി.യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് ഘടനാപരമായി വ്യതിരിക്തത പുല ർത്തുന്നതുമാണ്. ഈ മൂന്നു സുവിശേഷങ്ങൾ തമ്മിൽ ഘടനയിലും ഉള്ളടക്കത്തിലും അവതരണശൈലിയിലും ദൈവശാസ്ത്രപരമായി വീക്ഷണത്തിലും ശ്രദ്ധേയമായ സാമ്യമുണ്ട്.

**a) ഉള്ളടക്കത്തിലുള്ള സാമ്യം**

ആദ്യത്തെ മൂന്നു സുവിശേഷങ്ങളുടെയും ഉള്ളടക്കം, യേശുവിന്റെ വാക്കുകൾ, പ്രവർത്തികൾ, പ്രബോധനങ്ങൾ, ഉപമകൾ,

സമാന്തര സുവിശേഷങ്ങൾ തമ്മിൽ പലകാര്യങ്ങളിൽ സാമ്യമുള്ളതുപോലെ തന്നെ ചില കാര്യങ്ങളിൽ അവ തമ്മിൽ വ്യത്യാസവുമുണ്ട്. ഉള്ളടക്കത്തിലും ക്രമീകരണത്തിലും ഈ വ്യത്യാസങ്ങൾ കാണാം. ചില വിവരണങ്ങൾ രണ്ടു സുവിശേഷങ്ങളിൽ മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു. ഉദാഹരണങ്ങൾ: മത്താ 5:1-12;ലൂക്കാ 6:20-23; മത്താ 5:38-42; ലൂക്കാ 6:29-30; മത്താ 19:1-12; മർക്കോ 10:1-12. ഈശോയുടെ ബാല്യകാല വിവരണങ്ങൾ മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു (മത്താ 1-2; ലൂക്കാ 1-2). ചില സംഭവങ്ങൾ ഒരു സുവിശേഷത്തിൽ മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു (മത്താ 1-2; ലൂക്കാ 1-2).

പൊതുഘടനയിൽ മൂന്നു സുവിശേഷങ്ങൾ തമ്മിൽ ബന്ധമുണ്ടെങ്കിലും ക്രമീകരണത്തിൽ വ്യത്യാസങ്ങൾ കാണാം. ഉദാഹരണമായി മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപമകളിൽ 3 എണ്ണം മാത്രമേ ലൂക്കായുടെ സുവിശേഷത്തിൽ ഉള്ളൂ. മർക്കോസിന്റെ സുവിശേഷത്തിൽ കാണാത്ത പല പ്രബോധനങ്ങളും മത്തായിയുടെയും ലൂക്കായുടെയും സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ തമ്മിലുള്ള ബന്ധവും വ്യത്യാസവും സമാന്തര സുവിശേഷങ്ങളെ സംബന്ധിച്ച് ഒരു പ്രശ്നമാണ്. ഐകരൂപ്യത്തിനും വ്യത്യാസത്തിനും കാരണമെന്തെന്നതാണ് പ്രശ്നം. ഈ പ്രശ്നത്തെ സാങ്കേതികമായി "സമാന്തര സുവിശേഷ പ്രശ്നം" (Synoptic Problem) എന്നാണ് പറയുന്നത്. "സമാന്തര സുവിശേഷ പ്രശ്നം" 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ് ഉയർന്നുവന്നത്. ഇതിനു പരിഹാരമായി പല നിഗമനങ്ങളും പണ്ഡിതന്മാർ മുന്നോട്ടു വച്ചു. അവയിൽ പ്രധാനപ്പെട്ടതും പൊതുവെ സ്വീകാര്യമായതുമായവ താഴെ ചേർക്കുന്നു.

1. മൂന്നു സുവിശേഷങ്ങൾക്കും ഒരു "പൊതുസ്രോതസ്സുണ്ടായിരിക്കും" (common source) എങ്കിൽ മാത്രമെ മൂന്നു സുവിശേഷങ്ങളിലും കാണുന്ന സാമ്യത്തിനു വിശദീകരണം നൽകാൻ സാധിക്കു.

സ്രോതസ്സിൽ നിന്നും ലൂക്കാ 19:1-10 ലുക്കായുടെ "L" സ്രോതസ്സിൽ നിന്നും ലഭിച്ചതാണ്. സമാന്തരസുസവിശേഷ പ്രശ്നത്തിനുള്ള ഉത്തരം താഴെ കാണുന്ന ചിത്രം വ്യക്തമാക്കുന്നു.

ഇങ്ങനെ പൊതുവായ സ്രോതസ്സുകളും സുവിശേഷകരുടെ ദൈവ ശാസ്ത്ര വീക്ഷണങ്ങളും അവർ ലക്ഷ്യം വയ്ക്കുന്ന വായനക്കാരുടെ അവസ്ഥകളും സാഹചര്യങ്ങളുമെല്ലാം സുവിശേഷങ്ങൾക്കിടയിലെ ഐക്യത്തിനും വ്യത്യാസത്തിനും കാരണമായി.

## ചോദ്യങ്ങൾ :

1. സമാന്തര സുവിശേഷങ്ങൾ ഏവ ? എന്തുകൊണ്ടാണ് അവ അപ്രകാരം അറിയപ്പെടുന്നത് ?
2. ഉള്ളടക്കത്തിലും ഘടനയിലും സമാന്തര സുവിശേങ്ങൾ തമ്മിലുള്ള സാമ്യം വ്യക്തമാക്കുക ?
3. സമാന്തര പ്രശ്നം (Synoptic Problem) എന്നാൽ എന്ത് ? അതിനുള്ള വിവിധ പരിഹാര നിർദ്ദേശങ്ങൾ ഏവ ?

രണ്ട് ഉറവിടങ്ങളെ ആധാരമാക്കിയാണ് മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങൾ എഴുതപ്പെട്ടതെന്ന് ഈ ആവർത്തനങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ മർക്കോസിന്റെ സുവിശ്ഷത്തിൽ നിന്നുള്ള വിവരണവും Q ഉറവിടത്തിൽ നിന്നുള്ള വിവരണവും സംയോജിപ്പിച്ചുള്ള വിവരണങ്ങൾ കാണാം. ലൂക്കായുടെ സുവിശേഷത്തിൽ ഇതിന് സമാനമായുള്ള ഭാഗങ്ങളിൽ Q ഉറവിടത്തിൽ നിന്നുള്ള വിവരണങ്ങൾ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ. ചുവടെ ചേർത്തിരിക്കുന്ന പട്ടിക Q ഉറവിടവും മർക്കോസിന്റെ സുവിശേഷവും ഇടകലർത്തി വിവരിച്ചിട്ടുള്ള ഭാഗങ്ങളുടെ പൂർണ്ണമായ ചിത്രം നൽകുന്നു. മുൻ പട്ടികയുടെ തുടർച്ചയായിട്ടാണ് ഈ പട്ടിക കാണേണ്ടത്.

| | മർക്കോസ് | മത്തായി | ലൂക്കാ |
|---|---|---|---|
| (15) | 1:2 | 11:10 Q | 7:27 |
| 16 | 1:7-8 | 3:11-12 | 3:16-17 |
| 17 | 1:12-13 | 4:1-11 | 4:1-13 |
| 18 | 3:22-26 | 12:24-26 | 11:15,17-18 |
| (19) | 3:27 | 12:29(?) | 11:21-22(?) |
| 20 | 3:28-29 | 12:31:32 | 12:10 |
| (21) | 4:24 | 7:2(Q) | 6:38 |
| 22 | 4:30-32 | 13:31-32 | 13:18-19 |
| 23 | 9:42 | 18:6-7 | 17:1-2 |
| 24 | 9:49-50മ | 5:13 | 14:3435 |
| (25) | 12:2134 | 22:3440(?) | 10:2528(?) |
| 26 | 13:21(23) | 24:23(25),26 | 17:23 |

നത്തിലാണെന്നും യേശുവിനെ ബന്ധിച്ചപ്പോൾ നഗ്നനായി ഓടി പ്പോയ ശിഷ്യൻ മർക്കോസാണെന്നും (മർക്കോ 14:51-52) കരുതുന്ന പാരമ്പര്യമുണ്ട്. എന്നാൽ ഇവയൊന്നും തെളിയിക്കപ്പെട്ടിട്ടില്ല. പപ്പി യാസ് അഭിപ്രായപ്പെടുന്നത് മർക്കോസ് ഒരിക്കലും യേശുവുമായി അടുത്തിടപഴകിയിട്ടില്ലെന്നാണ് (Euseb. Hist. III. 39.15). മർക്കോസി നെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭിക്കുന്നത് അപ്പ 12-15 അധ്യാ യങ്ങളിൽനിന്നുമാണ്. തന്റെ പിതൃവ്യപുത്രനായ ബാർണബാസി ന്റെയും പൗലോസിന്റെയും കൂടെ അദ്ദേഹം അന്ത്യോക്യയിലേക്കു യാത്ര ചെയ്യുന്നുണ്ട് (കൊളോ 4:10). ഈ പ്രേഷിതയാത്രകളിലെല്ലാം മർക്കോസ് ഒരു സഹായിയായിട്ടാണ് വർത്തിച്ചത് (അപ്പ 13:5). ഇദ്ദേ ഹത്തിന്റെ സഹായപ്രവർത്തനങ്ങളെന്തൊക്കെയാണെന്ന് അപ്പസ്തോല പ്രവർത്തനങ്ങളിൽ വ്യക്തമായി എടുത്തു പറയു ന്നില്ല. അഭിപ്രായഭിന്നതമൂലം പാംഫീലിയായിലെ പെർഹായിൽ വച്ച് മർക്കോസ് പൗലോസിനെയും ബാർണബാസിനെയും വിട്ടിട്ട് പോയി (13:13). പൗലോസിന്റെ രണ്ടാമത്തെ പ്രേഷിതയാത്രയിൽ മർക്കോസിനെ കൂട്ടിക്കൊണ്ട് പോകുവാൻ ബാർണബാസ് ആഗ്ര ഹിച്ചെങ്കിലും പൗലോസ് സമ്മതിച്ചില്ല. അതിനാൽ, പൗലോസിന്റെ പക്കൽനിന്നകന്ന് ബാർണബാസ് മർക്കോസിനെയും കൂട്ടിക്കൊണ്ട് സൈപ്രസിലേക്ക് പോയി. പൗലോസ് സീലാസിനെ തന്റെ സഹാ യിയായി തിരഞ്ഞെടുത്തു (15:36-40).

പിന്നീട് പൗലോസിന്റെ അന്ത്യനാളുകളിൽ മാത്രമേ മർക്കോ സിനെക്കുറിച്ച് പ്രതിപാദിച്ചു കാണുന്നുള്ളൂ. കൊളോ. 4:10; ഫിലെ. 24 എന്നിവിടങ്ങളിൽ മർക്കോസിനെക്കുറിച്ച് സൂചിപ്പിക്കുന്നതു വായി ച്ചാൽ മർക്കോസ് പൗലോസുമായി രമ്യപ്പെട്ടു എന്ന് മനസ്സിലാക്കാം. ഈ ലേഖനങ്ങൾ എഴുതുന്ന സമയത്ത് മർക്കോസ് പൗലോസിന്റെ കൂടെ കാരാഗൃഹത്തിലുണ്ടെന്നും തന്റെ സഹപ്രവർത്തകനാ ണെന്നും അദ്ദേഹം കൊളോസോസ് സന്ദർശിക്കാൻ ആഗ്രഹിക്കു ന്നുവെന്നും സൂചനയുണ്ട്. 2 തിമോ 4:11-ൽ തിമോത്തേയോസിനോട് മർക്കോസിനെ തന്റെ പക്കലേക്ക് കൂട്ടിക്കൊണ്ടു വരണമെന്ന് പറ ഞ്ഞിരിക്കുന്നതുകൊണ്ട് മർക്കോസ് പൗലോസുമായി രമ്യതയിലാ ണെന്ന് തീർച്ചയായും കരുതാം.

5:9, 15 legion; 6:27 spectaculator, 6:37 denarion; 12:14 kensos; 15:15 flageliar; 15:16 aula; 15:39 centurion). മത്തായി എഴുതിയ സുവിശേഷത്തിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യേശുവിനെ അവതരിപ്പിക്കുന്നു. ഈ പ്രത്യേകരീതി മർക്കോസ് വളരെ വിരളമായേ അവലംബിക്കുന്നുള്ളു. നേരെമറിച്ച് വിജാതീയർക്കുള്ള യേശുവിന്റെ ദൗത്യത്തിന് മർക്കോസ് സവിശേഷമായ ഊന്നൽ നല്കുന്നു. (cf. മർക്കോ 5:1-41; 7:24-37; 8:1-10; 11:17 തുടങ്ങിയവ). മാത്രമല്ല, യഹൂദ നിയമങ്ങളോടും ആചാരാനുഷ്ഠാനങ്ങളോടുമുള്ള വ്യക്തമായ എതിർപ്പ് അദ്ദേഹം പ്രകടമാക്കുന്നുമുണ്ട് (cf. മർക്കോ 2:13:6; 7:1-23). മർക്കോസ് വിജാതീയ ക്രൈസ്തവ സമൂഹത്തിനുവേണ്ടി എഴുതിയെന്നാണ് സുവിശേഷത്തിലെ ആന്തരികമായ ഈ തെളിവുകളിൽനിന്ന് നാം മനസ്സിലാക്കേണ്ടത്.

**രചന: സ്ഥലവും കാലവും**

മുൻപറഞ്ഞ കാര്യങ്ങളിൽ നിന്ന് അസന്ദിഗ്ദ്ധമായ തെളിവ് ലഭിക്കുന്നില്ലെങ്കിലും, മർക്കോസിന്റെ സുവിശേഷത്തിന്റെ ഉദ്ഭവം റോമായിലാണെന്നുള്ളതാണ് ഉറച്ച ആദിമ പാരമ്പര്യം. റോമിലെ മർദ്ദിത സഭ സുവിശേഷ രചനാവേളയിൽ മർക്കോസിന്റെ മുന്നിലുണ്ടായിരുന്നതുകൊണ്ടാകാം, യേശുവിനെ അനുഗമിക്കാനാഗ്രഹിക്കുന്നവർ ആത്മപരിത്യാഗത്തിനും പീഡാസഹനത്തിനും തയ്യാറാകണമെന്ന് മർക്കോസ് ഊന്നിപ്പറയുന്നത്. രചനാകാലം കൃത്യമായി പറയാൻ ബുദ്ധിമുട്ടുണ്ടെങ്കിലും എ.ഡി. 64 നും 70 നും ഇടയ്ക്കാണെന്ന് മിക്ക പണ്ഡിതരും അഭിപ്രായപ്പെടുന്നു.

**മർക്കോസിന്റെ ശൈലി**

നാലു സുവിശേഷങ്ങളിൽ ഏറ്റവും ചെറുതാണ് മർക്കോസിന്റേത്. അദ്ദേഹത്തിന്റെ ഭാഷ വളരെ വ്യക്തവും ലേഖനശൈലി ലളിതവും സജീവവുമാണ്. യേശുസംഭവത്തിന്റെ ഗതിവേഗം ഭാഷയിൽ ദൃശ്യമാണ്. ദൈവശാസ്ത്രമൊന്നുമറിയാത്ത സാധാരണക്കാർക്ക് ഇഷ്ടപ്പെടുന്ന ഓജസ്സുള്ള, ചടുലമായ ഭാഷയാണ് അതിനുള്ളത്. ഹൃദയഹാരിയായ ഒരു ആഖ്യാനമായി മർക്കോസിന്റെ സുവിശേഷത്തെ എല്ലാവരും തന്നെ കരുതുന്നു.

സംബന്ധിച്ചുള്ള പൊതുവായ സംക്ഷിപ്ത പ്രസ്താവനകൾ (cf. 1:32-34, 39, 45; 2:13; 3:7-12; 6:6, 53-56; പ്രത്യേകമായി 1:14-15), വരാൻപോകുന്ന സംഭവങ്ങളെക്കുറിച്ചു ശ്രോതാക്കൾക്ക് നല്കുന്ന മുന്നറിയിപ്പ് (4:1 നു മുമ്പ് 3:9; 3:31-35 നു മുമ്പ് 3:21; 11:15-18 നു മുമ്പ് 11:11, 14:66-72 നു മുമ്പ് 14:54) ഇവയും സുവിശേഷകന്റെ പ്രത്യേക ശൈലിയാണ്.

**സുവിശേഷത്തിന്റെ ഘടന**

അവ്യക്തമായ ഒരു ഭൂമിശാസ്ത്ര രൂപരേഖയാണ് സുവിശേഷരചനയിൽ മർക്കോസ് സ്വീകരിച്ചിരിക്കുന്നത്. യേശു സദാ സഞ്ചരിക്കുന്നതായിട്ടാണ് സുവിശേഷത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഗലീലി മുതൽ പീഡാനുഭവവും മരണവും നടന്ന ജറുസലെം വരെയുള്ള ഒരു യാത്രയാണ് യേശുവിന്റെ ശുശ്രൂഷ. ഭൂമിശാസ്ത്രപരമായി പരിഗണിക്കുകയാണെങ്കിൽ ഈ ശുശ്രൂഷയുടെ വിവരണം താഴെ പറയും പ്രകാരമാണ്.

| | | | |
|---|---|---|---|
| അധ്യായം | 1-9 | : | ഗലീലിയിലും സമീപസ്ഥമായ വിജാതീയ നാടുകളിലുമുള്ള ശുശ്രൂഷ |
| അധ്യായം | 10 | : | ജറുസെലമിലേക്കുള്ള യാത്ര |
| അധ്യായം | 11-13 | : | ജറുസലെമിലെ ശുശ്രൂഷ |
| അധ്യായം | 14-16 | : | പീഡാസഹനം, മരണം, ഉത്ഥാനം |

ഭൂമിശാസ്ത്രപരമായ ഈ ക്രമീകരണത്തിന് പുതുമയൊന്നുമില്ല. കാരണം, ഏറെക്കുറെ ഇതേ സംവിധാനം തന്നെയാണ് മത്തായിയും ലൂക്കായും സ്വീകരിച്ചിരിക്കുന്നത്. മാത്രമല്ല, ആദിമ കെരിഗ്മയിലും (cf. അപ്പ. 10:37-43) വിശാലമായ ഈ ഭൂമിശാസ്ത്രരൂപരേഖതന്നെയാണ് ഉണ്ടായിരുന്നത്.

ജീവചരിത്രപരവും ഭൂമിശാസ്ത്രപരവുമെന്നതിനെക്കാൾ ദൈവശാസ്ത്രപരമായ താത്പര്യമായിരുന്നു സുവിശേഷകനെ നയിച്ചിരുന്നതെന്ന് സുവിശേഷത്തിൽ ചില സൂചനകളും ഉണ്ട്. യേശുവിന്റെ യഥാർത്ഥവ്യക്തിത്വം പ്രഖ്യാപിക്കുകയെന്ന ക്രിസ്തുവിജ്ഞാനീ

**യേശുവിന്റെ വ്യക്തിത്വ പ്രഖ്യാപനം**

| ദൈവികവെളിപാട് | | വിശ്വാസപ്രഖ്യാപനം | |
|---|---|---|---|
| 1:11 | "നീ എന്റെ പ്രിയപുത്രനാകുന്നു'' (പിതാവിന്റെ പ്രഖ്യാപനം) | 1:1 | "ദൈവപുത്രനായ യേശുക്രിസ്തു" (സുവിശേഷകന്റെ പ്രഖ്യാപനം) |
| 9:7 | "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" (പിതാവിന്റെ പ്രഖ്യാപനം) | 8:29 | "നീ ക്രിസ്തുവാണ്" (പത്രോസിന്റെ പ്രഖ്യാപനം) |
| 14:62 | ''ഞാനാകുന്നു'' (ക്രിസ്തുവും ദൈവപുത്രനും -യേശുവിന്റെ പ്രഖ്യാപനം) | 15:39 | "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (റോമൻ ശതാധിപന്റെ പ്രഖ്യാപനം) |

## സുവിശേഷ ദർശനം: വിഹഗവീക്ഷണത്തിൽ

"ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" എന്ന ആദ്യവാചകം തന്നെ സുവിശേഷത്തിന്റെ ഉള്ളടക്കത്തിലേക്കും ഊന്നലുകളിലേക്കും വ്യക്തമായ സൂചന നൽകുന്നതാണ്. ചരിത്രപുരുഷനായ യേശു ദൈവപുത്രനും ക്രിസ്തുവും (അഭിഷിക്തൻ) ആണെന്നതാണ് സുവിശേഷത്തിന്റെ രത്നചുരുക്കം. അതുതന്നെയാണ് ആദിമസഭയുടെ വിശ്വാസത്തിന്റെയും പ്രഘോഷണത്തിന്റെയും സാരാംശവും. സുവിശേഷത്തിന്റെ ഘടനയെ സംബന്ധിച്ച് രണ്ട് സമീപനങ്ങൾ സാധ്യമാണ്. ഭൂമിശാസ്ത്രപരമായ ഒന്ന്, ദൈവശാസ്ത്രപരമായ മറ്റൊന്ന്. ഭൂമിശാസ്ത്രപരമായി മരുഭൂമിയിലെ പ്രാരംഭഭാഗങ്ങൾ (1:13) കഴിഞ്ഞ് ഗലീലിയിലും പരിസരത്തുമുള്ള യേശുവിന്റെ പ്രവർത്തനങ്ങൾ (1:14-8:25) ജറുസലേമിലെക്കുള്ള യാത്ര (8.27-10:52) ജറുസലേമിലെ പ്രവർത്തനങ്ങൾ (11:1-13:37) അവിടെത്തന്നെയുള്ള മരണം, ഉത്ഥാനം(14:1-16:20) എന്നിങ്ങനെ പൊതുവായി സുവിശേഷത്തെ വിഭജിച്ചുപോരുന്നു. ഈ വിഭജനം അതിൽത്തന്നെ അപ്രസക്തമല്ലെങ്കിലും ദൈവശാസ്ത്ര

കരിക്കാതെ തരമില്ല. പരസ്യജീവിതത്തിന്റെ മഹത്ത്വപൂർണ്ണമായ ആദ്യഘട്ടവും (1:14-3:30) പ്രത്യക്ഷത്തിൽ ശോകമയമായ രണ്ടാം ഘട്ടവും (8:31-16:8) സമന്വയിപ്പിച്ച് സമഗ്രമായ ഒരു ക്രിസ്തു ദർശനം പ്രദാനം ചെയ്യാൻ മാർക്കോസിന് കഴിഞ്ഞിട്ടുണ്ട്. മറ്റ് സുവിശേഷ കന്മാർക്ക് ആർക്കും കാര്യമായി ഇതിൽനിന്ന് ഭിന്നമായി പറയാൻ കഴിഞ്ഞില്ല എന്നത് മാർക്കോസിന്റെ ആധികാരികതയുടെ അടയാളം തന്നെ. മാർക്കോസിന്റെ ക്രമത്തിൽ നിന്നുമാറുന്ന വേളയിൽ മറ്റു സുവിശേഷങ്ങളുടെ സമാന്തരതയും തെറ്റുന്നു എന്നത് ശ്രദ്ധേയമാണ്. സുവിശേഷരചനയിലൂടെ മാർക്കോസ് നടത്തിയ കാൽവയ്പ് ദൈവശാസ്ത്ര രംഗത്ത് മാത്രമല്ല സാഹിത്യരംഗത്തുപോലും ചലനങ്ങൾ സൃഷ്ടിച്ചു എന്ന് പറയേണ്ടിയിരിക്കുന്നു. സംഭവങ്ങളുടെ വിവരണത്തിലും വ്യക്തികളുടെ ചിത്രീകരണത്തിലും കാണുന്ന സജീവതയും സ്വാഭാവികതയും മർക്കോസിനെ ആധാരമാക്കിയ മത്തായിയിലും ലൂക്കായിലും കുറഞ്ഞുപോയതുപോലെ തോന്നാറുണ്ട്. യേശുവിന്റെ മാർഗ്ഗമായിരുന്ന കുരിശിന്റെ വഴിയിലൂടെ (8:31; 9:31; 10:3) വേണം അവിടുത്തെ ശിഷ്യസമൂഹവും മുന്നേറാൻ (8:34: 9:35; 10:35) എന്ന പാഠം ശാശ്വത പ്രാധാന്യമുള്ളതാണ്.

തന്നെ അറിഞ്ഞിരുന്ന പിശാചുക്കളോടും തന്നിൽനിന്ന് രോഗശാന്തി ലഭിച്ചവരോടും തന്നെപറ്റി ഒന്നും പറയരുതെന്ന് യേശു വിലക്കിയിരുന്നു. ഈ പ്രതിഭാസത്തെ യേശുവിന്റെ "മിശിഹാരഹസ്യം" എന്നു പറയാറുണ്ട്. തന്റെ മാർഗ്ഗം തെറ്റിദ്ധരിക്കപ്പെടാനിട കൊടുക്കാതിരിക്കാനുള്ള യേശുവിന്റെ മുൻകരുതലായി ഇതിനെ കാണണം. അത് സേവിക്കപ്പെടാനല്ല സേവിക്കാനും അനേകർക്കു വേണ്ടി മോചനദ്രവ്യമായി സ്വജീവൻ സമർപ്പിക്കാനും വന്ന മനുഷ്യപുത്രന്റെ മനോഹരചിത്രമാണ് മർക്കോസിന്റെ സുവിശേഷത്തിൽ (10:45) തെളിഞ്ഞുനിൽക്കുന്നത്.

യേശുവിന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും നിർവ്വഹിക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ കൊണ്ടു ചെന്നെത്തിക്കുകയാണ് മർക്കോസിന്റെ ലക്ഷ്യം. അതുകൊണ്ട്, സുവിശേഷത്തിന്റെ 'ആരംഭം' (1:1) എന്നതിലൂടെ സ്നാപക യോഹന്നാന്റെ ദൗത്യവിവരണം മുതൽ (1:2ff) യേശുവിന്റെ പുനരുത്ഥാനസംഭവവിവരണം വരെ (16:1-8) യുള്ള സകല സംഭവങ്ങളെയുമാണ് സൂചിപ്പിക്കുന്നത്. മർക്കോസ് 1:1 നും ഉൽപത്തി 1:1 നും തമ്മിലുള്ള സാമ്യവും ശ്രദ്ധേയമാണ്. മർക്കോസിനെ സംബന്ധിച്ചിടത്തോളം യേശുവിന്റെ ശുശ്രൂഷ പുതിയൊരു ആരംഭത്തെയും പുതിയൊരു സൃഷ്ടിയെയും കുറിക്കുന്നു.

## മർക്കോസ് 1:2-8 സ്നാപകയോഹന്നാൻ

മർക്കോസ് എഴുതിയ സുവിശേഷത്തിൽ സ്നാപകയോഹന്നാനുള്ള പങ്ക് അറിയണമെങ്കിൽ ക്രിസ്ത്വബ്ദാരംഭത്തിനുമുമ്പുള്ള ഇസ്രായേൽ ജനതയുടെ പ്രതീക്ഷകളും അഭിലാഷങ്ങളും എന്തായിരുന്നുവെന്ന് മനസ്സിലാക്കണം. യേശുവിന്റെ വരവിനുമുമ്പുള്ള മുന്നൂറിലേറെ വർഷക്കാലം ഇസ്രായേലിൽ പ്രവാചകൻമാരില്ലായിരുന്നു."ഞങ്ങൾക്ക് ഒരു അടയാളവും ലഭിക്കുന്നില്ല. ഒരു പ്രവാചകനും ശേഷിച്ചിട്ടില്ല. ഇത് എത്രകാലത്തേക്ക് എന്ന് അറിയുന്നവരാരും ഞങ്ങളുടെയിടയിലില്ല" എന്ന് സങ്കീർത്തകൻ വിലപിക്കുന്നുണ്ടല്ലോ (സങ്കീ. 74:9; ദാനി 3:15). എങ്കിലും ദൈവം ഒരിക്കൽക്കൂടെ ഇടപെടുമെന്നും വരുവാനിരിക്കുന്ന മിശിഹായെക്കുറിച്ച്, തീർച്ചയായും ഫലപ്രദമായും അറിയിക്കുന്ന ഒരു യഥാർത്ഥ പ്രവാചകനെ അയയ്ക്കുമെന്നും ജനം പ്രത്യാശിച്ചിരുന്നു (cf. നിയ 18:15; അപ്പ 7:37). ജനത്തെ എന്നേക്കുമായി മോചിപ്പിക്കുവാൻ ദൈവം അന്തിമമായി ഇടപെടുന്നതിനുമുമ്പ് ഏലിയാ പ്രവാചകൻ വീണ്ടും വരുമെന്ന് പലരും പ്രതീക്ഷിച്ചിരുന്നു. ഈ പ്രതീക്ഷയുടെ സൂചനകൾ പഴയനിയമത്തിൽ പല സ്ഥലത്തും കാണാം (മലാ 3:1; 4:5-6; പ്രഭാ 48:9-10; ഏശ 40:3). ഇവയിൽ രണ്ടെണ്ണം മർക്കോസ് ഉദ്ധരിക്കുന്നു മുണ്ട്. (മലാ 3:1; ഏശ 40:3). സ്നാപകയോഹന്നാനെയും മിശിഹായുടെ വരവിൽ അദ്ദേഹത്തിനുള്ള പങ്കിനെയും

ശ്രദ്ധ തിരിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. "നസ്രത്തിൽ നിന്നുള്ള" യുവാവായ യേശുവിനെ രംഗത്തവതരിപ്പിച്ചതിനുശേഷം, പെട്ടെന്ന് അവിടുത്തെ പ്രവർത്തനനിരതമായ ശുശ്രൂഷയിലേക്ക് അനുവാചകരെ സുവിശേഷകൻ നയിക്കുന്നു. യോഹന്നാനിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിക്കാനാണ് യേശു ഗലീലിയിലെ നസ്രത്ത് എന്ന ഗ്രാമത്തിൽനിന്ന് വരുന്നത്. യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിച്ചതുവഴി അവിടുന്ന് മാനസാന്തരവും പാപമോചനവും കിട്ടേണ്ട ജനത്തോട് തന്നെത്തന്നെ താദാത്മ്യപ്പെടുത്തുന്നു (1:4-5). യേശു നിർവ്വഹിക്കാൻ പോകുന്ന ശുശ്രൂഷയുടെ സ്വഭാവത്തെക്കുറിച്ച് നമുക്കിവിടെ മുൻകൂട്ടി സൂചനകിട്ടുന്നു; പാപികളുമായുള്ള സമ്പർക്കമായിരുന്നല്ലോ അവിടുത്തെ പ്രത്യേകത.

പാപികളായ ജനം എന്ന യാഥാർത്ഥ്യത്തിലേക്ക് യേശു ഇറങ്ങിച്ചെല്ലുന്ന ആദ്യ സന്ദർഭമാണിത്. ദൈവവുമായുള്ള അനുപമബന്ധം ('കണ്ടും' 'കേട്ടും') അനുഭവിക്കുന്നയാളായി യേശുവിനെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. അവിടുന്ന് ദൈവത്തിന്റെ പ്രിയപുത്രനാണ്. യേശുവിന്റെ ജ്ഞാനസ്നാനത്തിന്റെ അർത്ഥം അവിടുന്ന് ദർശിക്കുകയും ശ്രവിക്കുകയും ചെയ്ത കാര്യങ്ങളിൽ സൂചിതമാണ്. ആകാശം പിളർന്ന് ആത്മാവ് ഇറങ്ങിവരുന്നതും സ്വർഗ്ഗത്തിൽനിന്ന് സ്വരമുണ്ടായതും യേശുവിനെ തന്റെ ദൗത്യത്തിനായി നിയോഗിക്കുന്ന ദൈവികവെളിപാടിലേക്ക് വിരൽചൂണ്ടുന്നു. ജനത്തിന്റെ ആത്യന്തിക വിമോചനത്തിന് ദൈവം എത്രയും വേഗം ഇടപെടണമെന്ന് ഏശയ്യ 64:1 ൽ കാണുന്ന പ്രാർത്ഥനയിലും "ആകാശം പിളരുക" എന്ന പ്രയോഗമുണ്ട്: "കർത്താവേ ആകാശം പിളർന്ന് ഇറങ്ങിവരണമേ".

"നീ എന്റെ പ്രിയപുത്രനാകുന്നു; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന സ്വർഗ്ഗീയ പ്രഖ്യാപനത്തിന് യേശുവിനെയും അവിടുത്തെ ദൗത്യത്തെയും സംബന്ധിച്ച് പ്രത്യേകമായ അർത്ഥമുണ്ട്. ഈ വാക്കുകൾ യേശുവിനോടാണ് പറയപ്പെട്ടത്. യേശുവിന്റെ ദൈവികമായ പുത്രസ്ഥാനവും നിർദ്ദിഷ്ടമായ ദൗത്യവും ഈ വാക്കുകൾ വ്യക്തമാക്കുന്നു. പ്രിയപുത്രൻ എന്ന പ്രയോഗം ഏശയ്യ 42:1 നെയാ

മർക്കോസ് വിവരിക്കുന്ന പ്രലോഭന വിവരണം ഹ്രസ്വമാണ്. യേശു "സാത്താനാൽ പരീക്ഷിക്കപ്പെട്ടു" എന്നു പറഞ്ഞവസാനി പ്പിക്കാനാണ് മർക്കോസിനിഷ്ടം. ദൈവികപദ്ധതിക്കും അവിടുത്തെ തിരുവിഷ്ടത്തിനും ജ്ഞാനസ്നാനാവസരത്തിൽ യേശു നടത്തിയ സമർപ്പണത്തിന്റെ അനന്തര ഫലമായാണ് സാത്താനോടുള്ള പോരാട്ടത്തെ അദ്ദേഹം അവതരിപ്പിക്കുന്നത്. സ്വർഗ്ഗം തുറന്നിറങ്ങിയ പരിശുദ്ധാത്മാവാണ് ദുഷ്ടാരൂപികളുടെ വിഹാരരംഗമായി കരുത പ്പെട്ടിരുന്ന മരുഭൂമിയിലേക്ക് യേശുവിനെ നയിക്കുന്നതെന്നതും ജ്ഞാനസ്നാന സംഭവത്തോട് ബന്ധപ്പെട്ടു നിൽക്കുന്നു.

"നാല്പതു ദിവസ" മെന്നത് ഒരു നീണ്ട കാലയളവിനെ സൂചി പ്പിക്കുന്നു. പ്രലോഭനം അഥവാ സാത്താനുമായുള്ള ഏറ്റുമുട്ടൽ യേശുവിന്റെ ശുശ്രൂഷയുടെ ഒരു പ്രത്യേകതയാണെന്നാണ് പ്രതീ കാത്മകമായിട്ട് അർത്ഥമാക്കുന്നത്. പിതാവ് നല്കിയ ദൗത്യത്തോട് വിശ്വസ്തനായിരിക്കാനുള്ള യേശുവിന്റെ ദൃഢനിശ്ചയത്തിന്റെ ഫല മാണ് ദൈവത്തിന്റെ എതിരാളിയുമായുള്ള സംഘട്ടനവും അവന്റെ മേലുള്ള വിജയവും. യേശുവിന് തന്റെ ശുശ്രൂഷയിലുടനീളം ദൈവ വിരുദ്ധ ശക്തികളുമായി ഏറ്റുമുട്ടേണ്ടിയിരുന്നു. അതുകൊണ്ടാണ് സാത്താന്റെമേൽ യേശു നേടിയ വിജയത്തെക്കുറിച്ച് മർക്കോസ് ഇവിടെ ഒന്നും പറയാത്തത്. അവിടുത്തെ അഭിമുഖീകരിക്കുന്ന തിന്മ യുടെ പ്രതീകമായിരുന്നു വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം. തിന്മയ്ക്കെ തിരേ ചെറുത്തു നിൽക്കാൻ യേശുവിന് സംലബ്ധമായ ദൈവിക ശക്തിയുടെ പ്രതീകമായി മാലാഖമാരും നില്ക്കുന്നു. മാലാഖമാ രെയും വന്യമൃഗങ്ങളെയും പറ്റി പ്രതിപാദിക്കുന്ന സങ്കീർത്തനം 91:11-13, യേശുവിന്റെ പ്രലോഭന വിവരണത്തിൽ മത്തായിയും (4:6) ലൂക്കായും (4:10-11) ഉദ്ധരിക്കുന്നുണ്ട്. ദുഷ്ടശക്തിയെ ദൈവികശ ക്തികൊണ്ട് യേശു അതിജീവിക്കുന്നു. അവിടുന്ന് നടത്തിയ ഭൂതോ ച്ചാടനം ഇതു കൂടുതൽ വ്യക്തമാക്കും (മർക്കോ 3:27).

യേശു തന്റെ പ്രലോഭനത്തിൽപോലും തിന്മയുടെ ശക്തികൾക്ക ടിപ്പെട്ട പാപമുള്ള മനുഷ്യകുലത്തോട് താദാത്മ്യപ്പെടുകയാണ്. "ഒരി

# അഞ്ചു വിവാദങ്ങൾ ഒറ്റനോട്ടത്തിൽ

| | സന്ദർഭം | എതിരാളികൾ | കുറ്റാരോപണം | ചോദ്യം ആരോട് | രക്ഷാകരസന്ദേശം |
|---|---|---|---|---|---|
| മർക്കോ 2:1-12 | യേശു, തളർവാതരോഗിയുടെ പാപങ്ങൾ ക്ഷമിച്ച്, സുഖപ്പെടുത്തുന്നു. | നിയമജ്ഞർ | "ഇവൻ ദൈവദൂഷണം പറയുന്നു." | "അവർ ഉള്ളിൽ ചോദ്യമുന്നയിക്കുന്നു. | "ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ട്." (2:10) |
| മർക്കോ 2:15-17 | യേശു "പാപികളോടും ചുങ്കക്കാരോടുമൊപ്പം ഭക്ഷണം കഴിക്കുന്നു. | ഫരിസേയരും നിയമജ്ഞരും | "അവൻ ചുങ്കക്കാരുടെയും പാപികളുടെയും കൂടെ ഭക്ഷിക്കുന്നതെന്ത്?" | ശിഷ്യന്മാരോട് | "നീതിമാൻമാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നത്." (2:17) |
| മർക്കോ 2:18-22 | യേശുവിന്റെ ശിഷ്യന്മാർ ഉപവസിക്കുന്നില്ല | "ആളുകൾ (നിയമജ്ഞരും ഫരിസേയരും) | "യോഹന്നാന്റെയും ഫരിസേയരുടെയും ശിഷ്യന്മാർ ഉപവസിക്കുകയും നിന്റെ ശിഷ്യന്മാർ ഉപവസിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്? | യേശുവിനോട് | "മണവാളൻ കൂടെയുള്ളപ്പോൾ മണവറത്തോഴർക്ക് ഉപവസിക്കാൻ സാധിക്കുമോ?" (രള.2:19) (പുതിയ തുണിക്കഷണത്തെയും പുതിയ വീഞ്ഞിനെയും കുറിച്ചുള്ള വചനം 2:21-22) |
| മർക്കോ 2:23-28 | യേശുവിന്റെ ശിഷ്യന്മാർ സാബത്തുദിവസം ധാന്യക്കതിരുകൾ പറിക്കുന്നു. | ഫരിസേയർ | "സാബത്തിൽ അനുവദനീയമല്ലാത്തത് അവർ ചെയ്യുന്നത് എന്തുകൊണ്ട്?" | യേശുവിനോട് | യേശുവിന്റെ ശിഷ്യന്മാർ സാബത്തുദിവസം ധാന്യക്കതിരുകൾ പറിക്കുന്നു. |
| മർക്കോ 3:1-6 | യേശു കൈ ശോഷിച്ച മനുഷ്യനെ സുഖപ്പെടുത്തുന്നു. | ഫരിസേയർ | (സാബത്തിൽ രോഗശാന്തി നൽകിയത്) | "അവർ നിശ്ശബ്ദരായിരുന്നു.' | നന്മ ചെയ്യുന്നതും ജീവൻ രക്ഷിക്കുന്നതും സാബത്തിൽ നിയമാനുസൃതമാണ് (രള. 3.4) |

സഹായക ഗ്രന്ഥം:

ഫാ. മൈക്കിൾ നായക്കൻ പറമ്പിൽ, ഫാ. ജോബ് തേക്കാനത്ത്, *മർക്കോസ് എഴുതിയ സുവിശേഷം,* പി.ഓ.സി. കൊച്ചിൻ

ഒളിപ്പിച്ചതും അത്ഭുതങ്ങൾ പ്രവർത്തിപ്പിച്ചതും ദൈവകരത്താലും ദൈവാത്മാവിന്റെ ശക്തിയാലുമാണ് എന്ന് സുവിശേഷങ്ങളിൽ കാണുന്നുണ്ട് (ലൂക്കാ 11:20, മത്താ, 12:28). യേശു ദൈവപുത്രനായിരുന്നു. അനിഷേധ്യങ്ങളായ തെളിവുകൾ ഉണ്ടായിരുന്നിട്ടും ദൈവപുത്രനെ പിശാച് എന്ന് വിളിച്ചത് വലിയ പാപമായിരുന്നു. യേശുവിൽ പ്രവർത്തിച്ച ദൈവരൂപിക്ക് എതിരായ പാപമായിരുന്നു അത്. യഹൂദ പ്രമാണികൾ അവരുടെ സ്വാർത്ഥതാൽപ്പര്യങ്ങൾ വച്ചുപുലർത്താൻ, ദൈവത്തിന്റെ പ്രവർത്തനങ്ങളായി അവർ പലപ്രാവശ്യം കണ്ടുവിശ്വസിച്ച യേശുവിന്റെ അടയാളങ്ങളും അത്ഭുതങ്ങളും പിശാചിന്റേതായി വ്യാഖ്യാനിച്ചു. ഇത് ഒരു ദേശീയ പാപമായി കരുതുന്നവരുമുണ്ട്.

അനുതപിക്കുകയാണെങ്കിൽ എല്ലാ പാപങ്ങൾക്കും പാപമോചനം ലഭ്യമാണ്. അങ്ങനെയെങ്കിൽ പരിശുദ്ധാത്മാവിനെതിരേ പാപം ചെയ്ത വ്യക്തി മനസ്തപിച്ചാൽ അവന്റെ പാപം ക്ഷമിക്കപ്പെടുകയില്ലേ?

ഈ ചോദ്യത്തിനുള്ള ഉത്തരമായി ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതിപ്രകാരമാണ് പരിശുദ്ധത്മാവിനെതിരെ പാപം ചെയ്യുന്നവന് ഒരിക്കലും അനുതപിക്കാൻ സാധിക്കുകയില്ല. കാരണം ഈ പാപം ചെയ്യുന്നവനും അതിൽതന്നെ നിലനിൽക്കുന്നവനും താൻ പാപമാണ് ചെയ്യുന്നതെന്നറിയുന്നില്ല. മാത്രമല്ല, ദൈവത്തിന് എതിരായി അവർ നിരന്തരം എതിർത്തുനിൽക്കുന്നതുകൊണ്ടു മനസ്താപത്തിന് അവർ ഒരിക്കലും തയ്യാറാകുന്നുമില്ല എന്നതാണു വാസ്തവം.

സഭാപിതാക്കന്മാരിൽ ചിലരുടെ വീക്ഷണമനുസരിച്ചു മനുഷ്യപുത്രന് എതിരായി ചെയ്യുന്ന പാപം ക്ഷമിക്കപ്പെടും. കാരണം ഇത് അവിശ്വാസികളിൽ നിന്നുള്ളതാണ്. അവർ യേശുവിനെ ദൈവപുത്രനായി മനസ്സിലാക്കാത്തതിനാൽ അവരുടെ പാപം ഗൗരവമുള്ളതല്ല. പരിശുദ്ധാരൂപിക്ക് എതിരായ പാപമാകട്ടെ മതത്യാഗികളായ ക്രൈസ്തവശിഷ്യരുടെ പാപമാണ്. ദൈവപുത്രനാണെന്നറിഞ്ഞത്കൊണ്ട് അവർ യേശുക്രസ്തുവിനെ (അവിടുത്തെ അരുപിയെ) നിഷേധിക്കുന്നു.

സഭാപിതാക്കന്മാർ പറയുന്ന ഈ മതത്യാഗത്തിന്റെ വെളിച്ചത്തിൽ വേണം ലൂക്കാ 12:10-ലെ പരിശുദ്ധാത്മാവിനെതിരെയുള്ള പാപത്തെ മനസ്സിലാക്കാൻ യേശുവിനെ തള്ളിപ്പറയുന്നതിൽ നിന്നും യേശുവിന്റെ ശിഷ്യന്മാരെ രക്ഷിക്കാനും അങ്ങനെ ദൈവദൂഷകരാകാതിരിക്കാനും

ലൂക്കാ സുവിശേഷകൻ രണ്ടാമത്തെ അർത്ഥമാണ് ഉദ്ദേശിച്ചത് എന്നുവേണം കരുതാൻ. അല്ലായിരുന്നെങ്കിൽ ആരെങ്കിലും മനുഷ്യ പുത്രനെതിരായി ഒരു വാക്കു സംസാരിച്ചാൽ എന്നതിനു പകരം ആരെങ്കിലും മനുഷ്യപുത്രനെതിരെ സംസാരിച്ചാൽ എന്നുപറയുമായിരുന്നു.

എന്തുകൊണ്ടാണ് പരിശുദ്ധാത്മാവിനെതിരെയുള്ള ദുഷണം മനുഷ്യപുത്രനെതിരായുള്ള ദുഷണത്തെക്കാൾ ഗൗരവതരമായി ത്തീരുന്നത്? അതു മിക്കവാറും മനുഷ്യപുത്രന്റെ തനിമ അവന്റെ എളിമയിൽ മറയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ടാവാം. അധികാരത്തിന്റേതായ അവകാശം പ്രകടിപ്പിക്കാൻ ഒന്നും തന്നെ 'മനുഷ്യപുത്രൻ' എന്ന പ്രയോഗത്തിൽ ഇല്ല. ഇപ്പോൾ താഴെക്കിടയിൽ പ്രവർത്തിക്കുന്ന, തിരസ്ക്കരിക്കപ്പെടാനും നിന്ദിക്കപ്പെടാനും ഇടയുള്ള മനുഷ്യപുത്രൻ മിക്കവാറും അവഗണിക്കപ്പെടും. അവനെ അനുഗമിച്ചാൽ ദുർബല നിമിഷത്തിൽ അവനെ തള്ളിപ്പറഞ്ഞേക്കുമോ എന്നു ഭയപ്പെട്ടാൽ, അവർക്കു പരിശുദ്ധാത്മാവിന്റെ സഹായം ഉണ്ടായിരിക്കും. എന്നാൽ, പിന്നീട് അവർ പരിശുദ്ധാത്മാവിനെ എതിർക്കുകയും അവന്റെ സഹായം തിരസ്ക്കരിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ അവരുടെ സ്ഥിതി തീർച്ചയായും ദയനീയമായിരിക്കും.

ദിവ്യാരൂപി ശിഷ്യന്മാരുടെ മനസ്സിൽ സൃഷ്ടിക്കുന്ന തോന്നിപ്പുകളും സാക്ഷ്യങ്ങളും സ്വീകരിക്കാതിരുന്നാൽ അത് പരിശുദ്ധരൂപിക്ക് എതിരായ പാപമായിത്തീരുന്നു. ഈ വ്യാത്യാസം ലൂക്കാ 12:10-12 ഉം 11:17 ഉം തമ്മിലുള്ള ബന്ധത്തെ ആസ്പദമാക്കിയുള്ളതാണ്. ക്ലേശങ്ങളിൽ പരിശുദ്ധാത്മാവു നൽകുന്ന സാക്ഷ്യത്തെക്കുറിച്ചാണു ലൂക്കാ 12:12ൽ പ്രതിപാദിക്കുന്നത്. ഈ സാക്ഷ്യത്തിനെതിരായി ക്രിസ്തു ശിഷ്യൻ പ്രവൃത്തിക്കരുത്.

ചുരുക്കത്തിൽ എല്ലാപാപങ്ങളും അരൂപിക്കെതിരായ പാപങ്ങളായി കരുതാം. ദൈവത്തെ ദൈവമായിപ്പോലും അംഗീകരിക്കാതെ അരുപിയെ അറിഞ്ഞുകൊണ്ടു ചവിട്ടിമെതിക്കുന്ന തെറ്റിനെ പരിശുദ്ധരൂപിക്ക് എതിരായ ക്ഷമിക്കപ്പെടാത്ത പാപം എന്നു പറയുന്നു. ഇന്നും ദൈവരൂപി നൽകുന്ന പ്രേരണകളെ മന:പൂർവ്വം തിരസ്കരിക്കുന്നവനു രക്ഷ സാധ്യമല്ല. സർവ്വശക്തൻ കൈനീട്ടിത്തരുന്ന രക്ഷയെന്ന ദാനം നിരസിക്കുന്നവൻ മരുന്നും ചികിത്സയും മന:പൂർവ്വം നിഷേധിക്കുന്ന രോഗിക്ക് തുല്യമാണ്.

**ഘട്ടം 3:** ബാബിലോണിയൻ അടിമത്തം (ബി.സി 587-538). പ്രവാചകൻമാർ: എസെക്കിയേൽ, രണ്ടാം ഏശയ്യ.

**ഘട്ടം 4:** പ്രവാസാനന്തരമുള്ള കാലം (ബി.സി. 538-480). പ്രവാചകൻമാർ : ഒന്നാം സഖറിയ, മൂന്നാം ഏശയ്യ.

**ഘട്ടം 5 :** നെഹേമിയ മുതൽ ഗ്രീക്ക് ഭരണം വരെ (ബി.സി 480-333). പ്രവാചകൻമാർ: മലാക്കി, ഒബദിയ, യോന, ജോയേൽ, രണ്ടാം സഖറിയ

**ഘട്ടം 6 :** മക്കബായരുടെ കാലം (ബി.സി 170-100). പ്രവാചകൻമാർ: ബാറുക്ക്, ദാനിയേൽ.

# I
# പ്രവാചകൻ ദൈവത്തിനും മനുഷ്യനുമിടയിൽ മദ്ധ്യസ്ഥൻ

ഹെബ്രായഭാഷയിലെ 'നവി' എന്ന പദമാണ് മലയാളത്തിൽ പ്രവാചകൻ എന്ന് തർജജ്ജമ ചെയ്തിരിക്കുന്നത്. യവന (ഗ്രീക്ക്) ഭാഷയിൽ ഈ പദം പ്രോഫേറ്റസ് എന്നും ഇംഗ്ലീഷിൽ '(Prophet)' എന്നും തർജ്ജമ ചെയ്യുന്നു. ആരാണ് ഒരു പ്രവാചകൻ എന്നതിന് പുറപ്പാട് 6:28-7:2 നമുക്ക് ഉത്തരം വ്യക്തമായി തരുന്നുണ്ട്. ഫറവോയുടെ അടുത്തേക്കയക്കാൻ വിളിക്കപ്പെട്ട മോശ ദൈവസന്നിധിയിൽ താൻ സംസാരശേഷി ഇല്ലാത്തവനാണ് എന്നറിയിക്കുന്നു. ഈ കുറവ് നികത്താനായി ദൈവം അഹറോനെ മോശയുടെ പ്രവാചകനാക്കി. ഫറാവോയ്ക്ക് മുന്നിൽ മോശ ദൈവത്തെപ്പോലെയാണ്. അഹറോൻ മോശയുടെ (ദൈവത്തിന്റെ) പ്രവാചകനും ദൈവത്തിനുവേണ്ടി ദൈവം കൽപ്പിക്കുന്ന കാര്യങ്ങൾ ദൈവം ആഗ്രഹിക്കുന്നവരോട് പ്രഖ്യാപിക്കേണ്ടവനാണ ഒരു പ്രവാചകൻ (നിയ 18:18-19).

ദൈവത്തിന്റെ വാക്കുകൾ പറയേണ്ടവനാണ് പ്രവാചകനെങ്കിൽ അടുത്ത ചോദ്യമിതാണ്, എങ്ങനെയാണ് പരിമിതികളില്ലാത്ത ദൈവം വെറും മനുഷ്യനായ പ്രവാചകനോട് സംസാരിക്കുന്നത്? ഈ ചോദ്യതത്തിനുത്തരവും ദൈവവചനം നമുക്കു തരുന്നുണ്ട്. സംഖ്യ 12:1-8 വാക്യങ്ങളിൽ ദൈവം തന്റെ പ്രവാചകനോട് സ്വപ്ന

ആവശ്യമുണ്ടായിരുന്നു. അതുപോലെ തന്നെ ജനങ്ങൾക്കും തങ്ങളുടെ മേലുള്ള ദൈവഹിതം അറിയാൻ പ്രവാചകന്മാരുടെ തീരുമാനം കൂടിയേ തീരുമായിരുന്നുള്ളു. മദ്ധ്യപൂർവ്വദേശത്തെ സിറിയയിലെ എബ്ല (Ebla) മാറി (Mari), ഹമാത്ത് തുടങ്ങിയ സ്ഥലങ്ങളിൽ ക്രിസ്തുവിന് മുൻപ് മൂന്നാം സഹസ്രാബ്ദത്തിന്റെ ആരംഭം മുതൽ പ്രവാചക ശുശ്രൂഷ നിലനിന്നിരുന്നതായി ഇന്ന് തെളിവ് ലഭിച്ചിട്ടുണ്ട്. ഹർഷോന്മാദത്തിൽ ലയിച്ച് ഭാവിപറയുന്നവരായിരുന്നു ഈ പ്രവാചകന്മാർ.

ഈ സാമൂഹ്യപശ്ചാത്തലം ഇസ്രായേൽ തങ്ങളുടെ അയൽ രാജ്യങ്ങളുമായി പങ്കുവച്ചു (ജറെ 27:1-15, 1 രാജാ18). അതുകൊണ്ടുതന്നെ ഇസ്രായേലിലും പ്രവാചകശുശ്രൂഷ ഒരു പ്രധാന ജീവിതശൈലിയായിരുന്നു. സാധാരണയായി പ്രവാചകന്മാർ ഒരു നേതാവിന്റെ കീഴിൽ സമൂഹങ്ങളായാണ് ജീവിച്ചിരുന്നത്. ഈ സമൂഹത്തിന്റെ ഗുരുവും നേതാവും പ്രധാന പ്രവാചകൻ ആയിരുന്നു. സമൂഹത്തിന്റെ അവിഭാജ്യഘടകമായിത്തീർന്ന ഈ പ്രവാചകന്മാരുടെ കൂട്ടത്തിൽ വ്യാജ പ്രവാചകന്മാരും ഉണ്ടായിരുന്നു. ഇസ്രായേലിൽ ഒരു പ്രവാചകന്റെ സത്യസന്ധതയ്ക്കുള്ള അടയാളം കർത്താവിന്റെ നിയമത്തോടുള്ള വിശ്വസ്തതയാണ് എന്ന് നിയമാവർത്തനപുസ്തകം പഠിപ്പിക്കുന്നുണ്ട് (നിയ13:1-5).

ഈ സാമൂഹ്യ പശ്ചാത്തലത്തിൽ ഇസ്രായേലിന് ദൈവം നൽകിയ നിയമം നിയമാവർത്തന പുസ്തകം നൽകുന്നുണ്ട് (18:14-15). അവർ ജോത്സ്യൻമാരെയും പ്രശ്നക്കാരെയും സമീപിക്കാൻ കർത്താവ് അനുവദിക്കുന്നില്ല. കർത്താവിന്റെ നാമത്തിൽ സംസാരിക്കുന്ന സത്യപ്രവാചകനെ മാത്രമേ ജനം ശ്രവിക്കാവൂ.

## ചോദ്യങ്ങൾ

1. ആരാണ് ഒരു പ്രവാചകൻ ?
2. എന്തുകൊണ്ടാണ് പ്രവാചകന് നടക്കാൻ പോകുന്ന കാര്യങ്ങൾ അറിയാൻ കഴിയുന്നത്. ?
3. വ്യാജപ്രവാചകൻമാർ എന്ന് ബൈബിൾ വിശേഷിപ്പിക്കുന്നത് ആരെയാണ് ?

ലാണ്. അവനിലൂടെ ദൈവം ഒരു ജനതയ്ക്ക് രൂപം നൽകാമെന്ന് വാഗ്ദാനം ചെയ്തു (ഉൽപത്തി 12:1-4). അവനിലൂടെ ലോകത്തിലെ ജനതകളെയെല്ലാം അനുഗ്രഹിക്കപ്പെടും. വി. ഗ്രന്ഥം ആദ്യമായി അബ്രാഹത്തെയാണ് പ്രവാചകൻ എന്ന് വിശേഷിപ്പിക്കുന്നത്. അബിമെലെക്കിനുവരെ മദ്ധ്യസ്ഥനായി പ്രാർത്ഥിക്കുന്ന ആബ്രാഹത്തെയാണ് വി. ഗ്രന്ഥം പ്രവാചകൻ എന്നുവിളിക്കുന്നു (ഉൽപത്തി 20:7).

ഇസ്രായേലിന്റെ ചരിത്രത്തിന്റെ ഏറ്റവും പ്രധാന അധ്യായം തുറക്കുന്നത് മോശയുടെ നേതൃത്വത്തിൽ ഈജിപ്തിൽ നിന്നുള്ള പുറപ്പാടും അതിനുശേഷമുള്ള സീനായ് ഉടമ്പടിയോടും കൂടിയാണ്. ദൈവത്തിനും മനുഷ്യനുമിടയിൽ മദ്ധ്യസ്ഥനായി വർത്തിച്ചുകൊണ്ട് ദൈവം നൽകിയ നിയമങ്ങൾ ജനത്തിന് എത്തിച്ചുകൊടുത്തുകൊണ്ടുമാണ് മോശ ദൈവത്തിന്റെ പ്രവാചകനായി മറിയത് (നിയ 18:15-18). ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവാചകനാണദ്ദേഹം.

മോശയ്ക്കു ശേഷം ന്യായാധിപന്മാരുടെ കാലത്ത് ദെബോറായെ വി. ഗ്രന്ഥകർത്താവ് പ്രവാചിക എന്നുവിളിക്കുന്നുണ്ടെങ്കിലും എന്താണ് അതിന്റെ അർത്ഥമെന്ന് വ്യക്തമല്ല (ന്യായ 4:4). ന്യായാധിപന്മാരുടെ പുസ്തകം 6-ാം അധ്യായത്തിൽ പേര് വെളിപ്പെടുത്താത്ത മറ്റൊരു പ്രവാചകൻ പ്രത്യക്ഷപ്പെടുന്നു (6:7-10). ഈ പ്രവാചകൻ വിഗ്രഹാരാധനയിൽ നിന്ന് പിന്തിരിയണമെന്ന് ജനത്തെ പഠിപ്പിച്ചു. തുടർന്നുള്ള ചരിത്രത്തിൽ സാമുവേലിനെയാണ് വി. ഗ്രന്ഥം പ്രവാചകനായി അവതരിപ്പിക്കുന്നത്. (1 സാമു 8:1-5) ഇസ്രായേലിൽ ആദ്യമായി ഒരു രാജാവിനെ വാഴിച്ചുകൊണ്ട് രാജഭരണത്തിന് ചരിത്രം കുറിക്കുന്നത് സാമുവൽ പ്രവാചകനാണ്.

സമുവൽ ജനത്തിന്റെ ആഗ്രഹമനുസരിച്ചും ദൈവകൽപ്പനയനുസരിച്ചും സാവൂളിനെ രാജാവായി വാഴിച്ചു. എന്നാൽ സാവൂൾ ദൈവഹിതത്തിനും നിയമത്തിനുമെതിരായി ബലിയർപ്പിച്ചപ്പോൾ അവനെ രാജത്വത്തിൽ നിന്ന് തിരസ്കരിക്കുകയും ദാവീദിനെ പുതിയ രാജാവായി അഭിഷേകം ചെയ്യുകയും ചെയ്തു. ദാവീദിന്റെ

വടക്കൻ രാജ്യത്തിന്റെ എന്നേയ്ക്കുമായുള്ള പതനമാണ് (ബി. സി. 722) ചരിത്രത്തിലെ തുടർന്നുവരുന്ന പ്രധാന സംഭവം. പ്രവാചകൻമാരുടെ വാക്കുകേൾക്കാതിരുന്നതാണ് ഈ പതനത്തിന് കാരണമെന്ന് 2. രാജാ 17:13-18 ൽ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. ദൈവത്തോടു വിശ്വസ്തത പുലർത്തിയ യൂദയാ തുടർന്നും നിലനിന്നു. യൂദയായുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് ജോസിയ നടപ്പാക്കിയ മതനവീകരണം ഈ പ്രവൃത്തിക്ക് ഉത്തേജനം നൽകിയത് ഹുൽദ എന്ന പ്രവാചികയുടെ വാക്കുകളാണ് (2 രാജ 22:14-20).

പിന്നീട് ചരിത്രത്തിൽ സംഭവിച്ചത് യൂദയായുടെ പതനമാണ്. യൂദായിൽ അക്കാലത്ത് രണ്ട് രാഷ്ട്രീയ ചിന്താഗതികളുണ്ടായിരുന്നു ജെറമിയായും കൂട്ടരും യൂദയാ ബാബിലോണിനോട് ചേർന്നു നിൽക്കുന്നതാണ് നിലനിൽപ്പിനാവശ്യം എന്നു കരുതി. പ്രവാചകൻ ഹനനിയയെപ്പോലെയുള്ളവരാകട്ടെ ഈജിപ്തിനോട് ചേർന്ന് നിൽക്കുകയാണ് നല്ലത് എന്ന് കരുതി. എന്നാൽ സത്യപ്രവാചകനായ ജറെമിയായുടെ വാക്കുകളായിരുന്നു പ്രായോഗിഗമെന്ന് ചരിത്രം തെളിയിച്ചു (ജറെ 27-28).

തുടർന്നുവന്നത് യൂദയായുടെ വിപ്രവാസകാലമാണ്. പരമ്പരാഗതമായി പകർന്നുകിട്ടിയ വിശ്വാസം ജനത്തെ ഒരു വിശ്വാസ പ്രതിസന്ധിയിലേക്ക് നയിച്ചു എന്ന് കരുതുന്നതിൽ തെറ്റില്ല. ദൈവം സീനായ് മലയിൽ സ്വയം വെളിപ്പെടുത്തിയതനുസരിച്ച്, അവൻ പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് മക്കളെയും മക്കളുടെ മക്കളെയും മൂന്നും നാലും തലമുറവരെ ശിക്ഷിക്കുന്നവനാണ് (പുറ 34:6-7). സ്വാഭാവികമായും പിതാക്കന്മാരുടെ കുറ്റങ്ങൾക്കാണ് തങ്ങൾ ശിക്ഷ അനുഭവിക്കുന്നതെന്ന് വിപ്രവാസത്തിലെ ജനതയും പ്രത്യേകിച്ച് അതിലെ രണ്ടാം തലമുറയും കരുതി (വിലാ 5:6-7). ഈ പ്രതിസന്ധിഘട്ടത്തിൽ പരമ്പരാഗതമായി യാഹവേയിലുള്ള വിശ്വാസം കാത്തുസൂക്ഷിക്കാൻ വിശ്വാസ സത്യങ്ങളെ വിശദികരിക്കുകയും നവീകരിക്കുകയും ചെയ്യുക ആവശ്യമായി വന്നു. വിപ്രവാസകാലത്ത് പ്രവാചകന്മാരായ ജറെമിയായും എസെക്കിയേലുമാണ് ഈ മതനവീകരണ ജോലി ചെയ്തത്. പിതാക്കന്മാർ പച്ചമുന്തിരി തിന്നു

ത്തിൽ ദേവാലയത്തിന്റെ പണി പൂർത്തിയാക്കി ദൈവത്തെ ആദരിക്കുന്നതിലൂടെ മാത്രമേ സമൃദ്ധിയും പുരോഗതിയിമുണ്ടാകൂ എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് ദേവാലയ നിർമ്മാണം പ്രോത്സാഹിപ്പിച്ചവരാണ് പ്രവാചകന്മാരായ സഖറിയായും (8:1-9) ഹഗ്ഗായിയും (2:1-9).

നിർഭാഗ്യവശാൽ ദേവാലയ പുനഃനിർമ്മാണശേഷവും സമൂഹത്തിന്റെ നിലവാരം മെച്ചപ്പെട്ടില്ല. ജനങ്ങൽ ദേവാലയത്തിൽ അംഗവൈകല്യമുള്ള മൃഗങ്ങളെപോലും ബലിയർപ്പിച്ചു (മലാ 1:8). പുരോഹിതർ അഴിമതിക്കാരായി (മലാ 2:8-9); വിവാഹമോചനം നിത്യസഭവമായി (മലാ 2:14-16). വിജാതിയ യുവതികൾ വിവാഹത്തിലൂടെ സമൂഹത്തിലേയ്ക്ക് കടന്നുവന്നു (മലാ 2:11); ദൈവം അകലെയാണെന്നും ദൈവത്തെ അനുസരിക്കുന്നത് അർത്ഥശൂന്യമാണെന്നും പലരും കരുതി (3:14). ഈ അവസരത്തിൽ ദൈവസ്നേഹത്തെപറ്റി പ്രസംഗിച്ചുകൊണ്ടും ഏദോമിന്റെ സ്ഥിതി യൂദയായുടേതിനേക്കാൾ മോശമാണെന്ന് കാണിച്ചുകൊണ്ടും കർത്താവിന്റെ പുതിയ ഒരു ദിനത്തനായി കാത്തിരിക്കാൻ ജനത്തെ ഉദ്ബോധിപ്പിച്ചവനാണ്. ഇസ്രായേലിന്റെ അവസാന പ്രവാചകനാണ് മലാക്കി (3:1-5). മലാക്കിയോടുകൂടി പഴയ നിയമ കാലഘട്ടത്തിലെ പ്രവാചക ശുശ്രൂഷ അവസാനിക്കുകയാണ്.

ഇസ്രായേലിന്റെ ചരിത്രത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളിലെല്ലാം പ്രവാചകർ ദൈവത്തിന്റെ വക്താക്കളായി പ്രവർത്തിച്ചിരുന്നെന്നും പ്രവാചകന്മാർ ചരിത്രത്തെ നയിച്ചവരോ ചരിത്രത്തിന്റെ തിൻമയിലേക്കുള്ള പ്രയാണം തടയാൻ ശ്രദ്ധിച്ചവരോ ആണ്. അതുകൊണ്ടുതന്നെ പ്രവാചകന്മാർ ചരിത്രപ്രാധാന്യമുള്ള നേതാക്കളുമാണ്.

## ചോദ്യങ്ങൾ

1. ഇസ്രായേലിലെ പ്രവാചക ശുശ്രൂഷയുടെ ഉത്ഭവത്തെപ്പറ്റി പണ്ഡിതന്മാർ എന്താണ് പറയുന്നത്?
2. ഇസ്രായേലിന്റെ ചരിത്രത്തിൽ പ്രവാചകന്മാർക്കുണ്ടായ വലിയ സ്വാധീനം തെളിയിക്കുന്ന മൂന്ന് സംഭവങ്ങൾ വിവരിക്കുക?

അദ്ദേഹം പ്രസംഗിച്ചത്. ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധ ത്തിൽ വന്ന തകർച്ചയ്ക്ക് പരിഹാരം കാണുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേക ദൗത്യം. വടക്കൻ രാജ്യമായ ഇസ്രായേ ലിൽ കർത്താവിൽനിന്നകന്നുപോകുകയും വിഗ്രഹങ്ങളെ ആരാ ധിക്കുകയും ചെയ്തു (1 രാജ 12:25-33). ഇസ്രായേൽ ഇപ്രകാരം ദൈവത്തോട് അവിശ്വസ്തത കാട്ടി അകന്നുപോയ പശ്ചാത്തല ത്തിൽ ദൈവത്തെ വ്രണിതനായ ഒരു പിതാവായും വഞ്ചിതനായ ഭർത്താവായും സ്വന്തം ജീവിതത്തിലൂടെ ചിത്രീകരിച്ചുകൊണ്ട് ദൈവ ത്തിന്റെ മനോവ്യഥയും ദുഃഖവും ജനങ്ങളെ പഠിപ്പിച്ചവനാണ് ഹോസിയ (1:2-9, 3:1-4:1;10:1-2;11:1-4,13:1).

ജറുസലെമിലെ ഏശയ്യാ പ്രവാചകനാകട്ടെ (ഏശയ്യ 1-39) ദൈവ ത്തിന്റെ പരിശുദ്ധി വിളിച്ചറിയിക്കാനും ജറുസലേമിന്റെ (സിയോൻ) മഹത്വം പ്രസംഗിക്കാനും വിളിക്കപ്പെട്ടവനാണ്. ഒന്നാം ഏശയ്യായിൽ നിന്നും വ്യത്യസ്തനായി വിപ്രവാസകാലത്ത് ബാബിലോണിലെ സമാധാന പൂർണ്ണമായ ജീവിതം, യൂദായിലേതിനേക്കാൾ സ്വീകാ ര്യമായി ജനം കരുതിയ അവസരത്തിൽ, ഇസ്രായേലിന്റെ ദൈവം മാത്രമാണ് യഥാർത്ഥ ദൈവമെന്നും അവന്റെ പട്ടണമായ ജറുസ ലേമിൽ മാത്രമേ ദൈവ ദർശനം സാധ്യമാകൂ എന്നും ജനത്തെ പഠിപ്പിച്ചുകൊണ്ട് അവരെ വാഗ്ദത്ത ഭൂമിയിലെക്ക് തിരിച്ചുപോകാൻ ഉത്തേജിപ്പിച്ചവനാണ് രണ്ടാം ഏശയ്യ (40-53). പ്രവാചകരായ സക്ക റിയായും ഹഗ്ഗായിയും, മലാക്കിയും ദേവാലയ പുനഃനിർമ്മാണവും അതിന് ശേഷമുള്ള ബലിയർപ്പണവുമായി ബന്ധപ്പെട്ടു പ്രവർത്തി ച്ചവരാണ്.

ഓരോ പ്രവാചകനെയും ദൈവം ഓരോ പ്രത്യേക ദൗത്യം ഭര മേൽപ്പിച്ചിരുന്നു എന്ന് ഇതിൽനിന്നെല്ലാം വ്യക്തമാണ്. പ്രവാചക ന്മാരാകട്ടെ തങ്ങൾക്ക് നൽകപ്പെട്ട ദൗത്യങ്ങൾ പൂർണ്ണമായി ഉൾകൊ ള്ളുകയും അത് ജീവിക്കുകയും, പ്രസംഗിക്കുകയും ചെയ്തു. (ആമോ 3:3-8 ഹോസി :1). പ്രവാചകന്മാരുടെ ദൗത്യങ്ങൾ വ്യതിരി

# IV
# പ്രവാചകരും വചനവും

ദൈവവചനം സ്വീകരിച്ച പ്രവാചകർ അത് ജീവിത ഗന്ധിയായി പ്രഘോഷിച്ചു. അവർ അപ്രകാരം പ്രഘോഷിച്ച വചനങ്ങൾ തല മുറകളോളം ആത്മിയ ചൈതന്യം പകർന്നുകൊടുക്കാൻ കഴിവുറ്റ വിധം ശക്തവും ജനത്തെ ദൈവഹിതം മനസ്സിലാക്കുന്നതിന് സഹാ യിക്കുന്നവയുമായിരുന്നു. ആയതിനാൽ പ്രവാചകരുടെ ശിഷ്യ ന്മാരും തുടർന്നുവന്ന തലമുറകളും പ്രവാചകരുടെ വചനങ്ങൾ ഓർമ്മയിൽ സൂക്ഷിക്കുക മാത്രമല്ല അവ എഴുതി സൂക്ഷിക്കുകകൂടി ചെയ്തു. അങ്ങനെ എഴുതപ്പെട്ടവയാണ് നമുക്കു ലഭിച്ചിരിക്കുന്ന പ്രവാചകഗ്രന്ഥങ്ങൾ. ബൈബിളിലെ പ്രവാചക ഗ്രന്ഥങ്ങളെ മുൻകാല പ്രവാചകന്മാർ (ജോഷ്വ, ന്യായാധിപന്മാർ, 1,2 സാമൂവൽ, 1,2 രാജാക്കന്മാർ) എന്നും പിൽക്കാല പ്രവാചകന്മാർ (ഏശയ്യാ ജറെ മിയാ, എസെക്കിയേൽ, 12 ചെറിയ പ്രവാചകന്മാർ) എന്നും രണ്ടാ യിതിരിക്കാം. പിൽക്കാല പ്രവാചകന്മാരാണ് സാധാരണഗതിയിൽ പ്രവാചകന്മാർ എന്നറിയപ്പെടുന്നത്.

പിൽക്കാല പ്രവാചകന്മാരുടെ 18 ഗ്രന്ഥങ്ങളാണ് ബൈബിളിലു ള്ളത്. പഴയ നിയമത്തിന്റെ അവസാന ഭാഗത്തായി പുതിയ നിയമം ആരംഭിക്കുന്നതിനുമുമ്പ് ഏശയ്യാ മുതൽ മലാക്കിവരെയുള്ളവയാണ് ഈ ഗ്രന്ഥങ്ങൾ വചനത്താൽ നിറഞ്ഞ പ്രവാചകന്മാർ വചനം പ്രസംഗിക്കുക മാത്രമല്ല വചനമായ ക്രിസ്തുവിനെ കാത്തിരിക്കു കയും ചെയ്തു (ഏശയ്യാ 7:14; മക്ക 5:2). പ്രവാചകന്മാരുടെ നിര യിൽ അവസാനത്തേതെന്ന് പുതിയ നിയമം കരുതുന്ന സ്നാപക യോഹന്നാൻ (മത്തായി 11:9) വചനമായ ക്രിസ്തുവിലേയ്ക്ക് വിരൽ ചൂണ്ടി. വചനം സ്വീകരിച്ചവരായിരുന്നു പഴയനിയമകാലത്തിലെ പ്രവാചകന്മാരെങ്കിൽ വചനത്തിന്റെ പൂർത്തികരണമാണ് ക്രിസ്തു: അവൻ വചനം തന്നെയാണ് (മത്താ 5:17-20). എന്നു പറഞ്ഞാൽ ദൈവീക നിയമങ്ങൾ മനുഷ്യനിലേയ്ക്ക് കൊണ്ടുവന്ന വലിയ പ്രവാ ചകനായ മോശയിലാരംഭിക്കുന്ന പ്രവാചക (മദ്ധ്യസ്ഥ) ദൗത്യം,

## അനുബന്ധം 3
### യൂദയായിലെ പ്രവാചകൻമാർ

| പ്രവാചകന്മാർ | രാജാക്കന്മാർ |
|---|---|
| ഷെമായാ | റഹോബോവാം |
| (1 രാജാ 12:22-24;2 | |
| ദിന 11:2-4, 12:5-8,15) | |
| ഇദ്ദോ (2ദിന:9:29) | |
| ഇദ്ദോ (2ദിന13:22) | അബില്ലാ |
| അസറിയാ (2 ദിന 15:1-2) | ആസാ |
| ഹനാനി (2 ദിന 16:7-10) | |
| യേഹു (2 ദിന:19:1320:34) | യഹോഷാഫാത്ത് |
| യഹാസിയേൽ (2:ദിന20:37) | യഹോറാം |
| | അഹാസിയ |
| ഏലിയാ (2 ദിന 21:12-15) | അത്താലിയ |
| | യോവാഷ് |
| ജോയേൽ | അമാസിയ |
| സഖറിയ (2 ദിന 24:20-22) | |
| ജോയേൽ | ഉസിയ (അസറിയ) |
| സഖറിയ (2 ദിന 26:5) | |
| ഏശയ്യ 2:2 6:1 | |
| ഏശയ്യ (1:1)മിക്കാ(1:1) | യോഥാം |
| ഏശയ്യ (1:1,7) മിക്കാ (1,1) | ഈഹാസ് |
| ഏശയ്യ (1:1,7) | ഹെസെക്കിയ |
| | മനാസ്സെ |
| | ആമോൻ |
| നാഹും - ഹബാക്കുക്ക് | ജോസിയ |
| ഹുൽദാ (2 രാജാ 22:14-20) | |
| സെഫാനിയ | |
| ജറെമിയ | യഹോവാസ് |
| ജറെമിയ | യഹോയാക്കിം |
| ഊറിയ (ജറെ 26:20-23) | |
| ജറെമിയ | യാഹോയാക്കിൻ |
| ജറെമിയ | സെദേക്കിയ |

# ഭാഗം II
# അടിസ്ഥാന
# ദൈവശാസ്ത്രം

ദൈവശാസ്ത്രത്തിലെ ഏറ്റവും അടിസ്ഥാന സത്യങ്ങളായ പരിശുദ്ധ ത്രീത്വത്തെയും മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെയും കുറിച്ചുള്ള പഠനങ്ങളാണ് ഈ ഭാഗത്തിന്റെ ഉള്ളടക്കം. ദൈവശാസ്ത്രത്തിലെ ഇതര ശാഖകൾക്കെല്ലാം അടിസ്ഥാനമായി നിലകൊള്ളുന്നത് ഈ ദൈവശാസ്ത്രസത്യങ്ങളാണ്. അതുകൊണ്ടുതന്നെ ദൈവശാസ്ത്രപഠനത്തിൽ ത്രിത്വവിജ്ഞാനീയവും ക്രിസ്തുവിജ്ഞാനീയവും അദ്വിദീയമായ സ്ഥാനം അലങ്കരിക്കുന്നു.

പാഠരചന

റവ. ഡോ. തോമസ് കൊച്ചുകരോട്ട്
റവ. ഫാ. ജയിംസ് പുത്തൻനടയിൽ

രക്ഷാകരചരിത്രത്തിന്റെ അടിസ്ഥാന മാനദണ്ഡമായ ത്രിതൈ്വക ദൈവവിശ്വാസം ആരാധനാക്രമത്തിലൂടെ നാം ആഘോഷിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു.

പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാ പ്രവൃത്തികളും തുടങ്ങുകയും, പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സ്തുതിഅർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്ന പതിവ് ക്രിസ്ത്യാനികളുടെ ഇടയിൽ സർവ്വസാധാരണമാണ്. ഇവിടെ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും തുല്യരായി, ദൈവമായി കരുതുന്നു. പക്ഷേ ഇവർ, മൂന്ന് ദൈവങ്ങളല്ല, മൂവരും കൂടി ഏകദൈവം മാത്രമാണ്. ഈ യാഥാർത്ഥ്യത്തെ സൂചിപ്പിക്കാനാണ് - ത്രിത്വം, അഥവാ ത്രിയേകദൈവം എന്ന പദം ഉപയോഗിക്കുന്നത്.

ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ കേന്ദ്രവും ഉറവിടവും ത്രിതൈ്വക ദൈവത്തിലുള്ള വിശ്വാസമാണെങ്കിലും, ഒത്തിരിയേറെ തെറ്റിദ്ധാരണകൾക്കും, വിവാദങ്ങൾക്കും, ദുർവ്യാഖ്യാനങ്ങൾക്കും ഈ വിശ്വാസം ഇടയായിട്ടുണ്ട്. അതിനു കാരണം പരി. ത്രിത്വത്തിന്റെ രഹസ്യാത്മകതയും നിഗൂഢതയുമാണ്. ആയതിനാൽ ത്രിതൈ്വക രഹസ്യപഠനം സഭയിൽ ഇന്ന് വളരെ വലിയ പ്രധാന്യം നേടിയിരിക്കുന്നു. തങ്ങളുടെ വിശ്വാസമെന്തെന്ന് മനസ്സിലാക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കുകയും, ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ക്രൈസ്തവരുടെ ഉള്ളിൽ പോലും ഉയർന്നു വരുന്ന ചോദ്യമാണ് ഒന്ന് എങ്ങനെ മൂന്നാകും? മൂന്ന് എങ്ങനെ ഒന്നാകും? ഒന്നുകിൽ ഒരു ദൈവം, അല്ലെങ്കിൽ മൂന്ന് ദൈവങ്ങൾ. പക്ഷേ ദൈവം ഒന്നേയുള്ളൂവെന്ന് ബൈബിൾ അനിഷേധ്യമായി പഠിപ്പിക്കുന്നു.

ഏകദൈവവിശ്വാസമാണ് മനുഷ്യബുദ്ധിക്കും യുക്തിക്കും കൂടുതൽ സ്വീകാര്യം. ത്രിയേകദൈവം എന്ന വിശ്വാസം പിന്നെ എങ്ങനെ ഉണ്ടായി ? എന്ന ചോദ്യം അവശേഷിക്കുന്നു. ഇതിനുള്ള ഉത്തരം കണ്ടുപിടിക്കുവാനും ത്രിയേകദൈവശാസ്ത്രം പഠിക്കുവാനും ഈ പാഠത്തിലൂടെ നമുക്ക് പരിശ്രമിക്കാം. പരിശുദ്ധത്രിത്വം എന്ന

ത്തിൽ ഒരു സത്ത (Ousia, Substantia) മാത്രമേയുള്ളു എന്നും ഈ ഏകസത്തയിൽ വ്യതിരിക്തങ്ങളായ മൂന്നു വ്യക്തിത്വങ്ങൾ (Person, Prospon, Hypostasis) ഉണ്ടെന്നും പുത്രനും, പരിശുദ്ധാത്മാവും പിതാവിനോട് സത്തയിൽ  സമരും സർവ്വസ്തുതിക്കും അർഹരുമാകുന്നു എന്നതാണ് നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിന്റെ ത്രിത്വത്തെക്കുറിച്ചുള്ള അടിസ്ഥാന പ്രബോധനം.

മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും യുക്തിക്ക് അതീതവുമായ ഒരു ദിവ്യരഹസ്യമാണ് പരിശുദ്ധ ത്രിത്വം. കാരണം ദൈവം ഒരുവനേയുള്ളൂ. ആ ഏകദൈവത്തിലെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകൾ ഒരുപോലെ ആരംഭവും അവസാനവും ഇല്ലാത്തവരാണ്. തുല്യമായ ശക്തിയും, അറിവും മഹത്വവുമുള്ള ഈ മൂവരും മൂന്നു വ്യക്തികളാണ്. മൂവരും ഒരുപോലെ ആരാധനയർഹിക്കുന്നു. എന്നാൽ മൂവരും കൂടി മൂന്ന് ദൈവങ്ങളല്ല. ഒരേ ഒരു ദൈവം മാത്രം-സത്തയിൽ ഏകത്വവും വ്യക്തിത്വത്തിൽ ത്രിത്വവും. ഒരേ ദൈവിക സത്തയിൽ തുല്യമായി പങ്കുചേരുന്ന മൂന്നു വ്യക്തികൾ. നമ്മുടെ പ്രാർത്ഥനയിലും, ആരാധനയിലും, വി.ബലിയിലും നാം  ത്രിയേക ദൈവത്തെ, ഒന്നായും, മൂവരെയും വ്യക്തിപരമായും ആരാധിക്കുകയും, സ്തുതിക്കുകയും, ചെയ്യുന്നു.

പരിശുദ്ധത്രിത്വത്തെ ഒരു പ്രശ്നം (Problem) എന്ന നിലയിൽ അപഗ്രഥിച്ചു പഠിക്കാൻ ശ്രമിക്കുമ്പോൾ അതിന് വ്യക്തമായ ഉദാഹരണങ്ങൾ നൽകുക സാധ്യമല്ല. കാരണം പല മാനുഷിക ഉദാഹരണങ്ങളും ത്രിത്വമെന്ന ആശയത്തോട് ചേരുകയില്ല, പൂർണമാവുകയില്ല, ആശയം വ്യക്തമാവുകയില്ല. ഉദാഹരണങ്ങൾ അപര്യാപ്തമാണ്. ത്രിത്വമെന്നത് ഒരു രഹസ്യമാണ് (Mystery). അതിനെ വസ്തുനിഷ്ഠമായി അപഗ്രഥിക്കാനാവില്ല. ഒരു മനുഷ്യ വ്യക്തിയുടെ പോലും ആഴങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് കണ്ടെത്താൻ കഴിയാത്ത സ്ഥിതിക്ക്, സ്രഷ്ടാവിനെ അപഗ്രഥിക്കാൻ ഏതു ശാസ്ത്രത്തിനാണ് കഴിയുക!

ഒരു വ്യക്തിയെ നാം മനസ്സിലാക്കുന്നത് ശാസ്ത്രീയ ഗവേഷണത്തിലൂടെയല്ല, മറിച്ച് വ്യക്തിബന്ധത്തിലൂടെയാണ്. സ്നേഹ

ന്യമർഹിക്കുന്നു. അതിനാൽ ത്രിത്വമെന്ന പദത്തിനല്ല, ആ പദം സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തിനാണ് പ്രധാന്യം കല്പിക്കേണ്ടത്. ത്രിത്വം എന്ന പദമല്ല, യാഥാർത്ഥ്യമാണ് വെളിപ്പെടുത്തപ്പെട്ട സത്യം.

**b. *വെളിപ്പെടുത്തപ്പെട്ട സത്യം***

ദൈവം ഉണ്ടെന്ന് ബുദ്ധി ഉപയോഗിച്ച് കണ്ടുപിടിക്കാനാവും. പക്ഷേ ദൈവം ആരെന്ന് ബുദ്ധിക്ക് തെളിയിക്കാനാവില്ല. അതിന് ഹൃദയവും മനസ്സും വേണം. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളാണ് ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവ്. അത് ഹൃദയവും മനസ്സും ഉപയോഗിച്ച് നാം സ്വീകരിക്കുന്നു. പലലോകമതങ്ങളും പലതിനെയും ദൈവമായി കണ്ടു. പക്ഷേ അവസാനം നേതി+നേതി=ഇതല്ല+ഇതല്ല എന്ന് ഏറ്റു പറഞ്ഞു. ദൈവത്തെ മനസ്സിലാക്കണമെങ്കിൽ ദൈവം സ്വയം വെളിപ്പെടുത്തണം. ദൈവം കാലാകാലങ്ങളിൽ ആവശ്യാനുസരണം വെളിപ്പെടുത്തിയതായി നമുക്കറിയാം (ഹെബ്രാ 1:12). പലമതങ്ങളിലും വെളിപാടിന്റെ അംശംനമുക്ക് കാണാനാവും (2-ാം വത്തിക്കാൻ, അക്രൈസ്തവ മതങ്ങൾ-2).

യേശുവിലൂടെ എല്ലാത്തിന്റെയും പൂർണ്ണവെളിപ്പെടുത്തൽ നാം കാണുന്നു. ലോകമതങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ടതിന്റെയും പഴയനിയമത്തിന്റെയും എല്ലാം പൂർത്തികരണമാണ് . പുതിയനിയമത്തിൽ നാം കാണുക. യേശുവിലൂടെയുള്ള വെളിപ്പെടുത്തലിലൂടെ ത്രീയേക ദൈവത്തെനാമറിയുന്നു. പുതിയനിയമത്തിലുടനീളവും, പഴയനിയമത്തിൽ അങ്ങിങ്ങും ത്രിത്വത്തെക്കുറിച്ചുള്ള പലപ്രതിപാദനങ്ങളും വിവരണങ്ങളും ദർശിക്കാനാവും. പിതാവ്, പുത്രൻ പരിശുദ്ധാത്മാവ് എന്ന ത്രിയേകസത്യം വി. ഗ്രന്ഥത്തിന്റെ പ്രതിപാദന വിഷയം തന്നെയാണ്.

### *2. ത്രിത്വം വി. ഗ്രന്ഥത്തിൽ*

പഴയനിയമം : - പരിശുദ്ധത്രിത്വം എന്ന രഹസ്യം ഭാഗികമായി മാത്രമേ പഴയനിയമത്തിൽ വെളിപ്പെടുത്തുന്നുള്ളു. പഴയനിയമത്തിന്റെ വലിയ ലക്ഷ്യങ്ങളിലൊന്ന് ദൈവം ഏകനാണ് എന്ന സത്യം ശക്തമായും, വ്യക്തമായും അവതരിപ്പിക്കുകയാണ്. ത്രിത്വത്തെക്കുറിച്ചുള്ള വ്യക്തമായ സൂചനകളില്ലെങ്കിലും, പുതിയനിയമത്തിൽ

പഴയനിയമത്തിൽ നിന്ന് നമുക്ക് കിട്ടുന്ന ചിത്രം ഇതാണ്; ദൈവം ഏകനാണ് എന്നു ഏറ്റുപറയുന്നതോടൊപ്പം ആ ഏകത്വത്തിന് ഒരു പ്രത്യേകതയുണ്ട്. ബഹുത്വം, അല്ലെങ്കിൽ ത്രിത്വം വ്യക്തമല്ലെങ്കിലും ഒരു ദൈവത്തിൽ ഒന്നിലേറെ ആളുകൾ ഉണ്ട് എന്ന സൂചന ആവർത്തിച്ച് നല്കപ്പെട്ടിരിക്കുന്നു. പുതിയനിയമത്തിന്റെ വെളിച്ചത്തിൽ പഴയനിയമം വായിക്കുമ്പോൾ ഈ ഉൾക്കാഴ്ചകൾ വ്യക്തമാകും.

### *3. ആദിമസഭയും, സഭാപിതാക്കൻമാരും*

ആദിമസഭയുടെ മാമ്മോദീസ പരികർമ്മത്തിൽ പിതാവിലും, പുത്രനിലും, പരിശുദ്ധ റൂഹായിലും വിശ്വസിക്കുന്നുവോ എന്ന് ചോദിച്ചുകൊണ്ടാണ് കർമ്മം ആരംഭിച്ചിരുന്നത്. വി. ഗ്രന്ഥത്തിൽ ത്രിത്വം എന്ന പദം ഉപയോഗിക്കുന്നില്ലെങ്കിലും ത്രിത്വത്തെക്കുറിച്ചുള്ള സൂചനകൾ ധാരാളമുണ്ട് (മത്താ 28:20). ഇത് ആദിമസഭയുടെ വിശ്വാസത്തിന്റെ പ്രതിഫലനമാണ്. വി. കുർബാനയിലും പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സ്തുതി എന്ന ത്രിത്വസ്തുതിയോടെ പ്രാർത്ഥനകൾ ആരംഭിക്കുകയോ, അവസാനിപ്പിക്കുകയോ ചെയ്തിരുന്നു.

ആദിമസഭയും, ശ്ലീഹൻമാരും ചെയ്തത് ത്രിത്വത്തെ നിർവ്വചിക്കുകയല്ല, വെളിപ്പെടുത്തപ്പെട്ട ത്രിത്വത്തെ വിശ്വാസത്തിലൂടെയും, ജീവിതത്തിലൂടെയും സാക്ഷ്യപ്പെടുത്തുകയാണ്. ത്രിത്വം എന്ന പദം പിന്നീട് രൂപപ്പെട്ടതാണെങ്കിലും വിശ്വാസസത്യം എന്ന നിലയിൽ ക്രിസ്തീയതയുടെ അടിസ്ഥാനമാണ്.

കാർത്തേജിലെ തെർത്തുല്യൻ എന്ന സഭാപിതാവാണ് ത്രിനിത്താസ് (Trinitas) എന്ന വാക്ക് ത്രിത്വത്തെ സൂചിപ്പിക്കുവാൻ ആദ്യമായി ഉപയോഗിച്ചത്. ആളത്വത്തെ (Personhood) സൂചിപ്പിക്കാനായി പെർസോണോ-എന്ന വാക്കും അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. റോമിലെ ഹിപ്പോളിറ്റസ് ആളത്വത്തെ സൂചിപ്പിക്കാൻ Prosopon - എന്ന വാക്കും ഉപയോഗിച്ചു. സഭാപിതാവായ ഒരിജന്റെ സംഭാവന വളരെ വലുതാണ്. അദ്ദേഹം ആളത്വത്തെ സൂചിപ്പിക്കാൻ ഹുപ്പോസ്റ്റാസിസ് എന്ന വാക്കും, സത്തയെ സൂചിപ്പിക്കാൻ സുബ്സ്താൻ

വിചിന്തനങ്ങൾക്ക് തടസ്സങ്ങളാണ്. ത്രിത്വൈക വിശ്വാസസത്യം (Dogmas) രൂപപ്പെട്ടതിന്റെ ചരിത്രം പ്രസക്തമാണ്. വിശ്വാസ സംബന്ധമായ പ്രശ്നങ്ങൾക്കുള്ള മറുപടിയായിട്ടാണ് പല വിശ്വാസസത്യങ്ങളും രൂപപ്പെട്ടത്. ശ്ലീഹൻമാരിലൂടെയും, ആദിമസഭയിലൂടെയും ജീവിച്ചുപോന്ന സത്യങ്ങളെയാണ് വിശ്വാസസത്യങ്ങൾ അരക്കിട്ടുറപ്പിക്കുന്നത്. ഇവയ്ക്ക് വി. ഗ്രന്ഥത്തിലും, വി. പാരമ്പര്യത്തിലും അടിസ്ഥാനമുണ്ട്. ഇത് കാലകാലങ്ങളിൽ ക്രമാനുഗതമായി നടന്ന സംഭവങ്ങളാണ്. പിന്നീട് യാന്ത്രികമായി കൂട്ടിച്ചേർക്കപ്പെട്ടതല്ല.

### *4. പ. ത്രിത്വത്തിനെതിരായ പാഷണ്ഡതകൾ*

ത്രിത്വത്തെക്കുറിച്ചു പഠിക്കുമ്പോൾ ക്രിസ്തു പറഞ്ഞതാണ് അടിസ്ഥാന വിശ്വാസപ്രമാണം. ഈ വിശ്വാസ പ്രമാണങ്ങളുടെ ചുരുളഴിക്കുവാൻ വിശ്വാസമുപയോഗിച്ച് മാത്രമേ സാധിക്കൂ. യുക്തിക്കും, ബുദ്ധിക്കും സഭാപ്രബോധനങ്ങളുടെ കാര്യത്തിൽ കുറഞ്ഞ സ്ഥാനമേ ഉള്ളൂ. പാരമ്പര്യത്തിനും, സഭാപഠനത്തിനും വിരുദ്ധമായി, യുക്തിയും ബുദ്ധിയും മാത്രമുപയോഗിച്ചുള്ള പഠനങ്ങളുടെ പരിണിതഫലമായാണ് പാഷണ്ഡതകൾ രൂപപ്പെടുന്നത്. പരിശുദ്ധത്രിത്വത്തെക്കുറിച്ച്സഭ പഠിപ്പിക്കുന്നതിൽനിന്നും, വ്യത്യസ്തമായ തെറ്റായപഠനങ്ങളെയാണ് ത്രിത്വത്തിനെതിരായ പാഷ്ണഡത എന്ന് പറയുന്നത്.

ആരംഭകാലത്തെ, പ്രത്യേകിച്ച് രണ്ടാം നൂറ്റാണ്ടിലെ ക്രിസ്ത്യൻ ദൈവശാസ്ത്രജ്ഞൻമാർ തങ്ങളുടെ ശ്രദ്ധ പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത് ത്രിയേകദൈവത്തിലുള്ള വിശ്വാസം സംരക്ഷിക്കുന്ന കാര്യത്തിലാണ്. ഗ്നോസ്റ്റിക്കുകളുടെ (ജ്ഞാനവാദികളുടെ) ആക്രമണം ശക്തമായിരുന്ന ആ കാലത്ത് അത് വളരെ ആവശ്യവുമായിരുന്നു. അക്കാലത്തെ ഒരു സമുന്നത ചിന്തകനായ അന്ത്യോകായിലെ തെയോഫിലോസാണ് 180-ാം ആണ്ടിൽ ത്രിത്വം (Trias) എന്ന പദം ഏകദൈവത്തിലുള്ള മൂന്ന് ആളുകളെ സൂചിപ്പിക്കാൻ ആദ്യമായി പ്രയോഗിച്ചതുതന്നെ. എന്നാൽ ആ കാലഘട്ടത്തിൽ തന്നെ ദത്തുപുത്രവാദം (Adoptionism) എന്ന ഒരു വലിയ പാഷണ്ഡത പൊട്ടിപ്പുറപ്പെട്ടു.

മുഖ്യപ്രചാരകൻ ആയതുകൊണ്ടാണ് ആര്യൻ പാഷണ്ഡത ശക്തി പ്പെട്ട ചുറ്റുപാടിൽ അതിനെ നേരിടുന്നതിനുവേണ്ടി എ.ഡി. 325-ൽ അന്നത്തെ റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റയിന്റെ ആജ്ഞപ്രകാരം നിഖ്യാ (Nicea) എന്ന സ്ഥലത്ത് സമ്മേളിച്ച സാർവ്വത്രിക സൂനഹദോസാണ് കത്തോലിക്കാസഭയുൾപ്പെടെ ഒട്ടു മിക്ക പാരമ്പര്യസഭകളും തങ്ങളുടെ വിശ്വാസത്തിന് അടിസ്ഥാന മായി സ്വീകരിച്ചിട്ടുള്ള വിശ്വാസപ്രമാണം എഴുതിയുണ്ടാക്കിയതും ആര്യൻ പാഷണ്ഡതയെ ശക്തമായി ശപിച്ചതും. ആര്യൻ പാഷണ്ഡതയുടെ പരിണിതഫലമായി അർദ്ധആര്യൻ പാഷണ്ഡത (Semi Arianism) ചിലസ്ഥലങ്ങളിൽ രൂപം കൊണ്ടു. ദൈവവുമായുള്ള ക്രിസ്തുവിന്റെ സമത്വം ഈ പാഷ്ണഡതയും നിഷേധിക്കുന്നു. കൂടാതെ അവിടുന്ന് ദൈവത്തിന്റെ സൃഷ്ടി മാത്രമാണെന്ന് പഠിപ്പി ക്കുകയും ചെയ്യുന്നു. ആര്യൻ പാഷ്ണഡതയ്ക്ക് എതിരെ വീറോടെ യുദ്ധംചെയ്ത് സത്യവിശ്വാസം സംരക്ഷിക്കാൻ മുന്നോട്ടു വന്ന വരിൽ അഗ്രഗണ്യൻ, അലക്സാഡ്രിയായിലെ മെത്രാൻ ആയിരുന്ന അത്തനാസിയൂസാണ്.

### *ഫൊത്തിനിയാനിസം* (Photinianism)

തെറ്റിനോട് പ്രതികരിച്ച് എതിർധ്രുവത്തിലെ തെറ്റിൽ ചെന്ന് വീഴുക സാധാരണമാണ്. അതിനുദാഹരണമാണ് ഫൊത്തിനിയാനിസം. അൻസീറ (Ancyra) യുടെ മെത്രാൻ ആയിരുന്ന മാർസെലസ് ആര്യൻ പാഷണ്ഡതയ്ക്ക് എതിരായി പൊരുതി ത്രിത്വത്തിൽ മൂന്നാളുകൾ ഉണ്ടെന്ന് നിഷേധിക്കുന്ന സബേള്ളിയനിസത്തിൽ ചെന്നുവീഴുകയുണ്ടായി. പിന്നീട് മറ്റൊരു മെത്രാനായ ഫൊത്തിനിസും അതേ തെറ്റുതന്നെ പഠിപ്പിച്ചു. ഈ പാഷ്ണഡതയെ (neo sabellianism) ഫൊത്തിനിയാനിസം എന്നു പറയുന്നു.

### *മാസിഡോണിയൻ പാഷ്ണഡത* (Macedononian)

ത്രിത്വത്തിന്റേത് ഏകദൈവികസത്തയാണെന്നത് നിഷേധി ച്ചവർ പരോക്ഷമായി പ. അരൂപിയുടെ ദിവ്യത്വവും നിഷേധിച്ചു എന്നത് ശരിയാണ്. എ.ഡി. 360-നോടുകൂടിമാത്രമാണ് പ. അരൂപി യുടെ ദിവ്യത്വവും ചൂടുപിടിച്ച ചർച്ചാവിഷയമായത്. കോൺസ്റ്റാന്റി

പിതാവിനോടുകൂടി ഒന്നായിരിക്കുന്ന സത്തയാണ് പുത്രന്റേത് എന്ന് സൂചിപ്പിക്കുവാൻ നിഖ്യാ-കൗൺസിൽ ശ്രമിച്ചു. Homousia (സമസത്ത) എന്ന വാക്ക് തെറ്റിദ്ധരിച്ച് Homoiousia (സമാനസത്ത) എന്ന് ഉപയോഗിച്ചത് മറ്റൊരു പാഷണ്ഡതയ്ക്ക് കാരണമായി. ഇതേതുടർന്ന് അപ്പോളിയാനാരിയനിസം (ഈശോയുടെ ദൈവത്വം തറപ്പിച്ചു പറയുന്നതിനായി മനുഷ്യത്വം വെട്ടിചുരുക്കി) മാസിഡോണിയനിസം (റൂഹാദാക്കുദിശായുടെ ദൈവത്വത്തെ നിഷേധിക്കുന്ന പാഷണ്ഡത) എന്നീ പാഷണ്ഡതകൾ ഉടലെടുത്തു. ഈ പാഷണ്ഡതകളെ നിഷേധിക്കുന്നതോടോപ്പം, നിഖ്യാ-പ്രബോധനം ഉറപ്പിക്കുകയുമാണ് 381-ലെ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസസത്യത്തിൽ ചെയതത്.

വി. അത്തനാസിയൂസ്, കപ്പദോസിയായിലെ പിതാക്കൻമാരായ വി. ബേസിൽ, ഗ്രിഗറി നസിയാൻസൻ, നിസ്സായിലെ വി. ഗ്രിഗറി എന്നിവരുടെ ത്രിത്വസംബന്ധമായ പഠനങ്ങൾ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിൽ സ്വാധീനം ചെലുത്തി. പിതാവിനോടും പുത്രനോടും സത്തയിൽ ഒന്നായിരിക്കുന്ന പരിശുദ്ധ റൂഹായെക്കുറിച്ചുള്ള പ്രബോധനം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. കപ്പദോസിയായിലെ പിതാക്കൻമാരുടെ പഠനത്തിന്റെ അംഗീകാരം കൂടിയാണ് കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ. അവർ ത്രിത്വശാസ്ത്രത്തിന് കുറച്ചുകൂടി വ്യക്തത നൽകി. പ്രത്യേകിച്ച് പരിശുദ്ധാത്മാവിനെ സംബന്ധിച്ച വിശ്വാസ പ്രഖ്യാപനം കൂടുതൽ വ്യക്തവും പൂർണ്ണവുമായി. കാരണം നിഖ്യാ-കൗൺസിൽ, പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു എന്ന് പറയുമ്പോൾ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ കർത്താവും ജീവദാതാവും, പിതാവിൽ നിന്ന് പുറപ്പെടുന്നവനും, പിതാവിനോടും പുത്രനോടുമൊപ്പം ആരാധിക്കപ്പെടുന്നവനും, മഹത്വീകരിക്കപ്പെടുന്നവനും, പ്രവാചകൻമാർ വഴി സംസാരിക്കുന്നവനുമായ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു എന്നു പഠിപ്പിക്കുന്നു.

പിന്നീട് നടന്ന 382-ലെ റോമിലെ കൗൺസിലിലും, തൊളെദൊയിൽ വച്ച് 678-ൽ നടന്ന കൗൺസിലിലും, 1215-ലെ നാലാം

ദൈവശാസ്ത്രമാണ്. ലെയോ പതിമൂന്നാമൻ മാർപ്പാപ്പ പറഞ്ഞു: നാം ഏകദൈവത്തെ ത്രിത്വമായും ത്രിത്വത്തെ ഏകമായും ആരാധിക്കണം, എന്നതാണ് കത്തോലിക്കാവിശ്വാസം: *This is the Catholic faith that we should adore one God in Trinity and Trinity in Unity.*

## ചോദ്യങ്ങൾ :

1. ത്രിത്വൈകദൈവശാസ്ത്രം മറ്റ് ദൈവശാസ്ത്രശാഖകൾക്ക് അടിസ്ഥാനമാകാൻ കാരണമെന്ത് ?
2. പരിശുദ്ധ ത്രിത്വം ഒരു രഹസ്യമാണെന്ന് പറയുവാൻ കാരണമെന്ത് ?
3. നിഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലുകളുടെ ത്രീയേക ദൈവശാസ്ത്രം ചുരിക്കി എഴുതുക ?
4. വി. ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ത്രിത്വത്തെ വിശദമാക്കുക?
5. അനുദിനജീവിതത്തിൽ ത്രീയേക ദൈവത്തിനുള്ള പ്രാധാന്യം വിശദീകരിക്കുക ?

സഭകളിൽ പലതും ഹോമോയ് ഊസിയ (homoiousia) എന്ന് ഉപയോഗിച്ചിരിക്കുന്നു. ഒരേസത്ത എന്നതിനുപകരം ഒരുപോലെയുള്ള സാമ്യമുള്ള സത്ത എന്നാണ് ഈ പദത്തിനർത്ഥം. സഭാപിതാവായ ഹിലാരി പോർട്ടിയേഴ്സിന്റെ കാലം മുതൽ (A.D. നാലാം നൂറ്റാണ്ട്) പൗരസ്ത്യസഭകളും ഹോമോ ഊസിയ എന്ന പദം ഉപയോഗിച്ചുതുടങ്ങി.

### 3. പ്രോസോപ്പോൻ (Prosopan), ഹുപോസ്റ്റാസിസ് (hypostasis)

പ്രോസോപ്പോൻ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം "മുഖം" എന്നാണ്. വ്യക്തി (ഹൂപോസ്റ്റാസിസ്) അഥവാ പ്രത്യക്ഷമാകുന്ന രൂപം എന്ന് ഇതിനെ നിയതാർത്ഥത്തിൽ നിർവ്വചിക്കാം. പോസോപ്പോൻ, ഹുപോസ്റ്റാസിസ് എന്നീ പദങ്ങളെ സമാനാർത്ഥത്തിലാണ് ഔദ്യോഗിക ക്രിസ്തു വിജ്ഞാനീയം ഉപയോഗിക്കുന്നത് (രണ്ടു പദങ്ങളെയും Persona-വ്യക്തി - എന്നാണ് ലത്തീനിൽ വിവർത്തനം ചെയ്യുന്നത്). എന്നാൽ മൊപ്സുവെസ്തിയായിലെ തെയഡോറും നെസ്തോറിയസും ഈ രണ്ടുപദങ്ങളെ വേർതിരിച്ചുമനസ്സിലാക്കി. ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും പരിപൂർണ്ണമായി ദൈവവ്യക്തിത്വത്തിൽ ഒന്നുചേരുന്നു എന്ന വിശ്വാസ സത്യത്തെ (Hypostatic union) നിഷേധിച്ചുകൊണ്ട് നെസ്തോറിയൻ പാഷാണ്ഡതയുടെ വക്താക്കളായ ഇവർ ക്രിസ്തുവിലെ ദൈവ- മനുഷ്യസ്വഭാവങ്ങളെ രണ്ടു വ്യതിരിക്ത വ്യക്തിത്വങ്ങളുടെ സമ്മേളനമായി (Prosopic Union) അവതരിപ്പിച്ചു. പരിശുദ്ധത്രിത്വത്തിൽ ഒരു സത്തയും (Ousia) മൂന്നു വ്യക്തികളും (hypostases) ഉണ്ട്. യേശുവിൽ രണ്ടു സ്വഭാവങ്ങളും (Phuses) ഒരു വ്യക്തിത്വവും (hypostasis) ആണുള്ളത്.

## II ക്രിസ്തു വിജ്ഞാനീയത്തിന്റെ പ്രസക്തി

ഒരുവന്റെ യേശുവിലുള്ള വിശ്വാസത്തെ വിശദീകരിക്കുവാനും അവതരിപ്പിക്കുവാനും യേശുവിനെക്കുറിച്ചുള്ള അറിവ് ആവശ്യമാണ്. ഈ അറിവ് യേശുവിലുള്ള അവന്റെ സമർപ്പണത്തെ ഉറപ്പിക്കുകയും അവനെത്തന്നെ കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു. വിശുദ്ധ ആഗസ്തീനോസ് പറയുന്നു. "നാഥാ ഞാൻ എന്നെത്തന്നെ അറിയുവാൻ അങ്ങയെ അറിയട്ടെ." ഒരുവന്റെ അസ്തിത്വത്തെക്കുറിച്ചുള്ള അന്വേഷണം ദൈവത്തിന്റെ അസ്തിത്വത്തിൽ എത്തിച്ചേരും. യേശു എന്ന വ്യക്തിയെ അടുത്തറിയാൻ ശ്രമിക്കുന്ന ഏതൊരാളുടേയും ഉള്ളിൽ ഉദിക്കുന്ന നിരവധിയായ ചോദ്യങ്ങൾക്ക് ഉത്തരമാണ് യേശു വിജ്ഞാനീയം. വിശ്വാസ ജീവിതത്തിൽ അവൻ നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കും ഉത്തരമാണ് യേശു. തത്വചിന്തകനായ ഇമ്മാനുവേൽ കാന്റിന്റെ ചിന്താസരണിയുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുമ്പോൾ പ്രസക്തമായ മൂന്നു ചോദ്യങ്ങളാണ് ക്രിസ്തുവിജ്ഞാനീയത്തിന്റെ ഉള്ളടക്കം. യേശു ക്രിസ്തുവിന്റെ വ്യക്തിപരമായ അനന്യതയെക്കുറിച്ച് എനിക്ക് എന്ത് അറിയാൻ സാധിക്കും? എന്ത് രക്ഷയാണ് എനിക്ക് യേശുവിൽ നിന്ന് പ്രതീക്ഷിക്കാൻ സാധിക്കുക? ദൈവപുത്രനും ലോകരക്ഷകനുമായ യേശു ക്രിസ്തുവിൽ എന്റെ അസ്തിത്വത്തെ പൂർണ്ണമായും സമർപ്പിക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടത് ? ഈ ചോദ്യങ്ങൾക്ക് പൂർണ്ണമായും ഉത്തരം ലഭിക്കണമെങ്കിൽ യേശുവിനെക്കുറിച്ച് അറിഞ്ഞേ മതിയാവു. ഈ അറിവ് സമ്പാദിക്കുവാൻ രണ്ട് അടിസ്ഥാന ഘടകങ്ങൾ ആവശ്യമാണ്: 1) വിശ്വാസം 2) വിശുദ്ധി.

**വിശ്വാസം** - കഴിഞ്ഞ യേശു സംഭവങ്ങളെക്കുറിച്ചുള്ള ഏറ്റുപറച്ചിൽ
- യേശുവിലുള്ള സമ്പൂർണ്ണ സമർപ്പണം.
- യേശുവിലൂടെ രക്ഷ നേടാമെന്നുള്ള അടിയുറച്ച ഉറപ്പ്.

## വിശുദ്ധി

"എന്റെ കർത്താവായ യേശു ക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ സർവ്വവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെ പ്രതി ഞാൻ സകലവും നഷ്ടപ്പെടു

## യേശുവിന്റെ അഭിധാനങ്ങൾ (Christological Titles)

1. **കർത്താവ്:** *അദോനായ്* (adonai) എന്ന ഹീബ്രു പദത്തിനു സമാനമായ *ക്യുറിയോസ്* (*Kyrios*) എന്ന ഗ്രീക്കു പദമാണ് യേശു ക്രിസ്തുവിന്റെഅഭിധാനങ്ങളിലൊന്നായി പുതിയനിയമം ഉപയോഗിക്കുന്നത്. "യേശു കർത്താവാണ്" എന്നതാണ് സഭയിലെ ആദ്യത്തെ വിശ്വാസപ്രമാണം (അപ്പ 8:16; 19:5). പൗലോസിന്റെ ലേഖനങ്ങളിലുടനീളം ഈ വിശ്വാസപ്രഖ്യാപനം കാണാം (റോമാ 10:9;1 കോറി 7:22; 12:3;2 കോറി 4:5). പത്രോസിന്റെ പ്രസംഗത്തിലും യേശുവിന്റെ കർത്തൃത്വം ഏറ്റുപറയുന്നുണ്ട് (അപ്പ 1:21; 2:36). അരമായ ഭാഷ ഉപയോഗിച്ചിരുന്ന സഭകളുടെ *മാറാനാത്താ* maranatha കർത്താവേ വന്നാലും (cfr.1 കോറി 16:22; വെളി 22:20) എന്ന പ്രാർത്ഥന യേശുവിന്റെ കർത്തൃത്വത്തെ ഏറ്റു പറയുന്നതാണ്. ഫിലി 2:6-11 ൽ കാണുന്ന ക്രിസ്തു രഹസ്യഗീതം, പൗലോസ് ലേഖനം രചിക്കുന്നതിനുമുമ്പേ ആദിമസഭയിൽ നിലവിലുണ്ടായിരുന്ന ക്രിസ്തു രഹസ്യഗീതങ്ങളിൽ (Christological hymns) ഒന്നായിരുന്നു എന്ന വാദം അംഗീകരിച്ചാൽ, പൗലോസിന്റെ കാലത്തിനു മുമ്പു തന്നെ യേശു കർത്താവാണെന്ന വിശ്വാസം രൂഢമൂലമായിരുന്നുവെന്നു കരുതാം. "കർത്താവിന്റെ അത്താഴം" എന്ന പദപ്രയോഗവും (1 കോറി 11:23) പൗലോസിന്റെ സ്വന്തമാകാനിടയില്ല.

'യേശു, കർത്താവാണ്' എന്ന വിശ്വാസപ്രഖ്യാപനത്തിലൂടെ യേശുവിന്റെ ദൈവികതയാണ് ആദിമസഭ ഏറ്റുപറയുന്നത് (അപ്പ 7:59-60; 1 കോറി 12:8; 16:22). തങ്ങളുടെ വിശ്വാസത്തിന് ആധാരമായ വ്യക്തി എന്ന നിലയിലും (അപ്പ 5:14; 9:42; 11:24) ദൈവത്തോടൊപ്പം സകല അധികാരങ്ങളിലും പങ്കുപറ്റുന്നവൻ എന്നയർത്ഥത്തിലും (അപ്പ. 2:34) ആദിമ ക്രൈസ്തവർ കർത്താവ് എന്ന പദം ഉപയോഗിച്ചിരുന്നു. പഴയനിയമത്തിലെ 'യാഹ്വെ'യ്ക്കു സമാനമായ കർത്താവ് (*kyrios*) എന്ന പേര് യഹൂദക്രൈസ്തവർ യേശുവിനെ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ചിരുന്നുവെന്നത് ആദിമസഭയ്ക്ക് യേശുവിന്റെ ദൈവികതയിൽ ഉണ്ടായിരുന്ന അടി

"കർത്താവ്" എന്നു വിളിക്കുന്ന സന്ദർഭങ്ങളിൽ ഗുരു, യജമാനൻ എന്നൊക്കെയേ പുതിയ നിയമം അർത്ഥമാക്കുന്നുള്ളു (മർക്കോ 10:51; മത്താ 20:33; ലൂക്കാ 6:46; 18:41; യോഹ 13:13). എന്നാൽ, യേശു തന്നെത്തന്നെ "കർത്താവ്" എന്ന് അഭിസംബോധന ചെയ്യുന്ന അവസരങ്ങളിൽ, *ക്യൂരിയോസ്* (കർത്താവ്) എന്ന പദത്തിൽ സകല അധികാരവും ഉള്ളവൻ, ദൈവസമാനൻ എന്നൊക്കെയാണർത്ഥം (മത്താ 7:21; മർക്കോ 12:35 ff). പുതിയ നിയമഗ്രന്ഥങ്ങളെല്ലാം ഉത്ഥാനാനന്തരം എഴുതപ്പെട്ടതാകയാൽ ഇപ്രകാരം ഒരു അർത്ഥവ്യതിയാനം വേർതിരിക്കുക ശ്രമകരമാണ്. തന്മൂലം, ചരിത്രപുരുഷനായ യേശുവിനെ സൂചിപ്പിക്കുവാനും കർത്താവ് (Kyrios) എന്ന പദം തന്നെയാണ് സുവിശേഷകന്മാർ ഉപയോഗിക്കുന്നത്.

ആദിമസഭ യേശുവിനെ കർത്താവായി ഏറ്റുപറയുമ്പോൾ അവിടുത്തെ ദൗത്യം ദൈവദത്തമായിരുന്നു എന്ന അവബോധം അവർക്കുണ്ടായിരുന്നു. എല്ലാം അവന് അധീനമായിക്കഴിയുമ്പോൾ അവൻ തന്നെത്തന്നെ ദൈവത്തിന് അധീനമാക്കുന്നു.

2. **ക്രിസ്തു** (Christ) മിശിഹാ: *ക്രിസ്തോസ്* എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് ക്രിസ്തു എന്ന മലയാളപദത്തിന്റെ ഉത്ഭവം. ഇതിനു സമാനമായ ഹീബ്രുപദം *മെഷിയാഹ്* ആണ്. ഈ വാക്കിന്റെ അർത്ഥം 'അഭിഷിക്തൻ' എന്നാണ്. യേശുവിന്റെ സംജ്ഞയായി സാധാരണ ഉപയോഗിക്കുന്ന വാക്കാണിത്.

**പഴയനിയമത്തിൽ:**

വരാനിരിക്കുന്ന രക്ഷകനെ സൂചിപ്പിക്കാൻ പഴയനിയമത്തിൽ ഉപയോഗിച്ച വാക്കാണിത്. രക്ഷകനെ രാജത്വവുമായി ബന്ധപ്പെട്ടാണ് യഹൂദർ കണ്ടത്. രാജാക്കന്മാർ സ്ഥാനം ഏൽക്കുമ്പോൾ അഭിഷിക്തരാകുന്ന പതിവുണ്ടായിരുന്നു (1 സാമു 16:16; 1 രാജാ 19:16). അതിനാൽ രാജാക്കന്മാരെ 'അഭിഷിക്തർ' എന്നു വിളിക്കുമായിരുന്നു. അതുപോലെ, പ്രവാചകരും പുരോഹിതരുടെ അഭിഷേകം സ്വീകരിച്ചവരായിരുന്നു (ലേവ്യ 4:3; ഏശ 45:1). രക്ഷയെക്കുറിച്ചുള്ള പ്രതീക്ഷ "രക്ഷകൻ" എന്ന വ്യക്തിയുമായി ബന്ധിപ്പിച്ചും "ദൈവത്തിന്റെ ഇടപെടൽ" എന്ന പൊതുവായ അർത്ഥത്തിലും മനസ്സിലാ

റോമൻ ആധിപത്യത്തിന്റെ സാഹചര്യത്തിൽ ഇസ്രായേലിന്റെ രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷ രാഷ്ട്രീയപരമായ ആശയത്തോട് ബന്ധപ്പെട്ടു മനസ്സിലാക്കുവാൻ തുടങ്ങി. രക്ഷകന്റെ ദൗത്യം ഇസ്രാ യേലിനെ റോമാക്കാരിൽ നിന്നും മോചിപ്പിക്കുകയാണ് എന്ന ആശ യത്തിനു പ്രാധാന്യം വന്നു. തീർച്ചയായും രാജത്വവും രാഷ്ട്രീയ വിമോചനവും ബന്ധപ്പെട്ടാണ് കിടന്നത്.

**സുവിശേഷങ്ങൾ**

മാർക്കോസിന്റെ സുവിശേഷത്തിൽ യേശു സ്വീകരിക്കാത്ത ഒരു സംജ്ഞയാണ് "ക്രിസ്തു" പ്രത്യേകിച്ച് സുവിശേഷത്തിന്റെ ആദ്യ ഭാഗത്ത് (1:1-8:30). യേശു തന്റെ അനന്യത ഒരു രഹസ്യമാക്കി മന സ്സിലാക്കുന്നു. മാർക്കോസിന്റെ ലക്ഷ്യം യേശുവിന്റെ മിശിഹാത്വവും സഹനവും തമ്മിലുള്ള ബന്ധം വെളിപ്പെടുത്തുകയാണ്. ഇസ്രാ യേലിൽ നിലനിൽക്കുന്ന പ്രതീക്ഷ അംഗീകരിച്ചാൽ സഹനത്തിന് സ്ഥാനമുണ്ടാകില്ല. ആദ്യ ഭാഗത്തിന്റെ അവസാന രംഗത്തിൽ, കേസ റിയാ ഫിലിപ്പിയിൽ പത്രോസ് നടത്തുന്ന പ്രഖ്യാപനം 'ക്രിസ്തു' എന്ന സംജ്ഞയാണ് ഉപയോഗിക്കുന്നത് (8:27-30). യേശു ആ സംജ്ഞ അംഗീകരിക്കുന്നുണ്ട്. പക്ഷേ, അതിന്റെ ഉള്ളടക്കം വ്യത്യ സ്തമായി മനസ്സിലാക്കുന്നു എന്നത് തുടർന്നുള്ള സംഭാഷണത്തിൽ വ്യക്തമാണ് (8:31-33). പിന്നീട് വരുന്ന പ്രബോധനങ്ങളിൽ ഈ പുനർ വ്യാഖ്യാനം വിവിധ മാനങ്ങളോടെ അവതരിപ്പിക്കപ്പെടുന്നു. മാർക്കോസിന്റെ വീക്ഷണത്തിൽ ക്രിസ്തു 'സഹിക്കുന്ന, മരിക്കുന്ന ദൈവപുത്രനാണ്'. കുരിശിൽ കിടക്കുന്ന യേശുവിനെ "ദൈവപു ത്രൻ" എന്ന് പ്രഖ്യാപി ക്കുമ്പോൾ ശതാധിപൻ ഈ സന്ദേശം വഹി ക്കുന്നവനാകുന്നു.

'ക്രിസ്തു'വും "ദാവീദിന്റെ പുത്ര"നും തമ്മിലുള്ള ബന്ധവും പുനർവ്യാഖ്യാനം ചെയ്യപ്പെടുന്നു. യേശുവിനെ മറ്റുള്ളവർ "ദാവീദിന്റെ പുത്രാ" എന്ന് അഭിസംബോധന ചെയ്യുന്നുണ്ട് (10,46 -52) എന്നാൽ യേശുക്രിസ്തു ദാവീദിന്റെ പുത്രനേക്കാൾ ദൈവ ത്തിന്റെ പുത്രനാണെന്ന് സ്ഥാപിക്കുന്നു (12:35-37). 14:62-ൽ പ്രധാന പുരോഹിതന്റെ ചോദ്യത്തിൽ രണ്ട് സംജ്ഞകളും ഒന്നിച്ച് ചേർക്കപ്പെടുന്നു.

യേശുവിനെക്കുറിച്ച് തർക്കിക്കുമ്പോഴും "ക്രിസ്തുവാണോ?" എന്നതാണ് വിഷയം (7:31). മർത്താ യേശുവിനെ ക്രിസ്തുവായി പ്രഖ്യാപിക്കുന്നു (11:27). രാഷ്ട്രീയവും രാജകീയവുമായ അർത്ഥത്തിലല്ല മിശിഹാത്വം മനസ്സിലാക്കേണ്ടത് എന്ന് യേശു തന്റെ രാജകീയ പ്രവേശനവേളയിൽ തെളിയിക്കുന്നു ജനക്കൂട്ടത്തിന്റെ പ്രതീക്ഷയെ തിരുത്തിക്കൊണ്ട് യേശു കഴുതപ്പുറത്തു കയറി വന്നു (12:12 -19). ഉപസംഹാരത്തിൽ തന്റെ രചനയുടെ ഉദ്ദേശ്യം വിശദമാക്കുമ്പോൾ സുവിശേഷകൻ പറയുന്നത്, "യേശു ദൈവപുത്രനായ ക്രിസ്തു"വാണെന്ന് വിശ്വസിക്കാനാണ് എന്നാകുന്നു.

**സുവിശേഷതര ഗ്രന്ഥങ്ങളിൽ**

സുവിശേഷങ്ങൾക്ക് പുറത്തുള്ള പുസ്തകങ്ങളിലാണ് "ക്രിസ്തു" എന്ന സംജ്ഞ കൂടുതൽ ഉപയോഗിച്ചിരിക്കുന്നത്.

| മത്താ | മാർക്കോ | ലൂക്കാ | യോഹ | അപ്പ | പൗലോ | മറ്റുപുസ്തകം |
|---|---|---|---|---|---|---|
| 17 | 7 | 12 | 19 | 25 | 379 | 70 |

ക്രിസ്തുവിജ്ഞാനീയത്തിന്റെ വളർച്ചയാണ് ഇത് കാണിക്കുന്നത്. യേശുവിന്റെ പ്രവർത്തന സമയത്ത് പ്രബോധനങ്ങളിലും പ്രവൃത്തികളിലും പരോക്ഷമായിരുന്നത് സഭയുടെ കാലഘട്ടത്തിൽ പ്രത്യക്ഷമായിത്തീർന്നു. സഭ യേശുവിനെ ക്രിസ്തുവാക്കി എന്ന് പറയുന്നത് അർത്ഥമില്ലാത്ത പ്രസ്താവനയാണ്. കാരണം, യേശുവിനെയും ക്രിസ്തുവിനെയും തമ്മിൽ വേർതിരിച്ചു കൂടാ. യേശുവാണ് ക്രിസ്തു. ചരിത്രവും ദൈവശാസ്ത്രവും രണ്ടായിക്കാണരുത്. നാം പ്രഖ്യാപിക്കുന്ന വിശ്വാസത്തിന്റെ വിഷയമായ ക്രിസ്തു ചരിത്രത്തിൽ ജീവിച്ച യേശു തന്നെയാണ്.

അപ്പസ്തോലപ്രവർത്തനങ്ങളിൽ, അപ്പസ്തോലന്മാരുടെ പ്രഭാഷണങ്ങളിൽ യേശു, ക്രിസ്തുവാണ് എന്നു പ്രഖ്യാപിക്കപ്പെടുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ "ക്രിസ്തുവെന്നത് "യേശു" എന്ന പേരിനോട് ചേർത്തുവയ്ക്കുകയോ, ഒറ്റയ്ക്ക് ഉപയോഗിക്കയോ ചെയ്യാവുന്ന പേരാണ്. ക്രിസ്തു വിജ്ഞാനീയത്തിന്റെ വളർച്ചയുടെ പ്രധാനപ്പെട്ട നിമിഷങ്ങൾ ഇവിടെ കാണാം. യേശുവിന്റെ രണ്ടാം പേരായി "ക്രിസ്തു" മാറി എന്നതാണ് പൗലോസിന്റെ ലേഖനങ്ങളിലെ പ്രത്യേകത.

**3. ദൈവപുത്രൻ**

ഇസ്രായേലിനെ ദൈവത്തിന്റെ പുത്രനെന്നും (മത്താ 2: 13ff; cfr. ഹോസി 11:1) വിശ്വാസികളെ ദൈവപുത്രന്മാരെന്നും (ലൂക്കാ 20:36) പുതിയനിയമം വിശേഷിപ്പിക്കുന്നുണ്ടെങ്കിലും യേശുവിന്റെ ദൈവപുത്രസ്ഥാനത്തിന്റെ അനന്യശ്രേഷ്ഠത പുതിയ നിയമം ആവർത്തിച്ചു സമർത്ഥിക്കുന്നുണ്ട്. യേശുവിന്റെ അഭിധാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് "ദൈവപുത്രൻ" എന്ന വിശേഷണം.

**a. മർക്കോസിന്റെ സുവിശേഷത്തിൽ:-** യേശുവിനെ ദൈവപുത്രനായാണ് മർക്കോസ് അവതരിപ്പിക്കുന്നത്. സുവിശേഷത്തിന്റെ ആദ്യവാചകം തന്നെ ഈ വസ്തുത ഏറ്റുപറയുന്നുണ്ട് (1:1). യേശു ദൈവപുത്രനാണെന്നുള്ള ശതാധിപന്റെ എറ്റുപറച്ചിലോടുകൂടിയാണ് സുവിശേഷം അവസാനിക്കുന്നത് (15:39). ദൈവപുത്രൻ എന്ന പദത്തിന് മർക്കോസിന്റെ സുവിശേഷത്തിൽ വളരെയേറെ അർത്ഥതലങ്ങളുണ്ട്.

i. മാമ്മോദീസാവേളയിലും രൂപാന്തരീകരണവേളയിലും (1:11; 9:7) ദൈവപിതാവു തന്നെ യേശുവിന്റെ ദൈവപുത്രത്വം ഏറ്റുപറയുന്നു.

ii. മനുഷ്യപുത്രനായിരിക്കവേ തന്നെ യേശു ദൈവപുത്രനാണ്. "മനുഷ്യപുത്രൻ പിതാവിന്റെ മഹത്ത്വത്തോടുകൂടിവരുമ്പോൾ.." (8:38) എന്ന പരാമർശം ഈ ആശയം വ്യക്തമാക്കുന്നു.

iii. മിശിഹായുടെ അഭിധാനമെന്ന നിലയിലും ദൈവപുത്രൻ എന്ന പദം മർക്കോസ് ഉപയോഗിക്കുന്നുണ്ട് (14:61).

iv. പിശാചുക്കൾ യേശുവിനെ ദൈവപുത്രൻ എന്നാണ് അഭിസംബോധന ചെയ്യുന്നത്. അതിഭൗതിക സത്തകളായ ദുഷ്ടാരൂപികൾക്ക് യേശുവിന്റെ ദൈവികത ശിഷ്യന്മാരെക്കാൾ വേഗത്തിൽ മനസ്സിലാക്കാൻകഴിഞ്ഞു എന്നാണിതിന്റെയർത്ഥം (cfr. 1:24; 3:11).

v. പിതാവിന്റെ ഇഷ്ടത്തിന് മരണത്തോളം കീഴ്വഴങ്ങുന്ന യേശുവിന്റെ അനുസരണവും വിധേയത്വവും ഈ അഭിധാനത്തിലൂടെ പ്രസ്പഷ്ടമാകുന്നുണ്ട്. പിതാവും താനും തമ്മിലുള്ള അഭേദ്യബ

1:10). പൗലോസ് പ്രസംഗിക്കുന്ന സുവിശേഷം ദൈവപുത്രനായ യേശുവിനെക്കുറിച്ചുള്ളതാണ് (റോമാ 1:2-3). ആദിയിൽ പിതാവിനോടൊത്തായിരുന്ന പുത്രന്റെ അസ്തിത്വത്തെക്കുറിച്ച് (pre-esxistence) പൗലോസിന് അവബോധമുണ്ടായിരുന്നു (റോമാ 8:3; ഗലാ 4:4).

പാപത്തിന്റെയും നിയമത്തിന്റെയും ആധിപത്യത്തിൻ കീഴിലായിരുന്ന മനുഷ്യനെ വീണ്ടെടുത്ത് ദൈവത്തിന്റെ ദത്തുപുത്രസ്ഥാനത്തേക്കുയർത്തുകയാണ് ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം (റോമാ 8:14-16; ഗലാ 4:4-6). സ്നേഹത്തിലും അനുസരണത്തിലും അധിഷ്ഠിതമായ ബന്ധമായിരുന്നു യേശുവും പിതാവും തമ്മിലുണ്ടായിരുന്നത് (കൊളോ 1:12-20).

**e. ഹെബ്രായ ലേഖനത്തിൽ:-** യേശുവിന്റെ ദൈവപുത്രസ്ഥാനത്തെ ലേഖനകർത്താവ് ഊന്നിപ്പറയുന്നുണ്ട്. ലോകം സൃഷ്ടിക്കപ്പെട്ടത് ദൈവപുത്രനിലൂടെയാണ് (1:1-2). പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയുമായ പുത്രൻ തന്റെ ശക്തിയുടെ വചനത്താൽ ലോകത്തെ താങ്ങിനിർത്തുന്നു (1:4). ദൈവപുത്രനായതിനാലാണ് യേശുവിന് ദൈവഭവനമായ സഭയുടെ മേൽ അധികാരം ലഭിച്ചത് (3:6). ദൈവപുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ യേശു അനുസരണം അഭ്യസിച്ചു. അതുവഴി അവൻ നിത്യരക്ഷയുടെ ഉറവിടമായി (5:8-10). യേശുവിൽ വിശ്വസിക്കുന്നവർ ദൈവത്തിന്റെ മക്കളാണെന്ന വിശ്വാസവും ലേഖന കർത്താവിനുണ്ട് (2:10; 12:5-8).

**f. യോഹന്നാന്റെ സുവിശേഷത്തിൽ:-** യേശുവിന്റെ ഏറ്റവും ഉദാത്തമായ അഭിധാനമായാണ് യോഹന്നാൻ ദൈവപുത്രൻ എന്ന നാമത്തെ കാണുന്നത് (1:12-14, 18; 13:1-3). ലോകത്തെ രക്ഷിക്കുവാനാണ് പുത്രൻ അയയ്ക്കപ്പെട്ടത്. അവനിൽ വിശ്വസിക്കുന്നതു വഴിയാണ് നാം രക്ഷിക്കപ്പെടുന്നത് (3:16, 18, 35-36). പിതാവും പുത്രനും തുല്യരാണ് (3:35-36; 5:18; 10:18, 30, 34-36; 16:32; 17:10; 20:28). ദൈവപുത്രനായതിനാൽ വിധിക്കാനുള്ള അധികാരവും യേശുവിനുണ്ട്

"മനുഷ്യപുത്രൻ" ഇവിടെ യേശുവിന്റെ രക്ഷാകര ദൗത്യത്തെ സൂചിപ്പിക്കുന്ന സംജ്ഞയാണ്. പാപം ക്ഷമിക്കുക - മിശിഹായുടെ, രക്ഷകന്റെ ധർമ്മമാണ്. "...... മനുഷ്യപുത്രൻ സാബത്തിന്റെ അതിനാഥനാണ്" (മർക്കോ. 2:28). ദൈവത്തിന്റെ അധികാരം ഉള്ളവനാണ് യേശു എന്നാണ് സൂചന. മുകളിൽ ഉദ്ധരിച്ച ഭാഗത്തും ഈ ആശയമുണ്ട്.

2. രണ്ടാമത്തെ തലം സഹനവുമായി ബന്ധപ്പെട്ടതാണ്. പീഡാസഹനവും ഉത്ഥാനവും പ്രവചിക്കുമ്പോൾ 'മനുഷ്യപുത്രൻ' എന്ന സംജ്ഞയാണ് യേശു ഉപയോഗിക്കുന്നത്. "മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും......" (മർക്കോ 8:31; 9:31; 10:33).

3. യുഗാന്ത്യസംബന്ധമാണ് മൂന്നാമത്തേത്. "മനുഷ്യപുത്രൻ ശക്തിയുടെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും...." (മർക്കോ 14:62). വിധിയാളനായ ദൈവത്തിന്റെ അധികാരമാണ് ഇതു സൂചിപ്പിക്കുന്നത്. അപ്പോൾ ദൈവത്തിന്റെ അധികാരം തന്നെയാണ് യേശുവിനും എന്നർത്ഥം.

യോഹന്നന്റെ സുവിശേഷത്തിൽ ഈ സംജ്ഞയുടെ പ്രയോഗത്തിന് അടിസ്ഥാനപരമായ വ്യത്യാസമില്ല. ക്രിസ്തുവും ദൈവപുത്രനുമായ യേശു മനുഷ്യപുത്രനുമാണ്. നഥാനയേൽ യേശുവിനെ "റബ്ബി, ദൈവപുത്രൻ, ഇസ്രായേലിന്റെ രാജാവ്" എന്നെല്ലാം അഭിസംബോധന ചെയ്യുന്നുണ്ടെങ്കിലും യേശു 'മനുഷ്യപുത്രൻ' എന്നാണ് സ്വയം വിശേഷിപ്പിക്കുന്നത് (1:51). സഹനവുമായി ബന്ധപ്പെടുത്തി യോഹന്നാൻ ഇത് ഉപയോഗിക്കുന്നു (3:14; 8:28; 12:32). വിധിയുമായി ബന്ധപ്പെടുത്തിയാണ് യോഹന്നാൻ ഇത് കൂടുതൽ ഉപയോഗിക്കുന്നത് (5:25f).

രക്ഷകൻ, ദൈവത്തെ വെളിപ്പെടുത്തുന്നവൻ, ക്രിസ്തു, ദൈവപുത്രൻ, ഇസ്രായേലിന്റെ രാജാവ്, വിധിയാളനായ ദൈവത്തിന്റെ അധികാരി തുടങ്ങിയ എല്ലാ സംജ്ഞകളിലുമുള്ള സന്ദേശങ്ങൾ "മനുഷ്യൻ" എന്ന വാക്കിൽ സുവിശേഷകർ ഒതുക്കുമ്പോൾ "മനു

7

## ക്രിസ്തുവിജ്ഞാനീയം:

# മനുഷ്യാവതാരം (Incarnation)

മനുഷ്യാവതാരം എന്ന വാക്ക് ബൈബിളിൽ ഉപയോഗിച്ചിട്ടില്ലെങ്കിലും ദൈവം മനുഷ്യനായി അവതരിച്ചു എന്ന് പുതിയനിയമം അസന്ദിഗ്ധമായി പഠിപ്പിക്കുന്നുണ്ട് (യോഹ 1:14). ദൈവശാസ്ത്രദൃഷ്ടിയിൽ മനുഷ്യാവതാരം എന്നത്, ദൈവം മനുഷ്യശരീരം സ്വീകരിച്ച് കന്യകാമറിയത്തിൽ നിന്നു ജനിച്ച സംഭവമാണ്. ദൈവ-മനുഷ്യ സ്വഭാവങ്ങൾ യേശുവിൽ എപ്രകാരം സമഞ്ജസമായി സമ്മേളിക്കുന്നു എന്നത് ദൈവശാസ്ത്രദൃഷ്ടിയിൽ ഒരു സമസ്യയാണ്. യേശു എന്ന ഏകവ്യക്തിയിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സമ്മേളിക്കുന്നുണ്ട് എന്നതാണ് കത്തോലിക്കാസഭയുടെ പഠനം. വി. ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്ന മനുഷ്യാവതാരദർശനത്തിന്റെ അന്ത:സത്ത മനസ്സിലാക്കിയെങ്കിൽ മാത്രമേ ഈ പഠനത്തിന്റെ അർത്ഥം ഗ്രഹിക്കാനാവൂ.

**മനുഷ്യാവതാര ദർശനത്തിന്റെ പശ്ചാത്തലം**

ദൈവികവ്യക്തികൾ മനുഷ്യരായി അവതരിക്കുമെന്ന വിശ്വാസം പുരാതനകാലം മുതൽ തന്നെ വിവിധ മതസ്ഥരുടെയിടയിൽ നിലനിന്നിരുന്നു. ഹൈന്ദവവിശ്വാസത്തിലെ ദശാവതാരങ്ങൾ തന്നെയാണ് ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണം. ഈ അവതാരങ്ങൾ ഒരു പ്രത്യേക പ്രതിസന്ധിയിൽ നിന്ന് മനുഷ്യനെ രക്ഷിക്കുവാൻ

സ്യത്തിന്റെ അന്തസ്സത്ത. അവന്റെ പ്രവർത്തനങ്ങളിലൂടെയും ജീവിതത്തിലൂടെയും ദൈവത്തിന്റെ ശക്തിയും പ്രവൃത്തിയുമാണ് വെളിപ്പെട്ടത് (cfr. യോഹ 10:30; 14:10). ഒരേ സമയം തന്നെ പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമാണവിടുന്ന്. ദൈവത്തിന്റെ പ്രവൃത്തികൾ യേശുവിലൂടെ വെളിപ്പെടുന്നതിനാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം ദൈവം "യേശുക്രിസ്തുവിന്റെ പിതാവാണ്". ഈ അർത്ഥത്തിൽ, യേശുവിന്റെ മനുഷ്യാവതാരം മറ്റു മതങ്ങളിലെ മനുഷ്യാവതാരങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. മനുഷ്യനായി ജനിച്ച നിമിഷം മുതൽ തന്നെ യേശുവിൽ ദൈവികതയുടെ പൂർണ്ണതയുണ്ടായിരുന്നു. തന്മൂലം യേശു ദൈവത്തിന്റെ ദത്തുപുത്രനാണെന്ന വാദം (adoptionism) മനുഷ്യാവതാര രഹസ്യത്തിന്റെ അന്തസ്സത്തയ്ക്കു നിരക്കാത്തതാണ്.

മനുഷ്യനായി അവതരിച്ച യേശു ദൈവമനുഷ്യ ബന്ധത്തിന്റെ മധ്യസ്ഥൻ മാത്രമായിരുന്നില്ല. യേശുവിന്റെ മനുഷ്യശരീരത്തിലുടെയും മനസ്സിലൂടെയും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുകയായിരുന്നു. മനുഷ്യരോടൊത്തുള്ള ദൈവസാന്നിധ്യത്തിന്റെ പൂർണ്ണതയാണ് യേശു. മനുഷ്യാവതാരം ഒരു രഹസ്യമാകയാൽ അത് മനുഷ്യബുദ്ധിയുടെ ഗ്രഹണശക്തിക്കതീതമാണ്. ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തിന്റെ പൂർണ്ണതയായി മനുഷ്യാവതാരത്തെ ദൈവശാസ്ത്രജ്ഞന്മാർ ചിത്രീകരിക്കാറുണ്ട്. ദൈവത്തിന്റെ സ്വഭാവവും പ്രപഞ്ചത്തിന്റെ അന്തരാർത്ഥവും യേശുവിന്റെ ദൈവ -മനുഷ്യ സ്വഭാവത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. കാരണം, വചനമായ യേശു പിതാവുമായി അനാദിയിലേ സത്തയിൽ ഏകനായിരുന്നു.

ദൈവിക വെളിപാടിന്റെ പൂർണ്ണതയായി മനുഷ്യാവതാരത്തെ കാണാനാകും. യേശുവിൽ വെളിപാടും വെളിപാടിന്റെ വിഷയവും താദാത്മ്യം പ്രാപിച്ചിരിക്കുകയാണ്. പഴയനിയമത്തിൽ, ദൈവത്തിന്റെ ജ്ഞാനം മനുഷ്യരിലേക്കിറങ്ങിവരുന്നതായി വിജ്ഞാന ഗ്രന്ഥങ്ങൾ രേഖപ്പെടുത്തുന്നുണ്ട് (ജ്ഞാനം 8). എന്നാൽ, ഇതിൽ നിന്നും വളരെയേറെ വ്യത്യസ്തമാണ് മനുഷ്യാവതാരം. ദൈവത്തിന്റെ ജ്ഞാനമോ ശക്തിയോ അല്ല ദൈവം തന്നെയാണ് മനുഷ്യനായി അവതരിക്കുന്നത്. യേശുവിലുടെയുള്ള വെളിപാട് പൂർണ്ണ

അവസരത്തിലും യേശു തന്റെ ദൈവപുത്രസ്ഥാനം സ്ഥിരീകരിക്കുകയാണുണ്ടായത്. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയിലും (12:1-11) യേശു തന്റെ ദൈവപുത്രസ്ഥാനമാണ് പ്രഖ്യാപിക്കുന്നത്. യേശു മനുഷ്യനായി പിറന്ന ദൈവപുത്രനാണെന്ന അവബോധം മർക്കോസിന്റെ സുവിശേഷത്തിലുടനീളം നിറഞ്ഞുനിൽക്കുന്നുണ്ട് എന്നതാണ് ഈ വസ്തുത വെളിവാക്കുന്നത്.

മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ മനുഷ്യാവതാര സംഭവത്തിന്റെ വിവരണം ഉൾപ്പെടുത്തിയിട്ടുണ്ട്. യേശുവിന്റെ ജനനത്തിൽ പരിശുദ്ധാത്മാവിനുള്ള പങ്കിനെ രണ്ടു സുവിശേഷകൻമാരും എടുത്തു പറയുന്നുണ്ട് (മത്താ 1:18-20; ലൂക്കാ 1:26-35). യേശു ദൈവപുത്രനായ മിശിഹായാണെന്ന് ശൈശവവിവരണത്തിൽത്തന്നെ സുവിശേഷകന്മാർ ഊന്നിപ്പറഞ്ഞിട്ടുണ്ട് (മത്താ 2:1-6; ലൂക്കാ 1:32-33; 2:11). മറിയത്തിന്റെ സ്തോത്ര ഗീതത്തിലൂടെയും (ലൂക്കാ 1:46-55) സഖറിയായുടെ പ്രവചനഗീതത്തിലൂടെയും (ലൂക്കാ 1:68-79) യേശുവിന്റെ ജനനം ദൈവികപദ്ധതിപ്രകാരമാണെന്ന് സുവിശേഷകൻ പറയുന്നുണ്ട്.

യേശു വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാണെന്ന് സ്ഥാപിക്കാനാണ് മത്തായി ശ്രമിക്കുന്നത്. യേശുവിന്റെ മനുഷ്യത്വത്തിന് പ്രാധാന്യം നൽകുന്നുണ്ടെങ്കിലും അവിടുത്തെ കർതൃത്വത്തെയാണ് (Lordship) മത്തായി ഊന്നിപ്പറയുന്നത് (മത്താ 23:6-10). സകല സൃഷ്ടികളുടെയും കർത്താവാകാനാണ് യേശു മനുഷ്യനായി അവതരിച്ചത്; ദൈവികത, മനുഷ്യസ്വഭാവത്തിന്റെ സാർവ്വത്രികമാനം കൈവരിക്കുന്നതാണ് മത്തായിയുടെ വീക്ഷണത്തിൽ മനുഷ്യാവതാരം (cfr.1:23; 18:20; 24:14; 28:18-20). മത്തായിയുടെ സുവിശേഷം ക്രിസ്തു കേന്ദ്രീകൃതമാണെങ്കിൽ ലൂക്കായുടെ സുവിശേഷം രക്ഷാകരചരിത്രത്തെയാണ് കേന്ദ്രീകരിക്കുന്നത്. തന്മൂലം യേശുവിനെ രക്ഷകനായി ചിത്രീകരിക്കുവാനാണ് ലൂക്കാ ശ്രമിക്കുന്നത് (2:11; 4:16-30). ദൈവദത്തമായ തന്റെ ദൗത്യത്തെക്കുറിച്ച് യേശുവിന് അവബോധമുണ്ടായിരുന്നതായി സുവിശേഷകന്മാർ സാക്ഷ്യപ്പെടുത്തുന്നുണ്ട് (മത്താ 10:32-33; 15:13; 16-17; 18:10-14, 35; ലൂക്കാ 23:34, 46; 24:49). ഈ ബന്ധം അതുല്യവും അനന്യശ്രേഷ്ഠവുമായിരുന്നു (മത്താ

ത്താനാണ് യേശു മനുഷ്യനായി അവതരിച്ചത് (1:14). ഇനിമേൽ, ഭൂമിയിൽ ദൈവത്തിന്റെ സാന്നിധ്യം യേശുവിലൂടെയാണ് പ്രകടമാകുന്നത്. തന്മൂലം ദേവാലയം അപ്രസക്തമാണ് (4:21-24). മനുഷ്യാവതാരം ചെയ്ത യേശു ദൈവത്തിന്റെ പ്രകാശമാകയാൽ യേശുവിനോടുള്ള എതിർപ്പിനെ അന്ധകാരമായാണ് യോഹന്നാൻ ചിത്രീകരിക്കുന്നത് (1:4-5, 11; 3:19-21; 6:60-71; 8:37-59; 12:37-43; 15:18-23; 17:14). പിതാവിന് പുത്രനോടുള്ള സ്നേഹത്തെയും (3:35; 10:17; 15:9-10; 17:28-26) പുത്രന് പിതാവിനോടുള്ള സ്നേഹത്തെയും (14:31; 15:10) മനുഷ്യാവതരം ചെയ്ത ദൈവമാണ് യേശു എന്ന് സ്ഥാപിക്കുന്നതിനുള്ള തെളിവുകളായാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്. തന്റെ സ്വന്തമായിരുന്നവരോട് യേശു പ്രകടമാക്കിയ സ്നേഹത്തിലൂടെ (13:1, 34;14:21; 15:9-13) ദൈവത്തിന്റെ സ്വഭാവമാണ് യേശു വെളിപ്പെടുത്തിയത് (cfr. 1 യോഹ 3:11-24; 4:7-5:5) യേശു, പിതാവിനു തുല്യനാണെന്നും (യോഹ 5:18-23;10:29-30,37-38;14:8-11) പുത്രൻ അനാദി മുതലേ ഉള്ളവനാണെന്ന് (5:17; 8:57-58) അവിടുന്ന് പിതാവിനാൽ അയയ്ക്കപ്പെട്ടവനാണെന്നും (4:34; 5:37; 6:38-39; 9:33; 12:44-46) പ്രസ്താവിക്കുന്നതിലൂടെ യേശുവിന്റെ ദൈവികസ്വഭാവമാണ് സുവിശേഷകൻ വ്യക്തമാക്കുന്നത്.

യേശുവിന്റെ ദൈവികസ്വഭാവത്തെ ആവർത്തിച്ചു പ്രഖ്യാപിക്കുമ്പോഴും അവിടുന്ന് യഥാർത്ഥ മനുഷ്യനായിരുന്നു എന്ന് സ്ഥാപിക്കുവാനും യോഹന്നാൻ ശ്രദ്ധിക്കുന്നുണ്ട്. സാധാരണ മനുഷ്യരെപോലെ ദാഹിക്കുന്നവനും (4:7) വിശക്കുന്നവനും (4:31) വികാരപ്രകടനം നടത്തുന്നവനുമായിട്ടാണ് (11:35) യോഹന്നാൻ യേശുവിനെ ചിത്രീകരിക്കുന്നത്.

**അപ്പസ്തോല പ്രവർത്തനങ്ങളിൽ**

നടപടി പുസ്തകത്തിൽ മനുഷ്യാവതാരക്രിസ്തുവിജ്ഞാനീയത്തിനല്ല ദത്തുപുത്രക്രിസ്തുവിജ്ഞാനീയത്തിനാണ് പ്രാധാന്യം നൽകുന്നതെന്ന് അഭിപ്രായപ്പെടുന്നവരുണ്ട് അപ്പ 2:22;10:38 എന്നീ വചനങ്ങളെ ആസ്പദമാക്കിയാണ് ഈ നിഗമനത്തിലെത്തിച്ചേരുന്നത്. എന്നാൽ, ഈ വാദം അടിസ്ഥാനരഹിതമാണെന്ന് നടപടി

വതാരത്തെ യേശുവിന്റെ സ്വയംശൂന്യമാക്കലും തന്നെത്താനെയുള്ള താഴ്ത്തലുമായാണ് പൗലോസ് ചിത്രീകരിക്കുന്നത് (2:7). മനുഷ്യന്റെ സാദൃശ്യത്തിലായി എന്നതിലൂടെ യേശു യഥാർത്ഥ മനുഷ്യനായിത്തീർന്നു എന്നാണ് പൗലോസ് അർത്ഥമാക്കുന്നത്. അല്ലാതെ, ആദിമസഭയിലെ ചില പാഷണ്ഡികൾ ആരോപിച്ചതു പോലെ അവിടുന്ന് മനുഷ്യന്റെ ആകൃതിയിൽ പ്രത്യക്ഷപ്പെട്ട ദൈവമല്ല. എങ്കിലും, അവിടുന്ന് പാപത്തിനതീതനായിരുന്നു (2 കോറി. 5:21). കാരണം, പാപത്തിനധീനമായ മനുഷ്യപ്രകൃതിയെയാണ് യേശു സ്വീകരിച്ചത്. യേശുവിന്റെ മനുഷ്യാവതാരം കുരിശുമരണത്തെ ലക്ഷ്യമാക്കിയായിരുന്നു (ഫിലി 2:4-8). യേശുവിന്റെ മഹത്ത്വീകരണത്തിനുള്ള മാനദണ്ഡവും ഇതു തന്നെയായിരുന്നു.

ആദത്തിന്റെ പാപംമൂലം മനുഷ്യപ്രകൃതിക്ക് നഷ്ടമായ അനന്തസാധ്യതകളിലേക്ക് മനുഷ്യനെ കൈപിടിച്ചുയർത്തിയ രണ്ടാമത്തെ ആദമായിട്ടാണ് പൗലോസ് യേശുവിനെ അവതരിപ്പിക്കുന്നത് (റോമാ 5:12-19;1 കോറി 15:45-47). മനുഷ്യന്റെ രൂപം ധരിച്ച യേശുവാണ് മനുഷ്യകുലത്തെ ദൈവവുമായി അനുരഞ്ജിപ്പിച്ചത് (റോമ 3:25; 2 കോറി 5:19;1 തിമോ 1:15). എന്നാൽ, ജീവന്റെ പൂർണ്ണത നൽകുന്നത് മഹത്ത്വീകൃതനായ ക്രിസ്തുവാണ് (റോമാ 6:4-6; 2 കോറി 3:17-18; കൊളോ 3:1-4).

കൊളോസോസുകാർക്കുള്ള ലേഖനത്തിലെ ക്രിസ്തുവിജ്ഞാനഗീതം (കൊളോ 1:15-20), എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദിജാതനും അദൃശ്യനുമായ ദൈവത്തെ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുന്നുവനുമായിട്ടാണ് യേശുവിനെ അവതരിപ്പിക്കുന്നത്. സൃഷ്ടികർമ്മത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച അവിടുന്ന് രക്ഷണീയകർമ്മത്തിലും സുപ്രധാന സ്ഥാനം അലങ്കരിച്ചു. ഇതിനായി അവിടുന്ന് തിരഞ്ഞെടുത്ത മാർഗ്ഗം കുരിശുമരണത്തിന്റെതായിരുന്നു. "ക്രിസ്തുവിൽ സകലസമ്പൂർണ്ണതയും കുടികൊള്ളുവാൻ അവിടുന്ന് തിരുമനസ്സായി" (1:19) എന്ന പരമാർശം അവിടുത്തേ മനുഷ്യാവതാരത്തെ ലക്ഷ്യമാക്കിയുള്ളതാണെന്ന് വ്യാഖ്യാതാക്കൾ കരുതുന്നുണ്ട്. ദൈവത്തോട് സമനായിരുന്ന യേശുവാണ്

ണ്ഡത ഇന്ന് യഹോവാസാക്ഷികൾ തങ്ങളുടെ വിശ്വാസപ്രമാണ ത്തിന്റെ ഭാഗമായി സ്വീകരിച്ചിരിക്കുന്നു എന്നതു ശ്രദ്ധേയമാണ്.

## 2. ഡൊസെറ്റിസം (Docetism)

യേശുക്രിസ്തു യഥാർത്ഥത്തിൽ മനുഷ്യനല്ല, മനുഷ്യനായി കാണപ്പെട്ടതേയുള്ളു എന്നു പഠിപ്പിക്കുന്ന ഒരു പാഷണ്ഡതയാണിത്. ദൈവത്തിന്റെ ത്രിത്വത്തെയും ദൈവപുത്രന്റെ മനുഷ്യാവതാരത്തെയും ഇതു നിഷേധിക്കുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇതു പ്രചാരത്തിൽ വന്നു. മിഥ്യ അഥവാ തോന്നൽ എന്നർത്ഥമുള്ള *ഡോക്കേ* (doke) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് **ഡൊസെറ്റിസം** എന്ന പേരുണ്ടായത്. പദാർത്ഥം അതിൽത്തന്നെ തിന്മയാണെന്ന ജ്ഞാനവാദത്തിന്റെ സ്വാധീനം ഇതിൽ കാണാം.

കാഴ്ചക്കാർക്ക് യേശു മനുഷ്യനായി പ്രത്യക്ഷപ്പെട്ടെങ്കിലും അവന്റെ മനുഷ്യത്വം വെറും ഒരു തോന്നൽ മാത്രമായിരുന്നു. രക്ഷയുടെ മാർഗ്ഗമായ നിഗൂഢജ്ഞാനം മനുഷ്യർക്കു നല്കിയതിനു ശേഷം യേശുക്രിസ്തു പീഡാനുഭവത്തിനു മുമ്പ് സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയി.

ഡൊസേറ്റിസത്തിന്റെ പ്രണേതാക്കളിൽ ഒരാളായ ബസിലിദസിന്റെ അഭിപ്രായത്തിൽ കുരിശു ചുമന്നുകൊണ്ടുപോയ യേശു പെട്ടെന്ന് അപ്രത്യക്ഷനാവുകയും തൽസ്ഥാനത്ത് സൈറീൻകാരനായ ശിമയോൻ ക്രൂശിക്കപ്പെടുകയും ചെയ്തു. മറ്റൊരു വക്താവായ വലെന്റൈൻ (Valentine) യേശുവിന്റെ പീഡാസഹനവും മരണവും എല്ലാം വെറും ഒരു തോന്നൽ മാത്രമായിരുന്നു എന്നു വാദിച്ചു. ഗദ്സെമെനിൽ വച്ച് പിടിക്കപ്പെട്ടത് വാസ്തവത്തിൽ യൂദാസ് സ്ക്കറിയോത്താ ആയിരുന്നു എന്നും യേശു അത്ഭുതകരമായി സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയി എന്നും വാദിക്കുന്നവരുമുണ്ട്.

യേശുവിന്റെ മനുഷ്യത്വത്തെ നിഷേധിക്കാനുള്ള ഈ പ്രവണതക്കെതിരേ പുതിയനിയമത്തിൽ തന്നെ താക്കീതുകൾ കാണാം. "വചനം മാംസമായി" (യോഹ 1:14) എന്നത് ഏറ്റം വ്യക്തമായ പ്രസ്താവനയാണ്. "വളരെയധികം വഞ്ചകർ ലോകത്തിലേക്ക് ഇറ

നിഷേധിച്ച ഈ പാഷണ്ഡത ആദിമസഭയെ ഉള്ളിൽ നിന്നു പിടിച്ചു കുലുക്കി; വലിയൊരു പിളർപ്പിന്റെ വക്കുവരെ എത്തിക്കുകയും ചെയ്തു. അലക്സാൺഡ്രിയായിൽ ജീവിച്ചിരുന്ന ഒരു പുരോഹിത നായ ആരിയൂസ് (*Arius*- മരണം 336) പ്രചരിപ്പിച്ചതാണ് അയാ ളുടെ പേരിൽ അറിയപ്പെടുന്ന ഈ പാഷണ്ഡത.

മനുഷ്യനായി അവതരിച്ച ദൈവവചനത്തെക്കുറിച്ച് ബൈബി ളിൽ അധിഷ്ഠിതമായ വിചിന്തനങ്ങളിലൂടെയാണ് ആരിയൂസ് തന്റെ സിദ്ധാന്തം അവതരിപ്പിച്ചത്. "കർത്താവ് തന്റെ സൃഷ്ടികളിലും ആദ്യ ത്തേതായി എന്നെ സൃഷ്ടിച്ചു" (സുഭാ 8:22); "പിതാവ് എന്നെക്കാൾ വലിയവനാണ്" (യോഹ 14:28); "എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതൻ" (കൊളോ 1:15) എന്നിങ്ങനെയുള്ള ബൈബിൾ വാക്യ ങ്ങളാണ് തന്റെ സിദ്ധാന്തത്തിന്റെ അടിസ്ഥാനമായി അയാൾ സ്വീക രിച്ചത്. ബൈബിളിൽ ഇല്ലാത്തതൊന്നും വിശ്വാസസത്യമായി അംഗീ കരിക്കാൻ പാടില്ല എന്നും അയാൾ വാദിച്ചു.

ദൈവത്തിന്റെ ആദ്യജാതനാണ് പുത്രനെങ്കിൽ പുത്രന് ആരംഭ മുണ്ട്. പുത്രൻ ജനിക്കുന്നതിനു മുമ്പ് പുത്രൻ ഇല്ലാത്തതായ സമയം ഉണ്ടായിരുന്നു. ആരംഭമുള്ളതെല്ലാം സൃഷ്ടിക്കപ്പെട്ടതാണ്. മറ്റെല്ലാ സൃഷ്ടികളെയും പോലെ ദൈവം പുത്രനെയും ഇല്ലായ്മയിൽ നിന്നു സൃഷ്ടിച്ചു. ഏറ്റവും ആദ്യം സൃഷ്ടിക്കപ്പെട്ടവനും സൃഷ്ടികളിൽ ഏറ്റം മഹോന്നതനും ആണെങ്കിലും പുത്രൻ സൃഷ്ടിതന്നെ. പുത്ര നാണ് പരിശുദ്ധാത്മാവിനെ സൃഷ്ടിച്ചത്. അതിനാൽ പിതാവു മാത്രം ദൈവം. അവന് ആരംഭമില്ല; അവൻ ജനിക്കുകയോ ജനിപ്പിക്കപ്പെ ടുകയോ ചെയ്യുന്നില്ല. ദൈവത്തിൽ നിന്ന് അല്പം താഴെ ആദ്യസൃ ഷ്ടിയായ പുത്രൻ; അതിനു താഴെ പുത്രന്റെ സൃഷ്ടിയായ പരിശു ദ്ധാത്മാവ്. ഇങ്ങനെയാണ് ദൈവത്തെ ആരിയൂസ് ചിത്രീകരിച്ചത്.

അലക്സാൺഡ്രിയായിലെ മെത്രാനും ആരിയൂസിന്റെ മേലധി കാരിയുമായ അലക്സാണ്ടർ ഏ.ഡി. 320- ൽ ഒരു പ്രാദേശിക സൂന ഹദോസ് വിളിച്ചുകൂട്ടി ഈ സിദ്ധാന്തങ്ങളെ ശപിച്ചുതള്ളി. എന്നാൽ ഈജിപ്ത്, സിറിയാ, ഏഷ്യാമൈനർ എന്നീ പ്രദേശങ്ങളിലേക്ക് ഈ സിദ്ധാന്തം അതിവേഗം പ്രചരിച്ചു. ആരിയൂസിന് അനേകം അനു

നാരിയൂസ് യേശുവിന്റെ ദൈവത്വം തറപ്പിച്ചു പറയുന്നതിനായി മനുഷ്യത്വത്തെ വെട്ടിച്ചുരുക്കി.

രണ്ടു സ്വഭാവങ്ങൾ അതിന്റെ പൂർണ്ണതയിൽ ഒരു വ്യക്തിയിൽ സമ്മേളിക്കുക അസാധ്യമാണ്. ആത്മാവും ശരീരവുമുള്ള പൂർണ്ണ മനുഷ്യനിൽ പാപമുണ്ടായിരിക്കും. എന്നാൽ ദൈവപുത്രനിൽ പാപമില്ല. അതിനാൽ ദൈവപുത്രൻ സ്വീകരിച്ചത് പൂർണ്ണമായ മനുഷ്യസ്വഭാവമായിരുന്നില്ല. ആത്മാവില്ലാത്ത മനുഷ്യശരീരം മാത്രമായിരുന്നു. ദൈവവചനം ഈ ശരീരത്തിന്റെ ആത്മാവായി വർത്തിച്ചു. "വചനം മാംസമായി" (യോഹ 1:14) എന്ന പ്രഖ്യാപനം ഈ സിദ്ധാന്തത്തിന് താങ്ങായി അപ്പോള്ളിനാരിയൂസ് എടുത്തുകാട്ടി.

ഏ.ഡി. 362-ൽ അലക്സാൺഡ്രിയായിൽ സമ്മേളിച്ച മെത്രാന്മാരുടെ പ്രാദേശിക സൂനഹദോസ് ഈ സിദ്ധാന്തത്തെ പാഷണ്ഡതയായി പ്രഖ്യാപിച്ചു. ദൈവപുത്രൻ തന്റേതായി സ്വീകരിക്കാത്തതൊന്നും രക്ഷിക്കപ്പെട്ടിട്ടില്ല. രക്ഷ ശരീരത്തിന് മാത്രമല്ല ആത്മാവിനും ആവശ്യമാണണ്, അഥവാ പൂർണ്ണനായ മനുഷ്യനാണ് രക്ഷിക്കപ്പെട്ടത്. അതിനാൽ യേശുക്രിസ്തു പൂർണ്ണ മനുഷ്യനായിരുന്നു എന്ന് സിനഡ് പ്രഖ്യാപിച്ചു. തുടർന്ന് പല സിനഡുകളിലും ചർച്ച ചെയ്യപ്പെട്ട ഈ പാഷണ്ഡതയെക്കുറിച്ച് അന്തിമ തീരുമാനം നൽകിയത് ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസാണ്.

### 6. നെസ്തോറിയനിസം (Nestorianism)

യേശുക്രിസ്തുവിൽ രണ്ടു വ്യക്തിത്വങ്ങൾ ആരോപിക്കുന്ന ഒരു പാഷണ്ഡതയാണ് നെസ്തോറിയനിസം. ഇതിന്റെ പ്രണേതാവായ **നെസ്തോറിയൂസ്** അന്തിയോക്കിയായിലെ ഒരു സന്യാസി ആയിരുന്നു. അസാധാരണ പാണ്ഡിത്യവും വാക്ചാതുരിയും വഴി പ്രസിദ്ധനായിത്തീർന്ന അദ്ദേഹത്തെ തെയഡോഷ്യസ് രണ്ടാമൻ ചക്രവർത്തി 428-ൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസ് ആയി നിയമിച്ചു.

പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃത്വത്തെ സംബന്ധിച്ച് തീവ്രമായ വാദപ്രതിവാദങ്ങൾ നടക്കുന്ന അവസരമായിരുന്നു അത്. യേശുക്രിസ്തു ദൈവമായതിനാൽ അമ്മയായ മറിയത്തെ **ദൈവ**

പുത്രനാണെന്നും മനുഷ്യസ്വഭാവവും പൂർണ്ണമായി നിലനി ല്ക്കുന്നു എന്നും സിറിൽ വാദിച്ചു.

മനുഷ്യത്വവും ദൈവത്വവും തമ്മിൽ **സത്താപരമായ ഐക്യം** (*hypostatic union*) ആണുള്ളത്. തീക്കട്ടയിൽ തീയും വിറകും ഒന്നാരുന്നതു പോലെ യേശുക്രിസ്തുവിൽ ദൈവവും മനുഷ്യനും ഒന്നായിത്തീർന്നു. ദൈവിക യാഥാർത്ഥ്യങ്ങളെ വിശദീകരിക്കാൻ ഭൗതിക സാദൃശ്യങ്ങളുടെ അപര്യാപ്തത ഈ ഉദാഹരണത്തിലും പ്രകടമാകുന്നുണ്ട്. എന്നാലും സത്താപരമായ ഐക്യത്തെ സൂചി പ്പിക്കാൻ ഇതു സഹായമാകും. വ്യക്തിയാണ് പ്രവർത്തനങ്ങളുടെ ഉടമ. അതിനാൽ മറിയത്തിൽ നിന്നു ജനിക്കുകയും കുരിശിൽ മരി ക്കുകയും ചെയ്തതു ദൈവമാണ്. ഈ വിശ്വാസത്തിന്റെ പരസ്യ പ്രഖ്യാപനമായി മറിയത്തെ **ദൈവമാതാവ്** എന്ന് ഏറ്റുപറയണം എന്നു സൂനഹദോസിലെ പിതാക്കന്മാർ തീരുമാനിച്ചു. നെസ്തോ റിയൂസ് ഈ തീരുമാനത്തെ എതിർത്തു.

നെസ്തോറിയൂസിന്റെ അനുഭാവികളായ സിറിയൻ പിതാക്കന്മാർ എത്തിച്ചേരുന്നതിനു മുമ്പേ അദ്ദേഹത്തിന്റെ പഠനങ്ങളെ പാഷണ്ഡ തയായി സൂനഹദോസ് പ്രഖ്യാപിച്ചു. ചക്രവർത്തി അദ്ദേഹത്തെ ഈജിപ്തിലെ മരുഭൂമിയിലേക്കു നാടുകടത്തി. സിറിയൻ മെത്രാ ന്മാർ തനതായൊരു സമ്മേളനത്തിൽ വെച്ച് നെസ്തോറിയൂസിന്റെ പഠനങ്ങളെ അംഗീകരിക്കുകയും എഫേസോസ് സൂനഹദോസിന്റെ തീരുമാനങ്ങളെ ശപിച്ചു തള്ളുകയും ചെയ്തു. വിവാദങ്ങളും ചർച്ചകളും വീണ്ടും തുടർന്നു. 451-ൽ കൽക്കെദോനിയായിൽ സമ്മേ ളിച്ച സാർവ്വത്രിക സൂനഹദോസാണ് ഈ വിവാദങ്ങൾക്കു പൂർണ്ണ വിരാമമിട്ടത്. അതേ വർഷം നെസ്തോറിയൂസ് പ്രവാസിയായി മരി ച്ചു. എന്നാൽ സിറിയൻ സഭ നെസ്തോറിയനിസത്തിൽ ഉറച്ചുനി ന്നു. 481-ൽ ടൈഗ്രിസ് നദീതീരത്തുള്ള **സെലൂഷ്യാക്റ്റെസിഫോൺ** പട്ടണത്തിൽ സമ്മേളിച്ച മെത്രാന്മാർ നെസ്തോറിയനിസത്തെ സിറി യൻ സഭയുടെ വിശ്വാസത്തിന്റെ ഭാഗമായി അംഗീകരിച്ചു. അതോടെ ആ സഭ കത്തോലിക്കാസഭയിൽ നിന്നു വിട്ടുമാറി ഒരു **ശീശ്മ** (*Schism*) ആയിത്തീർന്നു.

“വ്യക്തി” എന്ന അർത്ഥമായിരുന്നു സിറിൽ കല്പിച്ചത്. എന്നാൽ “സ്വഭാവം” എന്ന അർത്ഥത്തിലാണ് കോൺസ്റ്റാന്റിനോപ്പിളിലെ ഒരു സന്യാസശ്രേഷ്ഠനായ യൂത്തിക്കസ് (*Euthyches*) വ്യാഖ്യാനിച്ചത്.

യേശുവിൽ ഒരു വ്യക്തിത്വം മാത്രമേ ഉള്ളു എന്നു സ്ഥാപിക്കണമെങ്കിൽ ഏകസ്വഭാവം അംഗീകരിക്കണം എന്ന് അദ്ദേഹം വാദിച്ചു. യേശുക്രിസ്തുവിൽ ദൈവം മനുഷ്യസ്വഭാവത്തെ പൂർണ്ണമായി തന്നിലേക്ക് ആവാഹിച്ച് ദൈവസ്വഭാവമാക്കി മാറ്റുകയാണു ചെയ്തത്. ഇതുവഴി എല്ലാ മനുഷ്യർക്കും ദൈവസ്വഭാവത്തിൽ പങ്കുചേരാനും അങ്ങനെ രക്ഷപ്രാപിക്കാനും സാധിക്കുന്നു. യേശുവിൽ മനുഷ്യസ്വഭാവം കലർപ്പില്ലാതെ നിലനിന്നാൽ മനുഷ്യരക്ഷ സാധ്യമല്ല എന്ന് അദ്ദേഹം പഠിപ്പിച്ചു. കൽക്കെദോനിയാ സൂനഹദോസിന്റെ വിശ്വാസപ്രഖ്യാപനം ഈ സിദ്ധാന്തത്തെ പൂർണ്ണമായി പുറന്തള്ളുന്നതാണ്. പക്ഷേ സൂനഹദോസിനുശേഷം ഏകസ്വഭാവവാദികൾ കൂടുതൽ ശക്തിപ്പെടുകയാണുണ്ടായത്. ഈ വിസ്വാസ വൈപരിത്യം ഇന്നും പൗരസ്ത്യസഭകളിൽ പലേടത്തും നിലനിൽക്കുന്നുണ്ട്.

## 9. ഏകേച്ഛാവാദം (Monothelitism)

ഇച്ഛിക്കുക, തീരുമാനിക്കുക എന്നർത്ഥമുള്ള *ഥേലോ* (*thelo*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ഈ പേരുണ്ടായത്. ഏകസ്വഭാവത്തിൽ നിന്നു രൂപംകൊണ്ട ഒരു നിഗമനമാണിത്. യേശുക്രിസ്തുവിൽ ഒരു വ്യക്തിത്വവും ഒരു സ്വഭാവവും മാത്രമേ ഉള്ളു. അതിനാൽ അവന് ഒരു ഇച്ഛാശക്തി (will) മാത്രമേ ഉള്ളു എന്നതാണ് ഈ സിദ്ധാന്തത്തിന്റെ ചുരുക്കം. ഏഴാം നൂറ്റാണ്ടിലാണിതു രംഗപ്രവേശം ചെയ്തത്. യേശു ക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തിന് സ്വന്തമായൊരു ഇച്ഛാശക്തിയുണ്ടോ ഇല്ലയോ എന്നതായിരുന്നു പ്രശ്നം. ഉണ്ടെങ്കിൽ രണ്ട് ഇച്ഛാശക്തികൾ എങ്ങനെ ഒരു വ്യക്തിയിൽ പ്രവർത്തിക്കും? ഇല്ലെങ്കിൽ ആത്മാവും ശരീരവും ഉള്ള മനുഷ്യസ്വഭാവം എങ്ങനെ പൂർണ്ണമാകും? ഈ പ്രശ്നത്തിന് മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ അലിഞ്ഞുചേർന്നു എന്ന് ഏകേച്ഛാവാദികൾ ഉത്തരം നല്കി. യേശുക്രിസ്തുവിന് ഒരു ഇച്ഛാശക്തിയേ ഉള്ളു

യിൽ നിത്യം എന്നെന്നും മനുഷ്യസ്വഭാവത്തിലാകട്ടെ ഒരു നിശ്ചിത കാലഘട്ടം മുതൽ ഇപ്പോഴത്തെ മഹത്വീകൃത നിലയിലും ക്രിസ്തു മനുഷ്യസ്വഭാവമുള്ളവനാകുന്നു; എന്നേയ്ക്കും അപ്രകാരമായിരിക്കുകയും ചെയ്യും.

പുത്രൻ തമ്പുരാൻ മനുഷ്യസ്വഭാവം സ്വീകരിച്ചപ്പോൾ അവിടുത്തെ ദൈവസ്വഭാവത്തിനു യാതൊരു കുറവും സംഭവിച്ചില്ല. പ്രത്യുത മനുഷ്യവംശത്തിന് അനവദ്യമായ ഒരു മഹിമ വന്നു ചേർന്നു. മനുഷ്യനെ ദൈവമാക്കാൻ ദൈവം മനുഷ്യനായി എന്നത്രേ വി.ആഗസ്തീനോസ് പ്രസ്താവിച്ചിരിക്കുന്നത്.

ക്രിസ്തു ഒരേ സമയത്തു യഥാർത്ഥദൈവവും യഥാർത്ഥമനുഷ്യനുമാണെങ്കിലും ക്രിസ്തുവിൽ രണ്ടാളില്ല. ഒരാൾമാത്രമെ ഉള്ളു. ദൈവആളിനു മാറ്റംവരാൻ നിവൃത്തിയില്ലാത്തതിനാൽ ക്രിസ്തുവിലെ ആൾ ദൈവമായിരുന്നേ തീരൂ. ദൈവആൾ രണ്ടുസ്വഭാവങ്ങളിൽ കൂടിയും പ്രവർത്തിക്കുന്നു. രണ്ടു സ്വഭാവങ്ങളും പൂർണ്ണമായി യാതൊരു കുറവും കൂടാതെ നിലകൊള്ളുന്നു. രണ്ടു സ്വഭാവങ്ങളുടെയും പ്രവൃത്തികൾക്ക് ദൈവആൾതന്നെയാണ് ഉത്തരവാദി.

ദൈവസ്വഭാവവും മനുഷ്യസ്വഭാവവും കൂടി ദൈവആളിൽ യോജിച്ചു സ്ഥിതിചെയ്യുന്ന അവസ്ഥയ്ക്ക് ദൈവശാസ്ത്രത്തിൽ 'ഹെപ്പോസ്റ്റാറ്റിക്ക് യൂണിയൻ-ആളിൽ ഐക്യം-എന്നു പറഞ്ഞുവരുന്നു. മനുഷ്യസ്വഭാവത്തെ ദൈവആൾ സ്വന്തമാക്കി; അതിനാൽ മനുഷ്യആൾ ഇല്ലാതായി. ഈ ഐക്യത്തിന്റെ ഫലമായി യേശുക്രിസ്തുവിലുണ്ടായിരുന്ന ചില സവിശേഷതകൾ താഴെ പറയുന്നു.

i) ക്രിസ്തുവിനു രണ്ടുതരത്തിലുള്ള ജ്ഞാനമുണ്ടായിരുന്നു. ദൈവികവും, മാനുഷികവും. അവിടുന്ന് ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്തിയതും, ഭാവികാര്യങ്ങൾ പ്രവചിച്ചതും മറ്റും ദൈവികജ്ഞാനം വഴിയാണ്. ലോകാവസാനത്തിന്റെ ദിവസമോ നാഴികയോ പിതാവിനല്ലാതെ മനുഷ്യപുത്രനുപോലും അറിഞ്ഞുകൂടാ എന്നു ക്രിസ്തു പ്രസ്താവിച്ചത് മാനുഷികജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ്.

## അനുബന്ധം 5

# ശിശുസ്നാനം വചനാധിഷ്ഠിതം

ശിശുസ്നാനത്തെ എതിർക്കുന്നവർ യഥാർത്ഥ സ്നാനമെന്നപേരിൽ പുതിയ സ്നാന പ്രക്രിയയ്ക്കു തുടക്കം കുറിക്കുന്നു. അറിവില്ലാത്ത കാലത്ത് സ്നാനം ലഭിച്ചവരെ പ്രായപൂർത്തിയാകുമ്പോൾ വീണ്ടും സ്നാനംനൽകി രക്ഷിക്കാൻ തീവ്രയത്ന പരിപാടികൾ ഇവർ നടത്തുന്നു. പ്രായപൂർത്തിയായവർക്കു മാത്രമേ സ്നാനം സ്വീകരിക്കാനാവൂ എന്ന വാദഗതി വചനവിരുദ്ധവും സഭയുടെ പഠനങ്ങൾക്കു നിരക്കാത്തതുമാണെന്ന് ചുവടെ ചേർക്കുന്ന പഠനം വ്യക്തമാക്കുന്നു.

**ശിശുസ്നാനത്തെക്കുറിച്ചുള്ള പുതിയ നിയമ നിലപാട്**

സഭയുടെ പ്രാരംഭംമുതൽ ശിശുക്കളെ സ്നാനപ്പെടുത്തിയിരുന്നു എന്നതിന് വേണ്ടുവോളം സൂചനകൾ പുതിയനിയമത്തിലുണ്ട്. സ്തേഫാനോസ് (1 കോറി 1, 16), കൊർണേലിയൂസ് (അപ്പ 10,1-11,18), ലിദിയ (അപ്പ 18,15-16), ഫിലിപ്പിയൻ ജയിലിന്റെ പാറാവുകാരൻ (അപ്പ 16, 25-34), കോറിന്തിൽ ക്രിസ്പൂസ് (അപ്പ 18,8) എന്നിങ്ങനെ പലരുടെയും കുടുംബങ്ങൾ ജ്ഞാനസ്നാനപ്പെട്ട വിവരം പുതിയ നിയമത്തിലുണ്ടല്ലോ. പ്രസ്തുത കുടുംബങ്ങളിലെ കുഞ്ഞുങ്ങളെയും സ്നാനപ്പെടുത്തിയിരുന്നു എന്നു തീർച്ച. 1 കോറി 7,14; മത്താ 18,10 അപ്പ 2,39 എന്നീ വേദഭാഗങ്ങളും കാണുക. അപ്പ. 2:39-ന്റെ ഒരു പുരാതന പാഠഭേദം (Western Text) "വാഗ്ദാനം നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും ഉള്ളതാണല്ലോ" എന്നാണ്.

യേശു കൈകൾവെച്ച് അനുഗ്രഹിക്കേണ്ടതിന് (മാതാപിതാക്കന്മാർ) ശിശുക്കളെ യേശുവിന്റെ പക്കൽ കൊണ്ടുവന്ന കഥ. ആദ്യത്തെ മൂന്നു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 19,13-15; മാർക്കോ 10, 19-16 ലൂക്കാ 18:15-17). ഇവിടെ

ടുത്തുവാൻ സാധിക്കയില്ലല്ലോ. സ്നാനത്താലുള്ള വീണ്ടും ജനനം ഉന്നതത്തിൽനിന്നുള്ളതാണ്. ദൈവകൃപയുടെ പ്രവൃത്തിക്ക് നമ്മുടെ സഹകരണം ആവശ്യമാണെങ്കിലും നമ്മുടെ അറിവും പ്രായവും പരിഗണിച്ച് ലഭിക്കുന്നതോ അവയാൽ നേടിയെടുക്കാവുന്നതോ അല്ല.

വിശ്വാസം നിമിത്തമുള്ള കൃപ സ്വീകരിക്കുവാൻ സ്വീകർത്താവു തന്നെ വിശ്വസിക്കണമെന്ന് എല്ലായ്പ്പോഴും നിർബന്ധമില്ല. മറ്റുള്ളവരുടെ വിശ്വാസത്താൽ രക്ഷ ലഭിച്ച അനേകരുടെ കഥകൾ ബൈബിളിലുണ്ട്. ചില ഉദാഹരണങ്ങൾ: തളർവാതരോഗി (മർക്കോ 2:5; മത്താ, 9:2; ലുക്കാ 5:20) ശതാധിപന്റെ സേവകൻ (മത്താ 8, 5-13, ലുക്ക 7:1-10) പിശാചു ബാധിതനായ ബാലൻ (മർക്കോ 9: 17-27: ലൂക്കാ 9:37-43) എന്നിവർ ബന്ധുക്കളുടെയോ പ്രിയപ്പെട്ടവരുടെയോ വിശ്വാസം നിമിത്തം രക്ഷിക്കപ്പെട്ടവരാണ്. ഈ സത്യം പൗലോസും എഴുതുന്നുണ്ട്. (1കോറി 7,12-15) ശിശുക്കളെ സ്നാനത്തിന് സമർപ്പിക്കുമ്പോൾ മാതാപിതാക്കന്മാരുടെയും തത്സ്ഥാനീയരുടെയും ബന്ധുക്കളുടേയും മറ്റു പ്രിയപ്പെട്ടവരുടെയും എല്ലാറ്റിനുപരി സഭയുടെയും വിശ്വാസം ശിശുക്കൾക്കുവേണ്ടി ഫലവത്തായിത്തീരുന്നു.

8

# ക്രൈസ്തവ സാമൂഹിക ധാർമ്മികതയും മാനവികതയും

# I

**ആമുഖം**

ക്രൈസ്തവ വിശ്വാസി സമൂഹത്തിൽ ജനിക്കുന്നു, വളരുന്നു. ശരിയും തെറ്റും നന്മയും തിന്മയും പഠിക്കുന്നതും മനസിലാക്കുന്നതും സമൂഹത്തിലൂടെയാണ്. ഇവിടെ വിശ്വാസിയുടെ ആത്മീയ ജീവിതവും സാമൂഹ്യജീവിതവും തമ്മിൽ പൊരുത്തപ്പെടേണ്ടതുണ്ട്. ആത്മീയജീവിതത്തിന്റെ പരസ്യപ്രകടനമായിരിക്കണം ധാർമിക ജീവിതം. ആത്മീയജീവിതവും, വിശ്വാസജീവിതവും വ്യക്തിപരമാണെങ്കിലും (Personal) അത് വ്യക്തിയുടെ തികച്ചും സ്വകാര്യമായ ഒരു കാര്യമല്ല. കാരണം ക്രിസ്തീയ വിശ്വാസത്തിന് അതിന്റേതായ ഒരു ധാർമികഭാവമുണ്ട്. ഇത് വിശ്വാസികൾക്കുമാത്രമല്ല ഇതര മതങ്ങളിൽ വിശ്വസിക്കുന്നവർക്കും മനസിലാകും. ക്രൈസ്തവികതയുടെ കാതൽ മനുഷ്യത്വമാണെങ്കിൽ അത് പ്രകടമാകാത്ത ജീവിതത്തെ ഏതൊരു വ്യക്തിയും ചോദ്യം ചെയ്യും. ഈ പശ്ചാത്തലത്തിലാണ് ക്രൈസ്തവധാർമ്മികതയുടെ സാമൂഹ്യമാനം കൂടുതൽ പ്രകാശിതമാക്കേണ്ടത്.

ദരർക്ക് എതിരായി തെറ്റു ചെയ്യുമ്പോഴും അവരുടെ മനസ്സാക്ഷിയെ മുറിപ്പെടുത്തുമ്പോഴും നീ ക്രിസ്തുവിനെതിരായി പാപം ചെയ്യുന്നു (1 കോറി 8,12) ഈ വചനങ്ങൾ ക്രൈസ്തവമാനവികതയുടെ അടിക്കല്ലുകളാണ്. മനുഷ്യവ്യക്തിയെന്ന പാതയിലൂടെയാണ് സഭ സഞ്ചരിക്കേണ്ടത്.

**നമുക്കും മനുഷ്യരാകാം: പാഠം ഒന്ന് – മനുഷ്യത്വം**

മനുഷ്യത്വമില്ലായ്മയുടെ ദുരന്തകാഴ്ചകൾ കണ്ടും കേട്ടുമാണ് ഓരോ ദിവസവും കടന്നുപോകുന്നത്. മാധ്യമങ്ങളിലൂടെ കടന്നുവരുന്നതും ഇതുതന്നെ. മനുഷ്യനായി ജീവിക്കുന്നതിന് ഒത്തിരിയേറെ ഗൃഹപാഠം ചെയ്യേണ്ടിയിരിക്കുന്നു. മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളേയും മനുഷ്യത്വമെന്ന അളവുകോൽകൊണ്ടു വീണ്ടും അളന്നു റീസർവ്വേ ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. യേശു ഒരു യുവാവിന്റെ മുഖത്തുനോക്കി നീറുന്ന ഒരു നേര് നേരെ പറഞ്ഞു. നിനക്കു ഒരു കുറവുണ്ട്. നിയമാനുഷ്ഠാനത്തിൽ കുറവ് ആ ചെറുപ്പകാരന് ഇല്ലായിരുന്നു. മതാനുഷ്ഠാനങ്ങളുടെ നിർവ്വഹത്തിൽ കുറവില്ലായിരുന്നു (മർക്കോസ് 10, 2). മനുഷ്യനെ മനുഷ്യനായി കാണുന്നതിൽ കുറവുണ്ടായിരുന്നു.

മനുഷ്യത്വമില്ലായ്മയെ മരണസംസ്കാരം എന്നാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പ വിശേഷിപ്പിക്കുന്നത്. ദൈവികജീവന്റെ ജീവിക്കുന്ന അടയാളമായ മനുഷ്യജീവന്റെ വളർച്ചയ്ക്കും നിലനിൽപിനും ദോഷകരമായിത്തീരുന്ന സ്ഥലസംഭവസാഹചര്യങ്ങളിൽ മരണസംസ്കാരം വളരുന്നു. സഹജീവിയെ തനിക്കിരയാക്കുന്ന സംസ്കാരമില്ലായ്മയെ ചരിത്രത്തിലുടനീളം കാണാൻ കഴിയും. ആധുനിക സംസ്കാരത്തിന്റെ വവിധ മേഖലകളിലേക്കു മരണസംസ്കാരം വളർന്നു, പടർന്നു കയറുന്നുണ്ട്. മനുഷ്യനായി ജീവിക്കുവാൻ ക്രൈസ്തവവിശ്വാസം വിശ്വാസിയെ കടപ്പെടുത്തുന്നുണ്ട്. ക്രൈസ്തവവിശ്വാസത്തിന്റെ കാതലാണ് മനുഷ്യജീവൻ. ആ ഒറ്റ കാരണത്താൽ ജീവനെ നശിപ്പിക്കുന്നതൊന്നും ക്രൈസ്തവവിശ്വാസിക്ക് ചേർന്ന തല്ല. ദൈവദാനമായ ജീവനു വിലയുണ്ട്. അതു കൂട്ടാനും കുറയ്ക്കാനും മനുഷ്യന് അവകാശമില്ല. അങ്ങനെ ചെയ്യു

പോൾപോർട്ടു കമ്പോഡിയയിലും കൊന്നൊടുക്കിയ മനുഷ്യർ മനുഷ്യക്രൂരതയുടെ ബലിയാടുകളാണ്. കമ്മ്യൂണിസ്റ്റ് നിരീശ്വരപ്രസ്ഥാനങ്ങൾ 9 ലക്ഷത്തിലധികം ക്രൈസ്തവരെ കിഴക്കൻ യൂറോപ്പിലും ചൈനയിലുമായി കൊന്നൊടുക്കി, 3000 ത്തിൽ അധികം വൈദികരെയും ബലിവസ്തുക്കളാക്കി. 1947 നു ശേഷം ഇന്ത്യയിൽ പട്ടിണിയും ദാരിദ്ര്യവും കൊണ്ട് മരിച്ചവരുടെ എണ്ണം ഇതിലും കൂടുതലാണെങ്കിലും നമ്മുടെ ചരിത്ര പുസ്തകത്തിലുള്ള ഈ ചരിത്ര ദുരന്തങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഈ കണ്ണീർ ഇനിയും അരുതേ.

മനുഷ്യത്വത്തിനെതിരെ ഇന്നു പ്രബലമാകുന്ന രണ്ടു പ്രസ്ഥാനങ്ങളാണ് മതതീവ്രവാദവും രാഷ്ട്രീയപാർട്ടികളുടെ തീവ്രവാദവും മതത്തിന്റെ കാതൽ മനുഷ്യത്വമാണെങ്കിലും മതതീവ്രവാദി അതിന്റെ പൊരുളു മനസ്സിലാക്കാതെ മതത്തിന്റെ പേരിൽ മനുഷ്യത്വത്തെ അക്രമിക്കുന്നു. മതതീവ്രവാദിയാകാൻ എളുപ്പം, മനുഷ്യനാവാൻ പ്രയാസം! മതത്തിന്റെ വിമോചനശക്തിയെ തിരിച്ചറിയാത്ത മതതീവ്രവാദി മതത്തിനും മാനവരാശിക്കുമെതിരെ തെറ്റു ചെയ്യുന്നു. ക്രൂരമായി പെരുമാറുന്നു. സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയം എന്നു വിളിച്ചതും ഈയൊരു സാഹചര്യത്തിലാണ്. രണ്ടാം ലോകമഹായുദ്ധത്തിൽ മരിച്ചതിനെക്കാൾ ആളുകൾ മതവിശ്വസത്തിന്റെ പേരിൽ കൊല്ലപ്പെട്ടിട്ടുണ്ട്. എങ്ങനെയാണ് മതവിശ്വാസിക്കു മതതീവ്രവാദിയാകാൻ കഴിയുക. ജലം അതിൽ തന്നെ ശുദ്ധമാണ്. വായുവും അന്തരീക്ഷവും അങ്ങനെതന്നെ. എന്നാൽ ഇവയെ മലിനമാക്കുന്നത് മനുഷ്യരാണ്.

**രാഷ്ട്രീയപാർട്ടികളുടെ തീവ്രവാദം**

സമീപകാലത്ത് രൂപപ്പെടുന്ന ഒരു പ്രത്യേകതയാണ് മനുഷ്യത്വത്തിനെതിരെ വളരെയധികം നാശം വരുത്തുന്ന രാഷ്ട്രീയപാർട്ടികളുടെ തീവ്രവാദ നിലപാടുകൾ. ഞങ്ങൾ പറയുന്നതുമാത്രം ശരി, നിങ്ങൾ അനുസരിക്കുക, പാർട്ടി നേതാവു പരമാധികാരിയായി മാറുന്നു. തെറ്റുകൾക്ക് അധീനനല്ല എന്ന നിലപാട്. ഇതരപാർട്ടികളെ ആദരിക്കുകയില്ല. നേതൃഹിതം നിറവേറ്റുന്നവരായി അണികളെ രൂപപ്പെടുത്തുന്നു. എതിർക്കുന്നവരെ വെട്ടിനിരത്തുന്നു.

# II

# പരിസ്ഥിതി ധാർമ്മികത

ക്രൈസ്തവ ധാർമ്മികതയെക്കുറിച്ചുള്ള പഠനത്തിലെ രണ്ടാമത്തെ ഭാഗത്തെയ്ക്ക് നമ്മൾ പ്രവേശിക്കുകയാണ്. ക്രൈസ്തവസാമൂഹ്യധാർമ്മികതയുടെ പഠന മേഖലയിൽ വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒരു മേഖലയാണ് പരിസ്ഥിതിയും അതുമായി ബന്ധപ്പെട്ട ധാർമ്മിക പ്രശ്നങ്ങളും. പരിസ്ഥിതിയുടെ സംരക്ഷണം ദൈവദത്തമായ കടമയാണ്, സാഹോദര്യത്തിന്റെ ലക്ഷണമാണ്, ഭാവിയോടുള്ള താത്പര്യത്തിന്റെ അടയാളമാണ്. മാലിന്യങ്ങളോട് നിസംഗത പാടില്ല മാലിന്യം പ്രദർശിപ്പിക്കുക സംസ്കാരമുള്ള മനസ്സിന്റെ ലക്ഷണമല്ല. ഈ പശ്ചാത്തലത്തിലാണ് പരിസ്ഥിതിധാർമ്മികതയെക്കുറിച്ച് നമ്മൾ പഠിക്കുക.

**പരിസ്ഥിതി എന്തുകൊണ്ട് ധാർമ്മികശാസ്ത്രവിഷയമാകുന്നു?**

Ecology (പരിസ്ഥിതി) എന്ന വാക്ക് 1869 ൽ, ഏണസ്റ്റ് ഹെക്കൽ എന്നയാളാണ് ആദ്യമായി ഉപയോഗിച്ചത്. പ്രകൃതിയിലുള്ള എല്ലാ ജീവജാലങ്ങളും തമ്മിലുള്ള ബന്ധവും ജീവജാലങ്ങൾക്ക് പരിസ്ഥിതിയോടുള്ള ബന്ധവുമാണ് ഈ വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. പരിസ്ഥിതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജീവജാലങ്ങൾ വളർന്നുവരുന്ന ചുറ്റുപാടാണ്. മനുഷ്യവ്യക്തികൾ എന്ന നിലയിൽ ജീവനെ സംരക്ഷിക്കുന്നതിനും വളർത്തുന്നതിനുമുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. ഇത് പരിസ്ഥിതിയുമായി ബന്ധപ്പെട്ടു നിൽക്കുന്നു: പരിസ്ഥിതിയുടെ നാശം ജീവന്റെ നാശമാണ്. ജീവന്റെ നിലനിൽപ്പ് പരിസ്ഥിതിയുടെ നിലനിൽപ്പാണ്. മനുഷ്യനും മനുഷ്യരും തമ്മിൽ മാത്രമല്ല മനുഷ്യനും പ്രകൃതിയും തമ്മിലുമുള്ള ബന്ധത്തിലും ശരിതെറ്റുകളും നന്മതിന്മകളും ഉണ്ട് ഈ ഒരു സാഹചര്യത്തിലാണ് പരിസ്ഥിതി ധാർമ്മികത രൂപപ്പെടുന്നതും ദൈവശാസ്ത്രവിഷയമായി മാറുന്നതും.

പുറപ്പെടുവിക്കുന്ന പ്രവർത്തനങ്ങൾ, ഉദാഹരണമായി, മരങ്ങൾ വെട്ടി നശിപ്പിക്കുകയും, പാടങ്ങൾ നികത്തുകയും മലകളും കുന്നുകളും നിരത്തുകയും ചെയ്യുകവഴി പരിസ്ഥിതിയ്ക്ക് അനുദിനം ക്ഷയം സംഭവിക്കുന്നു.

**1. പ്രകൃതിയെ ഒരു വസ്തുവുമായി മാത്രം കാണുന്നു**

പ്രകൃതിയോടുള്ള ആദരവ് അന്യമായി, വെറുമൊരു വസ്തുവായി മാത്രം പ്രകൃതിയെ കാണുമ്പോൾ ദൈവീകമായ ഭാവങ്ങൾ മനസ്സിലാക്കാതെ സ്വന്തലാഭത്തിനുവേണ്ടി ചൂഷണം ചെയ്യുന്ന ഒരു മനോഭാവം നമ്മിൽ രൂപപ്പെടുന്നു. പ്രകൃതിയുടെമേൽ ആധിപത്യം ദൈവം നൽകി എന്ന സത്യം വികലമായി വ്യാഖ്യാനിച്ച് ദുരുപയോഗം ചെയ്യുന്നതുവഴി പരിസ്ഥിതി ദുർബലമാകുന്നു.

"സൃഷ്ടവസ്തുക്കൾക്ക് ശ്രേഷ്ഠതയോ മേന്മയോ ഇല്ല. യഥാർത്ഥ ലോകം ('world of ideas') ചിന്തയുടെ ലോകം, വരാനിരിക്കുന്ന ലോകമാണ്. അതുകൊണ്ട് ഇവിടെയുള്ള ലോകം താത്കാലികമാണ് മൂല്യമില്ലാത്തതാണ്" എന്ന പ്ലേറ്റോയുടെ ഈ ചിന്താഗതിയുടെ ഫലമായി പ്രകൃതിയോടും പ്രകൃതിയിലുള്ളവയോടും നിഷേധാത്മക ഭാവം വെച്ചുപുലർത്തുന്ന രീതി രൂപപ്പെട്ടു. മദ്ധ്യകാല ക്രസ്തീയ സമൂഹം പ്രകൃതി ബന്ധങ്ങളിൽ ശ്രദ്ധിച്ചിരുന്നു. ഖനനം ചെയ്യുന്നതുപോലും തെറ്റായി അവർ കരുതിയിരുന്നു. ബനഡിക്ടൻ സന്യാസ സമൂഹം ജോലിയെ പവിത്രമായി കരുതുകയും കൈകൊണ്ട് അദ്ധ്വാനിക്കുന്നത് പരിശുദ്ധമായ പ്രവർത്തിയായി പരിഗണിക്കുകയും ചെയ്തിരുന്നു.

2. ശാസ്ത്രസാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രകൃതിയെ നിയന്ത്രിക്കാനും കയ്യേറാനും സാധിക്കും എന്ന ചിന്ത പരിസ്ഥിതി നാശത്തിന് കാരണമായി രൂപപ്പെടുന്നു. ഈ ചിന്ത മനുഷ്യന് പ്രകൃതിയെ ഇഷ്ടം പോലെ ഉപയോഗിക്കാനും ചൂഷണം ചെയ്ത് ലാഭം ഉണ്ടാക്കാനും പ്രേരിപ്പിക്കുന്നു.

8. പരിസ്ഥിതിയും പ്രകൃതിവിഭവങ്ങളും കുറച്ച് പേർ മാത്രം സ്വന്ത മാക്കിയാൽ മറ്റുള്ളവർക്ക് ജീവിക്കാൻ വയ്യാത്ത ഒരു സാഹചര്യം സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നത്.

9. നിലനിൽപിനുവേണ്ടിയുള്ള നിലവിളി ഒരു ധാർമ്മികമാനദണ്ഡ മായി കരുതണം. ഇടത്തരക്കാർക്ക് ജീവിക്കാൻ വയ്യാത്ത സാഹ ചര്യമാണിന്ന് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് സഹ ജീവിയെ ആത്മഹത്യാമുനമ്പിലേക്ക് പറഞ്ഞുവിടാതിരിക്കുക, സമയമെത്തുംമുൻപ് ആർക്കും യാത്രയയ്പ് നൽകാതിരിക്കുക എന്നീ ധാർമ്മിക അവബോധം ഇന്ന് ശക്തമാകണം.

**പരിസ്ഥിതി മലിനീകരണവും സാമൂഹ്യമനസ്സാക്ഷിയും**

പൊതുസ്ഥലം മലിനമാക്കുന്നവർ ജീവനും നീതിക്കും എതിരെ തെറ്റ് ചെയ്യുന്നു. വഴിയിൽ തുപ്പുകയും, മാലിന്യങ്ങൾ വഴിയിൽ നിക്ഷേപിക്കുകയും, പൊതുസ്ഥലങ്ങളിൽ വിസർജ്യങ്ങൾ നിക്ഷേ പിക്കുകയും വഴി നാടും നഗരവും മാലിന്യകൂമ്പാരമായി മാറുന്നു. മാലിന്യങ്ങൾ മറ്റുള്ളവരുടെ പുരയിടത്തിൽ നിക്ഷേപിക്കുന്നവരും വലിയ സാമൂഹ്യതിന്മയാണ ചെയ്യുന്നത്. ഇവയൊക്കെ, വൃത്തികേ ടുകളിൽ വൃത്തികണ്ടെത്തുന്ന മലയാളിമനസിന്റെ പ്രകടമായ അട യാളങ്ങളാണ്.

മാലിന്യശാസ്ത്രം (‘Garbology’) എന്ന ശാസ്ത്രശാഖ ഇപ്പോൾ വളർന്ന് വരുകയാണ്. ഒരു സമൂഹം തങ്ങളുടെ മാലിന്യങ്ങളുടെ സ്വഭാവം പഠിച്ചു സംസ്കാരത്തിന്റെ പൊതുസ്വഭാവം വിലയിരുത്തു ന്നു. മാലിന്യവും സംസ്കാരവും തമ്മിൽ ബന്ധമുണ്ട്. സംസ്കാര മഹത്വം എളുപ്പം മനസ്സിലാക്കാൻ അവരുടെ അടുക്കളയും, ടോയ്‌ലറ്റും നിരീക്ഷിച്ചാൽ മതി. സാധാരണ ഗതിയിൽ ഏറ്റവും അവസാനം ശ്രദ്ധകിട്ടുന്ന സ്ഥലങ്ങളാണ് ഇവ. ഇവിടെ ശ്രദ്ധിക്കു ന്നവർ മറ്റുരംഗങ്ങളിലും ശ്രദ്ധ കൊടുക്കും.

അന്തരീക്ഷവും, പൊതുസ്ഥലവും, മലീമസമാക്കുന്നത് നീതിബോ ധമില്ലായ്മയും, പരസ്നേഹലംഘനവുമാണ്. കാരണം ആരോഗ്യ

## അനുബന്ധം 6

# ഒന്നാം വർഷ പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ

### പാഠപുസ്തകങ്ങൾ

**തിയോളജിയ-1 വെളിപ്പെടുത്തുന്ന ദൈവം**
**തിയോളജിയ-2 സഭയും ദൈവശാസ്ത്രവും**

(ഓരോ പാഠഭാഗത്തിന്റെയും സമാപനത്തിൽ കൊടുത്തിരിക്കുന്ന ചോദ്യങ്ങളും താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങളോടൊപ്പം പരീക്ഷയുടെ ഭാഗമായി പഠിക്കേണ്ടതാണ്)

1. തിയോളജിയ എന്ന പദത്തിന്റെ ഉത്ഭവം വിശദമാക്കുക?
2. രണ്ട് വിധത്തിലുള്ള ദൈവശാസ്ത്ര രീതികളെ വിലയിരുത്തുക?
3. ദൈവശാസ്ത്രത്തിന്റെ വിവിധ ശാഖകൾ ഏവ?
4. വെളിപാടും വിശ്വാസവും തമ്മിലുള്ള പരസ്പരബന്ധമെന്ത്?
5. താത്വിക ദൈവശാസ്ത്രത്തിലെ പ്രതിപാദ്യ വിഷയം എന്താണ്?
6. ക്രിസ്തു വിജ്ഞാനീയവും സഭാവിജ്ഞാനീയവും പരസ്പരം ബന്ധിതമാണ്. വിശദമാക്കുക?
7. ദൈവശാസ്ത്രത്തിന്റെ സ്വഭാവമെന്ത്?
8. ദൈവശാസ്ത്രം സഭാത്മകമാണ് എന്നു പറയാൻ കാരണമെന്ത്?
9. ദൈവവചനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന 3 ബൈബിൾ വാക്യങ്ങൾ എഴുതുക?
10. വി. മത്തായി പുതിയ നിയമത്തിലെ പുതിയ മോശയായി ക്രിസ്തുവിനെ അവതരിപ്പിക്കുന്നതിന്റെ മൂന്നു തെളിവുകൾ എഴുതുക?
11. ബൈബിൾ രൂപികരണത്തിന്റെ 3 ഘട്ടങ്ങൾ ഏവ?
12. കാനോൻ, കാനോനിക ഗ്രന്ഥങ്ങൾ എന്നിവ എന്താണെന്ന് വിശദമാക്കുക?

30. ചരിത്രപഠനം ദൈവശാസ്ത്രത്തിൽ പ്രധാന്യം അർഹിക്കുന്നതിന്റെ കാരണമെന്ത്?
31. ന്യായാധിപന്മാരുടെ കാലഘട്ടത്തിലെ സാമൂഹിക പ്രത്യേകതകൾ വിശദമാക്കുക?
32. മത്സരബുദ്ധിയും ഭിന്നതയും ദൈവജനത്തിന്റെ നാശത്തിനു കാരണമാകുമെന്ന് ഇസ്രായേലിന്റെ ചരിത്രത്തിൽ നിന്നും വിശദമാക്കുക?
33. ദൈവജനത്തിന്റെ അവിശ്വസ്തതയ്ക്ക് മുന്നിൽ ദൈവം തന്റെ രക്ഷാകരപദ്ധതിയെ വിജയത്തിലേക്കു നയിക്കുന്നു എന്ന ആശയം ഇസ്രായേലിന്റെ ചരിത്രത്തെ ആധാരമാക്കി വിശദമാക്കുക?
34. ആരാധനക്രമവത്സരവും ആദ്ധ്യാത്മികതയും രൂപം കൊള്ളുന്നതിന്റെ ചരിത്ര പശ്ചാത്തലം വ്യക്തമാക്കുക?
35. പഴയനിയമത്തിലെ തിരുന്നാൾ ആഘോഷങ്ങൾ എപ്രകാരമാണ് പുതിയനിയമജനതയുടെയും ആദ്ധ്യാത്മികതയുടെ അടിസ്ഥാനമായിത്തീർന്നത്?
36. ആരാധാനക്രമവത്സരം ആദ്ധ്യാത്മികതയുടെ പരീശിലനകളരിയാകുന്നതെങ്ങനെ?
37. സീറോ മലബാർ ആരാധനാ ക്രമത്തിലെ 9 കാലങ്ങളുടെയും പ്രത്യേകതകളും, പ്രധാന്യവും വ്യക്തമാക്കുക?
38. മക്കബായ വിപ്ലവം എന്നാൽ എന്ത്?
39. യേശുവിന്റെ ജനനം ബി.സി. 4-ൽ ആയിരുന്നുവെന്ന് അനുമാനിക്കാനുള്ള കാരണങ്ങൾ ഏവ?
40. കൂദാശകളും ഭക്താനുഷ്ഠാനങ്ങളും യാമപ്രാർത്ഥനകളും എപ്രകാരമാണ് ആദ്ധ്യാത്മിക വളർച്ചയെ സഹായിക്കുന്നത്?
41. ഉൽപത്തി പുസ്തകത്തിലെ ആദ്യസൃഷ്ടി വിവരണത്തിന്റെ അന്തസത്ത എന്ത്?

59. മോശയെ പഞ്ചഗ്രന്ഥിയുടെ കർത്താവായി കരുതാനാവില്ല കാരണം?
60. പഞ്ചഗ്രന്ഥി ഒരു വ്യക്തി രചിച്ചതായി കരുതാൻ സാധ്യമല്ല കാരണമെന്ത്?
61. പഞ്ചഗ്രന്ഥിയുടെ രചനയ്ക്ക് പിന്നിലെ വിവിധ പാരമ്പര്യങ്ങൾ ഏവ?
62. എലോഹിസ്റ്റ് പാരമ്പര്യത്തിന്റെ ദൈവശാസ്ത്രപരമായ സവിശേഷതകൾ ഏവ?
63. നിയമാവർത്തന പാരമ്പര്യം എന്നാൽ എന്ത്?
64. പുരോഹിത പാരമ്പര്യത്തിന്റെ സവിശേഷതകൾ ഏവ?
65. സഭാനിയമത്തിന്റെ പ്രധാന്യവും ലക്ഷ്യവും വിശദമാക്കുക?
66. പാശ്ചാത്യ-പൗരസ്ത്യ സഭാനിയമങ്ങൾ ഇന്നത്തെരീതിയിൽ രൂപമാറ്റം കൈവരിച്ചതെങ്ങനെ?
67. സഭാനിയമം സഭാശുശ്രൂഷയുടെയുംസ്നേഹത്തിന്റെയും വാഹനമാകുന്നതെങ്ങനെ?
68. പാപത്തെ ബൈബിൾ എപ്രകാരമാണ് മനസ്സിലാക്കുന്നത്?
69. സ്വയാധികാരസഭ എന്നു പറഞ്ഞാൽ എന്ത്?
70. കത്തോലിക്കസഭയ്ക്കു പൊതുവായും സ്വയാധികാരസഭയ്ക്കു വ്യത്യസ്തമായിട്ടും ഉള്ള ഘടകങ്ങൾ എന്തെല്ലാം?
71. എന്തുകൊണ്ടാണ് ഓരോ സ്വയാധികാരസഭയും അതിന്റെ വ്യക്തിത്വവും, തനിമയും കാത്തുസൂക്ഷിക്കണമെന്ന് വത്തിക്കാൻകൗൺസിലും, മാർപ്പാപ്പമാരും പഠിപ്പിക്കുന്നത്?
72. പാപം അടിമത്തത്തിലേക്ക് നയിക്കുന്നു എന്ന ആശയം വിശദമാക്കുക?
73. ആദിമാതാപിതാക്കളുടെ പാപത്തോടുള്ള പ്രതികരണമെന്ത്?
74. ആദിമാതാപിതാക്കൾക്ക് ലഭിച്ച ശിക്ഷ എപ്രകാരമാണ് മനസ്സിലാക്കേണ്ടത്?